# സമത



T. K. M. College of Arts and Science 83-84

Scanned with OKEN Scanner

1983—84

# THANGAL KUNJU MUSALIAR COLLEGE OF ARTS AND SCIENCE, QUILON-5

## ANNUAL

Scanned with OKEN Scanner

EDITORIAL BOARD

Prof: S. M. Sainulabdeen M. Sc.
Prof: K. K. Abdul Kader
Prakash Mathew
(Staff Editors)
Sasanka Kumar K.
(Magazine Editor)
Pradeep Kumar
Sulfikkar
Jaffarudeen
(Associate Aditors)

Printing. Mullavanam Printers,
Karikode, Quilon-5.

Cover and Photo Printing:
Don Bosco, Quilon.

Page, Photo, Layout and Illustrated By
Sasanka Kumar.

Cover design:
Anilal.

Feature Division:
Sasanka Kumar,
Ravikumar.

Scanned with OKEN Scanner

'The glory that sheds light'



A. THANGAL KUNJU MUSALIAR

Scanned with OKEN Scanner



S. H. MUSALIAR
CHAIRMAN, Governing body.



T. KAMALUDDIN MUSALIAR
TREASURER, Governing body

Scanned with OKEN Scanner



Scanned with OKEN Scanner



**ലോകസമാധാനത്തിന്റെ സന്ദേശവാഹക**

''രാജ്യസേവനത്തിനിടയിൽ ഞാനിന്ന്

മരിക്കുകയാണെങ്കിൽ എന്റെ ഓരോ

തുള്ളി രക്തവും രാഷ്ട്രത്തെ ഉത്തേജിപ്പിക്കും.

ഞാൻ മരിച്ചാലും ഇന്ത്യ എന്നും നിലനിൽക്കണം''

ശ്രീമതി ഇന്ദിര ഗാന്ധി

Scanned with OKEN Scanner



Sasanka Kumsr K

Chief Editor

## ഇതു് ഒരാമുഖം!!

കലാലയം കൊലാലയമല്ല. ക്ഷരമല്ലാത്ത അകാരാദികൾക്കിറവിടമാണ്, മറയും, പറയും നിറയുമതിനുണ്ട്. പല സമാരംഭങ്ങൾക്കും സംരംഭം കുറിക്കുന്നു. അമർഷം മുററിനിന്ന് വർഷം ഒന്നങ്ങു കഴിഞ്ഞു. പലതും നടന്നു, നടത്തി, വിടർത്തി, പടർത്തി. ആററുനോററിരുന്നത് വിററഴിച്ചു. ഉററവരും, ഉടയവരുമരുനിന്നു. ഗുരുക്കളുടെ ഉരുക്കളായ കുട്ടികൾ വട്ടമിട്ട് ചവിട്ടി പാടി. ആർത്തുല്ലസിച്ചു. മദിച്ചു രസിച്ചു വിളിച്ചു കൂവി. അമ്പോ! താളലയങ്ങളുടെ മോദലയങ്ങൾ. എല്ലാരുമെല്ലാർക്കും താങ്ങും, പാങ്ങും. വിദ്യാലയവർഷത്തിൽ കലാവർഷം ചൊരിഞ്ഞു വിദ്യാസദ്യ കൊണ്ടു വിരുന്നൊരുക്കി. 'മാനസ'ത്തിലെ ഹംസങ്ങൾക്ക് പായസം പഥ്യമാണ്, വായസത്തിനും പായസം തഥ്യമാണ് പുളകം അതിൽ വാരിക്കോരിയിട്ടു. ചേരിയില്ല, ഭേരി മുഴങ്ങി തററുടുത്ത് ഒററക്കെട്ടായി നിന്ന് ഒരേ തീർത്ഥത്തിൽ കുളിച്ചു നിഹളിച്ചു സതീർത്ഥ്യരുടെ രേഖാ പ്രതിഫലനം പുറംചട്ടയിട്ട് രംഗത്തേക്ക് ഇതാ. വീഴ്ച അല്പം പററിപ്പോയെങ്കിലും താഴ്ചയിൽ ഇതാ കാഴ്ചവയ്ക്കുന്നു. കുറവില്ലെന്ന് തറപ്പിച്ചു പറയുന്നില്ല. മറവിയുടെ മാറാപ്പെടുക്കാൻ മറന്നില്ല. താമസം രാജസത്തിന്റെ പിന്നിലാണല്ലോ. ക്ഷമിക്കണേ തെററു ചെയ്തിട്ടുണ്ടെങ്കിൽ—നമോവാകം.

കൂപ്പുകൈയ്

നിങ്ങളുടെ ആത്മസുഹൃത്ത്

**ശശാങ്കകുമാർ.**

ചീഫ് സ്റ്റുഡന്റ് എഡിറ്റർ



Pradeep Kumar B. II nd B. Com

Associate Editors



Sulfiker A. II nd B. Com

Scanned with OKEN Scanner

# മലയാളവിഭാഗം



Scanned with OKEN Scanner

# ഉയരങ്ങളിലേക്കു്

ഷബീറാ. കെ. എന്നു്

ഫൈനൽ. എം. കോം.

ശാപത്തിന്റെ വാക്കുകൾ വളരെ പതിയെ എങ്കിലും സ്പഷ്ടമായി പുറപ്പെടുവിച്ചുകൊണ്ടു് വൃദ്ധനും നടന്നു നീങ്ങുന്നു. പലസന്ദർഭങ്ങളിലും ഇതുപോലെ വിശ്രമിച്ചു് ശക്തിസംഭരിച്ചുകൊണ്ടു് അയാൾ തന്റെ മുൻപിലുള്ള കയറ്റം കയറുന്നു.

അയാളിനും അപ്പുറം, അതെ അതിനും അപ്പുറം വളരെ മുകളിലായി ഒരു പൊട്ടുപോലെ രണ്ടുപേരെ കാണാം. അവർ രണ്ടോ ഒന്നോ? അവനും അവളും ആവാം. അവർക്കു് തളർച്ചയുടെ കാലം കഴിഞ്ഞിരിക്കുന്നു. മുകളിലേക്കു് കയറുക എന്ന ഏക ഉദ്ദേശം മാത്രം ഒരിക്കലും തിരിഞ്ഞുനോക്കുകയില്ലെന്നു് അവർ നിശ്ചയിച്ചിട്ടുണ്ടെന്നു് തോന്നുന്നു. അതാണു് നല്ലതു്. കഴിഞ്ഞ നിമിഷങ്ങളിൽ ചവിട്ടി പോന്ന സ്ഥലങ്ങളെ തിരിഞ്ഞുനോക്കാതിരിക്കുക. വിഷമങ്ങളെ ഒഴിവാക്കുവാൻ അതു് വളരെ സഹായിക്കും. വൃദ്ധന്റെ ഉപദേശങ്ങൾ കാതിൽ മുഴങ്ങുന്നു.

ഞങ്ങൾ രണ്ടുപേർകൂടിയാണു് ഈ കയറ്റം കയറാൻ തുടങ്ങിയതു്. ഞാനും വൃദ്ധനും എന്നും വൃദ്ധൻ എന്റെ ഉപദേഷ്ടാവായിരുന്നു. ഞാൻ നിയമിച്ചതല്ല. പക്ഷേ അയാൾ ആയിരുന്നു. കയറ്റത്തിന്റെ ആദ്യ പടികൾ വൃദ്ധനെക്കാളും ശക്തിയോടെ ഞാൻ ചവിട്ടിക്കയറി. അന്നു് ഞാൻ ക്ഷീണമെന്തെന്നു് അറിഞ്ഞിരുന്നില്ല. മുൻപിലുള്ള പടികൾ മാത്രമായിരുന്നു എന്റെ ലക്ഷ്യം.. വഴിയരികിലുള്ള തണൽ വൃക്ഷങ്ങളെപ്പോലും ഞാൻ ശ്രദ്ധിച്ചിരുന്നില്ല. തണൽവേണ്ടവർക്കല്ലേ വൃക്ഷങ്ങളെ ആവശ്യമുള്ളൂ. വൃദ്ധൻ പലപ്പോഴും പലയിടത്തും ഇരുന്നു. അപ്പോഴൊക്കെ ഞാൻ അയാളെ ഒരു പുച്ഛരസത്തോടെ വീക്ഷിച്ചിരുന്നു. ചിലപ്പോൾ എനിക്കു് ദേഷ്യം വന്നിരുന്നു. നാശം........ഇപ്പോഴും കയറ്റങ്ങളോടുള്ള ആസക്തി നശിച്ചിട്ടില്ല. തളർന്നു വീഴാറായിട്ടും കയറ്റങ്ങളന്വേഷിക്കുന്നു.

ഞാൻ പലപ്പോഴും അയാളോടു് പിന്മാറാനുപദേശിച്ചു. അല്ല ആജ്ഞാപിച്ചു പക്ഷെ കയറ്റങ്ങൾ എന്നും എല്ലാവരുടേയും ആഗ്രഹമായിരുന്നു. ബാലനും വൃദ്ധനും അതിനാഗ്രഹിച്ചിരുന്നു, മററാരുടേയും വാക്കുകൾ അവരെ പിന്മാററുവാൻ പര്യാപ്തമായിരുന്നില്ല.

അന്നു് ഞാൻ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. ഈ കയററം എനിക്കുമാത്രമേ കയറാൻ സാധിക്കുകയുള്ളൂവെന്നു്, വഴിയരികിൽ തളർന്നുവീണു കിടക്കുന്ന പരശ്ശതം ജനങ്ങളെ കണ്ടപ്പോൾ എന്റെ വിശ്വാസം ബലപ്പെട്ടു ആ വിശ്വാസത്തിൽനിന്നു് ശക്തിസംഭരിച്ചുകൊണ്ടു് ഞാൻ മുകളിലേക്കു് കയറി.

ആ ശക്തി........എന്നിലും വളരെ മുന്നിലായിരുന്നവർ പലരും തളർന്നു് വീഴുന്നതു ഞാൻ കണ്ടു. കയറിപ്പോയ സ്ഥലങ്ങൾ ഒന്നു് ദർശിക്കുവാൻപോലും സാധിക്കാതെ അവർതളർന്നു വീഴുന്നു. എന്റെ പോക്കിൽ ഞാൻ അവരിൽ പലരേയും ചവിട്ടി. അവർ പലപ്പോഴും കരയുന്നുണ്ടായിരുന്നു. ചവിട്ടിന്റെ വേദനകൊണ്ടാണെന്നു് തോന്നുന്നില്ല. ലക്ഷ്യത്തിലെത്താത്തതിന്റെ വേദന. എന്റെ പോക്കിൽ ആനന്ദം കണ്ടെത്തിയിരുന്നതു്. ആ വൃദ്ധൻ മാത്രം.

പക്ഷേ ഒരു പ്രത്യേക നിമിഷത്തിൽ ഞാൻ നിന്നു. തളർന്നുകിടന്നിരുന്ന അവളുടെ കരച്ചിൽ എന്റെ കയററത്തെ തടഞ്ഞുനിർത്തി. ഇതുവരെയും മുൻപോട്ടു് മാത്രം കേന്ദ്രീകരിച്ചിരുന്ന എന്റെ ദൃഷ്ടികൾ അങ്ങോട്ടേയ്ക്കു് തിരിഞ്ഞു. എന്റെ വേഗത...... എന്റെ ശക്തി.......എല്ലാം ആ നിമിഷത്തിന്റെ വിളിയിൽ തങ്ങിനിന്നു.

ഞാൻ തിരിഞ്ഞു അവളുടെ അടുത്തേക്കു് നടന്നു. അവൾ തീരെ അവശയായിരുന്നു എന്നിട്ടും കയററം കയറുവാനുള്ള ആഗ്രഹം നഷ്ടപ്പെട്ടിരുന്നില്ല. സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള അവളുടെ കരച്ചിൽ എന്നെ പിടിച്ചുലച്ചു. അവളേയും കൈയിൽ താങ്ങിക്കൊണ്ടു് പോകാമെന്നു് ഞാനുറച്ചു.

ഏന്തിയും വലിഞ്ഞും വൃദ്ധനും അവിടെയെത്തി. അവളെ അവിടെ ഉപേക്ഷിക്കുവാൻ വൃദ്ധൻ ഉപദേശിച്ചു. എന്നാൽ ധിക്കരിക്കുവാൻ തന്നെ ഞാൻ തീരുമാനിച്ചു. എല്ലാം വൃദ്ധന്റെ അസൂയയെന്നു് ഞാൻ സമാധാനിച്ചു.

വീണ്ടും ഞാൻ കയററം കയറി തുടങ്ങി. അവളേയും വഹിച്ചുകൊണ്ടു് പതുക്കെ വളരെ പതുക്കെ വൃദ്ധനും. അപ്പോഴും വൃദ്ധൻ പലതും പറഞ്ഞുകൊണ്ടിരുന്നു. പക്ഷേ അതു ശ്രദ്ധിക്കുവാൻ എനിക്കോ അവൾക്കോ മനസ്സുണ്ടായിരുന്നില്ല.

അവൾ ശക്തിപ്രാപിച്ചു വരുന്നതായി എനിക്കു തോന്നി. അതോടൊപ്പം എന്റെ ശക്തി കുറയുന്നതായും. എന്നാലും ഞാൻ സഹിച്ചു....... ക്ഷമിച്ചു എല്ലാം.......എല്ലാം. ഇപ്പോൾ വൃദ്ധനും എന്നോടൊപ്പം നടക്കാം. എന്റെ വേഗത കുറഞ്ഞിരിക്കുന്നു. ശക്തിക്ഷയിച്ചിരിക്കുന്നു. ഞാൻ തളർന്നു വീണു. അപ്പോഴേക്കും അവൾ പൂർണ്ണആരോഗ്യം വീണ്ടെടുത്തിരുന്നു.

എന്റെ വീഴ്ചയിൽ സഹതപിച്ചുകൊണ്ടു് വൃദ്ധനും എന്റെ സമീപം ഇരുന്നു. അവളുടെ കണ്ണുകൾ ആരെയോ തിരയുന്നതുപോലെ എനിക്കു തോന്നി. അപ്പോഴായിരുന്നു അവന്റെ ആഗമനം. തികച്ചും അപ്രതീക്ഷിതം എന്നാൽ അവൾ അതു് പ്രതീക്ഷിച്ചിരുന്നുവെന്നു് തോന്നുന്നു.

അവൾ അവന്റെകൂടെ പോകുവാൻ എഴുന്നേററു. എന്നോടു് യാത്രപോലും ചോദിക്കാതെ അവർ നടന്നകന്നു. അല്ലെങ്കിൽ എന്തിനെന്നോടു് യാത്ര ചോദിക്കുന്നു. എന്നെപ്പോലെത്രപേർ അവിടവിടെയായി തളർന്നുകിടക്കുന്നു. തളർച്ച ബാധിച്ചിട്ടില്ലാത്ത നിങ്ങൾ പോകൂ. സമാധാനമായി പോകൂ.

വളരെ നേരം എന്റെ അരികിലിരുന്ന ശേഷം ഇപ്പോൾ വൃദ്ധനും നടന്നു നീങ്ങുന്നു. അയാൾ ആരെയൊക്കെയോ ശപിക്കുന്നുണ്ടു്. എന്റെ കയററത്തിനു് തടസ്സം സൃഷ്ടിച്ച അവളെയാവാം. പാവം........ എന്തിനവളെ ശപിക്കുന്നു. അവൾക്കിപ്പോൾ തളർച്ചയില്ല......ഇപ്പോൾ തളർച്ചയില്ലാത്തവരെയാണു് അവൾക്കാവശ്യം അപ്പോൾ........അവൾ ചെയ്തതു് ഒരിക്കലും തെററാവുകയില്ലല്ലോ.

നിങ്ങൾ എല്ലാവരുംപോകൂ. ഇനിയും മുൻപിൽ പടികൾ കിടക്കുന്നു. ചവിട്ടിക്കയറുവാൻ ഞാൻ തികച്ചും അശക്തനാണു്. ഇപ്പോൾ എന്നെ സഹായിക്കുവാൻ മരണത്തിനു മാത്രമേ കഴിയൂ. നിങ്ങൾ കയററത്തിന്റെ ഉച്ചകോടിയിലെത്തുമ്പോഴേക്കും ഞാൻ മരണത്തെ വരിച്ചിരിക്കും. നിങ്ങൾ പോകൂ...............പക്ഷേ ഒരിക്കലും തിരിഞ്ഞുനോക്കാതിരിക്കൂ. ഉയരങ്ങളിലേക്കു്......കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്കു് അതായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം.

*

# കോമൺവെൽത്ത് രാഷ്ട്രനേതാക്കളുടെ ന്യൂഡൽഹി സമ്മേളനവും ഇന്ത്യയും

ഗോപിനാഥൻപിള്ള ജി. ചെറിയേല
ഫസ്റ്റ്. ബി. കോ.

1983 ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിലെ തിളക്കമാർന്ന ഒരു വർഷമാണ്. ഏഴാം ചേരിചേരാസമ്മേളനത്തിന് ന്യൂഡൽഹി ആതിഥ്യമരുളുകയും അതിന്റെ അദ്ധ്യക്ഷ പദവി ഇന്ത്യയ്ക്ക് ലഭിക്കുകയും ചെയ്തതോട് കൂടി ലോകസമാധാനത്തിന്റെ അഭ്യുദയകാംക്ഷികൾ ഇന്ത്യയിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം വളരെ വലുതാണ്.

കോമൺ വെൽത്ത് രാഷ്ട്രത്തലവൻമാരുടെ 7 ദിവസം നീണ്ടുനിന്ന സമ്മേളനം 1983 നവംബർ 23 മുതൽ 29 വരെ ന്യൂഡൽഹിയിലും ഗോവയുടെ തലസ്ഥാനമായ പനാജിയിലുമായി നടക്കുക ഉണ്ടായി. ലോകം ആണവ യുദ്ധത്തിന്റെ കരിനിഴലിൽ അകപ്പെട്ടിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ, ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു സമ്മേളനമായിരുന്നു ഇത്. 1950 കളിൽ എട്ട് അംഗങ്ങൾ മാത്രമുണ്ടായിരുന്ന ഇതിന്റെ അംഗസംഖ്യ 1960–ൽ 11 ആയും 1970–തിൽ 30 ആയും ഉയർന്നു. 1961–ൽ ദക്ഷിണ ആഫ്രിക്കയും 1972-ൽ ബംഗ്ലാദേശ് പ്രശ്നത്തോട് കൂടി പാകിസ്ഥാനും ഈ സംഘടന വിട്ടുപോയി. 1965-ൽ സ്വാതന്ത്ര്യം നേടിയെങ്കിലും മാലദ്വീപ് 1982-ൽ മാത്രമാണ് ഈ സംഘടനയിൽ അംഗമായത്. ഇന്നു ലോകത്തിലെ നാലിൽ ഒന്ന് ജനങ്ങൾ അതിവസിക്കുന്ന 48 രാഷ്ട്രങ്ങൾ ഈ സംഘടനയിൽ അംഗമാണ്, സാമ്രാജ്യത്വത്തിന്റെയും കോളോണിയലിസത്തിന്റെ വസന്തകാലത്ത് മൂന്നാം ലോകരാജ്യങ്ങൾ വെട്ടിപിടിച്ച് അവയുടെ സമ്പത്താകെ ചൂഷണ ചെയ്ത 'സൂര്യനസ്തമിക്കാത്ത' സാമ്രാജ്യത്തിന്റെ ഇന്നത്തെ അന്താരാഷ്ട്രബന്ധത്തിന് വിലപ്പെട്ട കണ്ണിയാണ് ഈ സംഘടന. ഒരു രാജ്യത്തിന്റെയും നയങ്ങളും പരിപാടികളും പ്രതിഫലിക്കാത്ത സ്വതന്ത്രസംഘടനയാണ് ഇതെന്നു കരുതുന്നുവെങ്കിലും പലപ്പോഴും ഇതിന്റെ നയങ്ങൾ സാമ്രാജ്യത്വ ശക്തികളെ സഹായിക്കുന്നതാണ്.

ഇരുപത്തിമൂന്നാം തീയതി ശ്രീമതി ഗാന്ധി രാഷ്ട്രത്തലവൻമാരുടെ സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് പറഞ്ഞു– ലോകസമാധാനത്തിന് വേണ്ടി ഐക്യത്തിന്റെയും പരസ്പര സഹകരണത്തിന്റെയും വേദിയിൽ ലോകരാജ്യങ്ങളെ കൊണ്ട് വരാൻ കോമൺവെൽത്ത് അംഗരാഷ്ട്രങ്ങൾക്ക കഴിയണം. അതുപോലെ അംഗരാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തിനും സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ പരമായ വികസനത്തിന് അംഗരാഷ്ട്രങ്ങൾ പരസ്പരം സഹകരിക്കണമെന്നു അവർ ഊന്നിപ്പറഞ്ഞു. കോമൺവെൽത്ത് സെക്രട്ടറി ശ്രീദത്ത്രാംഫൽ സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് അംഗരാഷ്ട്രങ്ങൾ സഹകരിക്കണമെന്നു അഭ്യർത്ഥിച്ചു. കനേഡിയൻ പ്രധാനമന്ത്രി ട്രൂഡോ, ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരറ്റ് താച്ചർ, എലിസബത്ത് രാജ്ഞി തുടങ്ങിയ പ്രമുഖർ ഈ സംമ്മേളനത്തെ പലപ്പോഴായി ആഭി സംബോധന ചെയ്തു.

ഏഴ ദിവസങ്ങൾക്ക് ഉള്ളിൽ നടന്ന ചർച്ചയുടെയും പ്രമേയങ്ങളുടെയും റിപ്പോർട്ടുകൾ ശ്രദ്ധയോട് നോക്കുന്ന ഒരാൾക്ക് ഇന്ത്യയുടെ വിദേശ നയത്തിനും വിദേശ ബന്ധങ്ങൾക്കും തീർത്തും എതിരായിട്ടുള്ളതും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഭ്രാന്തൻ സൈനിക സാമ്പത്തിക നയങ്ങൾക്ക പരോക്ഷമായി ഈ സംഘടന പിന്തുണ നൽകുന്നതായി കാണാം.

ഉൽഘാടന ദിവസം ലോകനേതാക്കളെ അഭിസംബോധന ചെയ്തുകൊണ്ട്, ബ്രിട്ടീഷ് പ്രധാനമന്ത്രി പറഞ്ഞ ഒരു സംഗതി അവികസിത
രാഷ്ട്രങ്ങളോട് ഈ സംഘടനയു
സാമ്രാജ്യത്വ കോയ്മകൾക്കും ഉള്ള
സമീപനം കൂടുതൽ വ്യക്തമാക്കുന്ന
താണ്. അവികസിത രാഷ്ട്രങ്ങ
ളുടെ പുരോഗതിക്ക് വേണ്ടി പ്രവ
ത്തിക്കാൻ മുതലാളിത്ത രാജ്യങ്ങളു
കയ്യിൽ മാന്ത്രിക വേലകൾ ഒന്നു
ഇല്ലെന്ന് ആണ് അവർ അന്നുതട്ടി മ
ളിച്ചത്. ലോകസാമ്പത്തിക സംഘ
ടനകൾ ആയ ലോകബാങ്കും, ഇൻറ
നാഷണൽ മോണിററി ഫണ്ടും മറ
അവികസിത രാജ്യങ്ങൾക്ക് കൂ
തൽ വായ്പ നല്കാൻ കഴിയു
ഇല്ലെന്നു അവർ പറഞ്ഞു. ലോകര
ജ്യങ്ങൾക്ക ഇടയിൽ സാമ്പത്തി
മായ വിടവ് ഉള്ളിടത്തോളം കാല
ലോകസമാധാനം വെറും ഒരു സ്വപ
നം ആയി അവശേഷിക്കു എന്നിര
ക്കേ അവികസിത രാജ്യങ്ങളെ സഹ
യിക്കാൻ ബ്രിട്ടനെ പോലുള്ള മുതല
ളിത്വ രാജ്യങ്ങളുടെ വൈഷമ്യം ഇ
സംഘടനയുടെ തനിനിറം വെളിവ
ക്കുന്നു. മൂന്നാം ലോകരാജ്യങ്ങളിലെ
സ്വേച്ഛാധിപതികളായ യുദ്ധക്കെ
തിയൻമാർക്ക് അണുവായുധങ്ങ
വാരി കൂട്ടാനും ആ രാജ്യങ്ങളിലെ ജ
ങ്ങളെ അടിച്ചമർത്താനും നിർലോ
മായി സഹായിക്കുന്ന ലോകബാങ്കു
ഐ. എം. എഫ് ഉം മററും മൂന്നാ
ലോകരാജ്യങ്ങളിലെ തന്നെ വികസ
നത്തിന് ദാഹിക്കുന്ന രാജ്യങ്ങൾക്ക
നേരെ പുറംതിരിഞ്ഞു നില്ക്കുന്ന നി
ത്തോട് എതിർപ്പ് പ്രകടിപ്പിക്കാ
ഈ സംമ്മേളനത്തിന് കഴിഞ്ഞില്ല
ഈ നയം ഇന്ത്യയെപ്പോലെ തൊഴില
ല്ലായ്മയുടെ രൂക്ഷതയിൽ നട്ടംതിരി
യുന്ന രാജ്യങ്ങൾക്ക് ഗുണകരമല്ല.

അംഗരാഷ്ട്രത്തിന്റെ സുരക്ഷി
തത്വം അപകടത്തിൽപ്പെടുമ്പോൾ അ
തിനോട് ശക്തമായി പ്രതികരി
ക്കാത്ത ഒരു സംഘടനയായി കോ
മൺവെൽത്ത് രാഷ്ട്രത്തലവൻമാരു
ടെ ഈ സംഘടന അധഃപതിച്ച്

രണ്ടാംലോക മഹായുദ്ധാനന്തര കാലഘട്ടത്തിലെ ഒരു ഇരുണ്ടദിനമായി 1983 ഒക്ടോബർ 25 ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുകയാണ്. അന്നാണ് കരീബിയൻ ദ്വീപസമൂഹത്തിലെ കൊച്ചുരാഷ്ട്രമായ ഒന്നര ലക്ഷത്തോളം മാത്രം ജനസംഖ്യയുള്ള കൊച്ചുഗ്രനഡയെ വളരെ കിരാതമായി അമേരിക്ക ആക്രമിച്ചത്. 1978-ൽ ഗ്രനഡയിൽ ഇടതുപക്ഷ ഗവൺമെന്റ് വന്നതിന് ശേഷം അമേരിക്കയുടെ കണ്ണിലെ കരടായിരുന്നു ഈ കൊച്ചുരാഷ്ട്രം. ഗ്രനഡയുടെ പ്രധാനമന്ത്രിയായിരുന്ന ബിഷപ്പ് മൂറിനെ അട്ടിമറിച്ച പട്ടാള നടപടിക്കു ഇടയിൽ ആണ് അമേരിക്ക, ജനാധിപത്യ വാദികളെയും സമാധാന കാംക്ഷികളെയും ഞെട്ടിച്ച് കൊണ്ട്, ഈ കിരാത നടപടി അരങ്ങേറിയത്. ആ രാജ്യത്തേക്ക് സൈനിക സാമ്പത്തിക സഹായങ്ങൾ എത്തിക്കാൻ കോമൺവെൽത്ത് രാഷ്ട്രങ്ങൾക്ക് കഴിഞ്ഞില്ല. ഈ കിരാത നടപടിയെ എതിർക്കാൻ ബ്രിട്ടീഷ് പ്രധാനമന്ത്രിക്കു ഉണ്ടായ മനഃപ്രയാസം കോമൺവെൽത്ത് രാഷ്ട്രങ്ങളെ അമേരിക്ക കാൽക്കീഴിൽ നിർത്താനുള്ള ഒരു അടവായി തന്നെ കാണണം. ശ്രീലങ്കയിലും പാകിസ്ഥാനിലും ബംഗ്ലാദേശിലും അമേരിക്കൻ സൈനിക താവളങ്ങൾ സ്ഥാപിച്ച് ഇന്ത്യയുടെ സുരക്ഷിതത്വത്തിന് ഭീഷണിയുയർത്താൻ ശ്രമിക്കുന്ന അമേരിക്കയുടെ നയത്തെ എതിർക്കുന്ന ഒരു കാര്യവും സമ്മേളനത്തിൽ പൊന്തിവന്നില്ല. അതുപോലെ ഇന്ത്യൻ മഹാസമുദ്രത്തിലെ ദിയേഗോഗാർഷ്യ ദ്വീപിൽ നിന്നും അമേരിക്കയുടെ മിസൈൽ വിക്ഷേപണ കേന്ദ്രം പൊളിച്ചു മാററി ഈ പ്രദേശം സമാധാന മേഖലയാക്കണമെന്നു ശക്തമായി കോമൺ വെൽത്ത് രാഷ്ട്രങ്ങൾ ആവശ്യപ്പെട്ടില്ല.

ഇങ്ങനെ ലോകത്തിലെ വിഭിന്ന രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇന്ത്യയുടെ നയത്തിന് എതിരും, നമ്മുടെ പ്രധാന മന്ത്രി ശ്രീമതി ഗാന്ധി പറഞ്ഞതുപോലെ നമ്മുടെ നയം മാററാൻ നമ്മളിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്ന ഈ സംഘടനയിൽ നാം തുടരുന്നതു നമ്മുടെ രാജ്യത്തിനോ ജനങ്ങൾക്കോ ഗുണകരമല്ല. 1983 ഒക്ടോബർ 27-ന് ഗോവയിൽ വച്ച് നടത്തിയ 'ഗോവാ പ്രഖ്യാപന'ത്തിലൂടെ അമേരിക്കയോടും റഷ്യയോടും ആയുധ നിയന്ത്രണത്തിനും സമാധാനത്തിനും വേണ്ടി ജനീവാ ചർച്ച പുനരാരംഭിക്കാൻ അഭ്യർത്ഥിക്കുകവഴി ലോകസമാധാനത്തിന് വേണ്ടി പ്രവർത്തിക്കാനുള്ള ഇതിന്റെ ശ്രമം ആശ്വാസകരമെങ്കിലും കോടികൾ നാം ഗോവയിലും ദൽഹിയിലുമായി ഈ സമ്മേളനത്തിന് ഒഴുക്കിയപ്പോൾ ഈ സമ്മേളനം ഏകകണ്ഠമായി എടുത്ത തീരുമാനങ്ങൾ വളരെ കുറവാണ് എന്നു കാണുന്നത് ഈ സംഘടനയുടെ പ്രസക്തി ചോദ്യം ചെയ്യപ്പെടുന്ന ഒരു സംഗതിയാണ്.

ലോകസമാധാനത്തിലൂടെയും പരസ്പര സഹകരണത്തിലൂടെയും അവികസിത രാജ്യങ്ങളെ കൈപിടിച്ച് ഉയർത്താനുള്ള ശ്രമങ്ങൾ ഒന്നും തന്നെ ഈ സംഘടനയ്ക്കു ഇല്ലെന്നു കാണാം. യൂറോപ്പിൽ ആകമാനം പെർഷിങ്ങ് II മിസൈലുകളും ക്രൂയിസ് മിസൈലുകളും സ്ഥാപിച്ച് ലോകസമാധാനത്തിനും ലോകജനതയ്ക്കും ഭീഷണിയുയർത്തുന്ന അമേരിക്കൻ പ്രസിഡൻറും യുദ്ധക്കൊതിയനുമായ റെയ്ഗന്റെ ഭ്രാന്തൻ സാമ്പത്തിക സൈനിക നടപടികൾക്കു പിന്തുണ നല്കുകയും മൂന്നാംലോക രാജ്യങ്ങളിൽ അട്ടിമറി പണികൾ യുദ്ധഉപകരണംവാരിക്കൂട്ടാൻ സ്വേച്ഛാധിപതികൾക്ക് വേണ്ടി സമ്പത്ത് ദുർവിനിയോഗം ചെയ്യുന്ന ലോകധനകാര്യ സ്ഥാപനങ്ങളെ ഉപദേശിക്കുകയും ചെയ്യുന്ന ബ്രിട്ടനും ഏറെ സ്വാധീന ശക്തിയുള്ള കോമൺവെൽത്ത് സംഘടനയിൽ നാം തുടരണമോ എന്നു നമ്മുടെ ഭരണാധികാരികൾ ചിന്തിക്കേണ്ടിയിരിക്കുന്നു. ലോകസമാധാന രംഗത്തു ചേരിചേരാ രാഷ്ട്ര നേതാവ് എന്ന നിലയിൽ നമുക്ക് നടത്താൻ കഴിയുന്ന ചെറിയ പ്രവർത്തനങ്ങളെ പോലും ഈ സംഘടനയിലെ അംഗത്വം മങ്ങലേല്പിക്കും. അതിനാൽ നമുക്ക് കരണീയമായിട്ടുള്ളത് ഈ സംഘടന വിട്ടുപോരുക എന്നതാണ്.



# എം. കോം. ടൂർ ഒരവലോകനം

**ജോൺസൺ വി. ററി.**

ഫൈനൽ എം. കോം.

ബഹുമാനപ്പെട്ട പ്രിൻസിപ്പലിന്റെ ആശംസകളോടും, പ്രിയപ്പെട്ട പ്രൊഫസറോടൊപ്പം ഞങ്ങൾ യാത്ര ആരംഭിച്ചപ്പോൾ പുതിയൊരാഹ്ലാദയാത്രയുടെയും, സൗഹൃദത്തിന്റെയും അന്തരീക്ഷം രൂപം കൊള്ളുകയായിരുന്നു.

രാത്രി 9 മണിക്ക് Madras Mail-ൽ മധുരയ്ക്ക് യാത്രയാകുമ്പോൾ പൊട്ടിച്ചിരികൾകൊണ്ടുതന്നെയായിരുന്നു തുടക്കം. വരുന്ന ദിവസത്തെ മധുരസ്വപ്നങ്ങളെ മനസ്സിൽ കണ്ടുകൊണ്ട്—ആരും ഉറങ്ങാതെ ആഹ്ലാദത്തിന്റെ തിമിർപ്പിൽ തന്നെയായിരുന്നു. രാവിലെ മധുരയിലെത്തിയപ്പോൾ കൊടൈക്കനാൽ എന്ന സ്വപ്നത്തിന് സ്വാഗതമാശംസിച്ച് ഉറക്കക്ഷീണത്തിന് വിടപറഞ്ഞു. മധുരയിൽനിന്നും ബസ്സിൽ കൊടൈക്കനാലിലേക്കായിരുന്നു യാത്ര. 4 മണിക്കൂർ നീണ്ട ആ യാത്ര സാഹസികതയുടെ നിറം കലർന്നതായിരുന്നു. കുത്തനെയുള്ള കയററത്തോടൊപ്പം hair pin വളവുകൾ. പക്ഷെ, ആരും അതോർത്ത് വിഷമിക്കുന്നതായി കണ്ടില്ല. പ്രകൃതിയുടെ അളവററ സൗന്ദര്യം. സുന്ദരമായ പ്രകൃതിദൃശ്യങ്ങൾ. കൊടൈക്കനാലടുക്കുന്തോറും തണുത്ത കാററ്, സ്പർശിക്കാൻ കൊതിവരുന്നത്, അനുഭവിച്ചാൽ മതിവരാത്ത അനുഭൂതി. ഉച്ചയ്ക്ക് കൊടൈക്കനാലിൽ എത്തിയപ്പോൾ സ്വപ്നമാണോ എന്നു തോന്നിപ്പോയി. ഭൂമിയിൽ ഇങ്ങനെയും മനോഹരമായ ദൃശ്യങ്ങളോ? പലരും അതിശയോക്തി പ്രകടിപ്പിച്ചു. 'കൊടൈ'യിലെ പ്രധാന സ്ഥലങ്ങളായ റോക്ക പില്ലർ, സൂയിസൈഡ് കോർണർ, ലേക്ക് തുടങ്ങിയ ഇടങ്ങളിലെല്ലാം കാറിൽ യാത്രചെയ്യാൻ സൗകര്യമുണ്ടായിരുന്നു. എങ്ങുനിന്നും വിട്ടുപോരാൻ തോന്നാത്ത മാനസികാവസ്ഥ. വഞ്ചി തുഴയലും കുതിരസവാരിയുമൊക്കെ മധുരിക്കുന്ന അനുഭവങ്ങളായിരുന്നു. വൈകിട്ട് ലോഡ്ജിലേക്ക് തിരിക്കുമ്പോൾ ഇരുട്ടിനോടൊപ്പം മൂടൽമഞ്ഞും. കനത്ത കമ്പിളിപ്പുതപ്പിനടിയിൽ രാത്രിയിൽ ചുരുണ്ടപ്പോഴും മനസ്സിൽ മധുരിക്കുന്ന സ്വപ്നങ്ങൾ അല്ല, യാഥാർത്ഥ്യങ്ങൾ. പിറേറന്നു കൊടൈയോട് വിടപറയുമ്പോൾ പലരുടേയും മുഖത്ത് വിമ്മിഷ്ടം. അല്പംകൂടി ഇവിടെ ചിലവഴിച്ചിരുന്നെങ്കിൽ— പലരും ഓർമ്മകൾ സൂക്ഷിക്കാൻ യൂക്കാലിപ്റ്റസ് ഓയിൽ വാങ്ങുന്നതു കണ്ടു. സമയം പാഴാക്കാതെ അന്നു രാവിലെ പത്തുമണിക്ക് കൊടൈക്കനാലിനോട് വിടപറഞ്ഞു. യാത്രയിൽ എന്തോ നഷ്ടബോധം. തിരികെ മധുരയിലെത്തിയപ്പോഴും അതു് ഞങ്ങളെ പിന്തുടർന്നു.

മധുര മീനാക്ഷിക്ഷേത്രവുംകണ്ട് മധുരയിൽനിന്നും വൈകിട്ട് മദ്രാസ്സിലേക്ക തിരിക്കുമ്പോൾ മദ്രാസ് സിററി എന്ന സ്വപ്നവുമായി എല്ലാവരും ഉറക്കംപിടിച്ചിരുന്നു. പുലർച്ചെ എത്തിയതു് മദ്രാസ് നഗരത്തിൽ. രണ്ടു ദിവസം മദ്രാസ്സിൽ ചിലവഴിച്ചതിൽ ഔചിത്യബോധമില്ലെങ്കിലും അണ്ണാ സ്ക്വയറും മറീനാ ബീച്ചും ഓർമ്മകളിൽ മായാതെ നിന്നു. മൂർ മാർക്കററും പ്യാരിമാർക്കററും ഷോപ്പിങ്ങ്കാർക്ക് പറുദീസയായിരുന്നു. പലരും ബാഗു നിറയെ സാധനങ്ങളും, രണ്ടുദിവസം മദ്രാസ് കണ്ട സംതൃപ്തിയുമായി ട്രെയിനിൽ ബാംഗ്ലൂരിലേക്കായിരുന്നു അടുത്ത യാത്ര.

ഉദ്യാനനഗരമായ ബാംഗ്ലൂരിൽ ചിലവഴിച്ച ഒരുദിവസം ശരിക്കും തിരക്കിട്ടതായിരുന്നു. ലാൽബാഗും, ഇൻഡസ്ട്രിയൽ മ്യൂസിയവും, യൂററിലിററി ബിൽഡിംഗും, അൾസൂർലേക്കുമൊക്കെ കണ്ടു് പിറേറന്നു് മൈസൂറിലേക്ക് യാത്രയായി. മൈസൂർ പാലസ് ശരിക്കും കാണേണ്ടതുതന്നെ തീർച്ചയായും അഭിമാനിക്കാവുന്ന നേട്ടം. മൈസൂറിലെ 'വൃന്ദാവൻ' ഒരിക്കലും മറക്കാത്ത അനുഭവമാണ്. മനുഷ്യമനസ്സിനെ വശീകരിക്കത്തക്ക പൂന്തോട്ടം. സംഗീതത്തിനനുസരിച്ച് നൃത്തംചവിട്ടുന്ന ഫൗണ്ടൻ. മനോഹാരിതയാർന്ന പൂന്തോട്ടങ്ങളുടെ ശൃംഖല. ഇവയുടെ പിന്നിൽ മനുഷ്യകരങ്ങളാണ് പ്രവർത്തിക്കുന്നതെന്നറിഞ്ഞാൽ മൂക്കത്ത് വിരൽവച്ചുപോകും. വൈകിട്ട് ലോഡ്ജിലെത്തി 'ആർട്ട്സ് ഗ്യാലറിയും' കണ്ട് മടങ്ങുമ്പോൾ കേരളത്തിൽനിന്നുള്ള മറെറാരു വിനോദയാത്രാസംഘത്തെ കാണാനിടയായി.

പിറേറന്നു രാവിലെ ബസ്സിൽ ഊട്ടിയിലേക്കു തിരിക്കുമ്പോൾ 'വൃന്ദാവൻ' എന്ന മാസ്മര പൂന്തോട്ടം പലരുടേയും സംസാരവിഷയമായിരുന്നു. ഉച്ചയ്ക്ക് ഊട്ടിയിലെത്തിയ ഞങ്ങൾ ബൊട്ടാണിക്കൽ ഗാർഡൻ, ലേക്ക് മുതലായവ കണ്ട് അന്നുതന്നെ മടങ്ങുമ്പോൾ അനുഭവം കൊടൈക്കനാലിലേതിൽനിന്നും വിഭിന്നമായിരുന്നില്ല! എങ്കിലും തിരികെ 'നാരോഗേജ്' ട്രെയിനിൽ മേട്ടുപ്പാളയത്തേക്കുള്ള യാത്ര ഊട്ടിയുടെ സൗന്ദര്യം ശരിക്കും ആസ്വദിക്കത്തക്കരീതിയിലായിരുന്നു. ഒരിക്കലും മറക്കാനാവാത്ത കാഴ്ചകൾ, ഇടതിങ്ങിയ പച്ചിലക്കാടുകൾ, കിഴക്കാംതൂക്കായ മലകളിൽ വെള്ളിപൂശിയ മരങ്ങൾ, മനം കോച്ചുന്ന കുളിര്, അങ്ങനെ എന്തെന്ത് അനുഭവങ്ങൾ. വർണ്ണനാതീതം തന്നെ. രാത്രി മേട്ടുപ്പാളയത്തുനിന്നും കോയമ്പത്തൂരെത്തി അന്നവിടെ വിശ്രമിച്ചു. പിറേറന്നു രാവിലെ ഐലൻറ് എക്സ്പ്രസ്സിൽ കൊല്ലത്തേക്കു തിരിക്കുമ്പോൾ പലരുടെയും മുഖത്ത് വിഷാദം നിഴലിക്കുന്നുണ്ടായിരുന്നു. യാത്ര ആരംഭിച്ചിട്ട് ഒരാഴ്ച കഴിഞ്ഞതുകൊണ്ടോ? ടൂർ തീർന്നതുകൊണ്ടോ? ആവോ.

കൊല്ലം റെയിൽവേസ്റ്റേഷനിൽ യാത്രയവസാനിപ്പിക്കുമ്പോൾ വിട്ടുപിരിയാൻ വൈമനസ്യം. എങ്കിലും സന്തോഷത്തോടുകൂടിത്തന്നെ എല്ലാവരും പിരിഞ്ഞു. വീണ്ടും കാണാമെന്ന വ്യാമോഹത്തിൽ. ഒരുപിടി ഓർമ്മകളുമായി. അല്ല, മനസ്സുനിറച്ചും താലോലിക്കുന്ന സ്വപ്നങ്ങളുമായി.

★

Scanned with OKEN Scanner

# ഒടുങ്ങാത്ത മോഹങ്ങൾ

രാധാമണിയമ്മ ഒ.

I P. D. C. $A_2$ Batch

**രേ**ഖ തന്റെ മകനെ ഉറക്കിയ ശേഷം ഒരു മാസികയുമെടുത്ത് ബെഡ്റൂമിലേക്കുപോയി. മനസ്സിന് വല്ലാത്തഭാരം. മാസികയിൽ തന്നെ ശ്രദ്ധകേന്ദ്രീകരിക്കാൻ പററുന്നില്ല. ഇന്നു് തന്റെ മകന്റെ ഡാഡി അവനെ ഉപേക്ഷിച്ചിട്ട് ദിവസം നാലു കഴിഞ്ഞു. തന്നോടുള്ള തെററിദ്ധാരണയാൽ തനിക്കു് തന്റെ വേണുവേട്ടൻ നഷ്ടപ്പെട്ടത് അവൾ വേദനയോടെ ഓർത്തു.

വീട്ടിൽ നിന്ന് ഇന്നലെയും തന്റെ അച്ഛനമ്മമാരുടെ ലററർ വന്നിരുന്നു. തനിക്കും, മകനും, വേണുവേട്ടനും സുഖമെന്നു്, അറിഞ്ഞുകൊണ്ടു തന്നെ മറുപടിയും അയച്ചു. പാവം! അവർ അതു വിശ്വസിച്ചിരിക്കും.

മനസ്സ് കടിഞ്ഞാൺ ഇല്ലാത്ത കുതിരയെപ്പോലെ, പുറകോട്ട് പായുകയാണു്.

ഓർക്കുമ്പോൾ ആവേശമുള്ള നിമിഷങ്ങൾ. പക്ഷേ ഇനി....?

കാലം ആർക്കുവേണ്ടിയും കാത്തു നിന്നില്ല. താൻ ആദ്യവർഷം കോളേജിൽ ഡി. സി. യ്ക്കു് വന്നുചേർന്ന ദിവസം! അവൾ വേദനയോടെ ഓർത്തു. ഇൻറർവ്യൂവിനു് പ്രിൻസിപ്പൽ തന്റെ പേരു് വിളിച്ചു. "രേഖ. കെ. നായർ." താനും അച്ഛനും കൂടി ഓഫീസിനുള്ളിൽ കയറി. ഇൻറർവ്യൂ കഴിഞ്ഞു. അടുത്തയാൾ "വേണുശർമ്മ" കാണാൻ സുമുഖനും, സുന്ദരനുമായ ചെറുപ്പക്കാരൻ. ആദ്യനോട്ടത്തിൽ തന്നെ അയാൾക്കു് തന്നെ ഇഷ്ടമായി. അന്നു് ഫീസടയ്ക്കാൻ പോയപ്പോൾ അവർ പരസ്പരം പരിചയപ്പെട്ടു. ആ പരിചയം.......?

വേണുവാണെങ്കിൽ ആ സ്ഥലത്തെ പ്രമുഖനും ധനാഢ്യനുമായ ഒരു വ്യാപാരിയുടെ മൂന്നു മക്കളിൽമൂത്തയാൾ. എന്നാൽ താനാകട്ടെ ഒരു പാവപ്പെട്ട കുടുംബത്തിലെ ഏക കർഷകപുത്രി.

ദിവസങ്ങളും, മാസങ്ങളും കടന്നുപോയി. രേഖാ-വേണു പ്രേമം കോളേജിലും പരിസരത്തും പരസ്യമായി. കൂട്ടുകാരികൾ തന്നെ കളിയാക്കും-ചേരുന്ന ജോഡികൾ. ക്രമേണ ഇതു തന്റെ വീട്ടിലും അറിഞ്ഞു. ശമിച്ചുകിടന്ന ലാവ പുറത്തായതിന്റെ പ്രതീതിയായിരുന്നു വീട്ടിൽ! എങ്കിലും കുറെയേറെ സാഹസങ്ങൾക്കുശേഷം തങ്ങളുടെ വിവാഹം ഒരുവിധം മംഗളകരമായി നടന്നു എന്നു പറയാം.

ആ ദിവസങ്ങൾ ആഹ്ളാദജനകമായിരുന്നു. തന്റെ വേണുവേട്ടൻ ഇന്നു് ഒരു ഉയർന്ന ബേങ്ക് ഓഫീസറാണു്. എന്നാൽ താൻ ഒരു വീട്ടമ്മയായി, തങ്ങളുടെ പ്രേമവല്ലരിയിൽ ആദ്യം വിടർന്ന കുസുമത്തെ-ഷിബുവിനെ-പരിലാളിച്ചു കൊണ്ട് വീട്ടിൽ കഴിയുന്നു.

കുറച്ചു ദിവസം മുമ്പാണ് ആ സംഭവം നടന്നത്. തന്റെ വേണുവേട്ടന്റെ ബേങ്കിലെ ഒരു ക്ലർക്കു്- ഹരി ചേട്ടന്റെ ആത്മമിത്രമാണു് ഹരി. പലപ്പോഴും ചേട്ടനോടൊപ്പം വീട്ടിൽ വരികയും വിശേഷ ദിവസങ്ങളിൽ ഞങ്ങളോടൊപ്പം സമ്മേളിക്കാറുമുള്ള ഹരിയെ ഒരു സഹോദരൻ എന്ന നിലയിൽ കാണാനേ എനിക്കു് കഴിഞ്ഞുള്ളു. എന്നാൽ ഹരിയും തന്നെ ഒരു സഹോദരി എന്ന നിലയിൽ സ്നേഹിച്ചു. ഒരു വ്യാഴാഴ്ച. വേണുവേട്ടൻ ബാങ്കിൽ നിന്നും വരുന്ന സമയത്ത് ഹരി എന്തോ ആവശ്യത്തിനായി വീട്ടിൽ വന്നു. പക്ഷേ നിർഭാഗ്യവശാൽ ചേട്ടൻ അന്നു് വൈകിയെത്തി. ഹരിയും-ഷിബുവും-ഞാനും തമ്മിൽ സംസാരിക്കുകയായിരുന്നു. എന്നാൽ മുൻകോപിയായ വേണുവേട്ടൻ തന്നെ സംശയിച്ചു. തന്നെ കണ്ണിലെ ബിന്ദുപോലെ കാത്തു സൂക്ഷിച്ച. കോളേജിൽ വച്ച് സർവ്വദാ തന്നെ തിരയുമായിരുന്ന ആ കണ്ണുകൾ അഗ്നിപോലെ ജ്വലിച്ചു. അന്ന് തന്നെ ആദ്യമായി തന്റെ വേണുവേട്ടൻ തല്ലുകയും ഹരിയെ ആക്ഷേപിക്കുകയും ചെയ്തു.

അപ്പോൾ തന്നെ തന്റെ വേണുവേട്ടൻ അവിടെ നിന്നും ഇറങ്ങി.

"വേണുവേട്ടാ..."...എന്നു് താൻ അദ്ദേഹത്തിന്റെ കാലിൽ വീണ് കരഞ്ഞപ്പോൾ—

"ഛീ...മാറെടീ; വഞ്ചകി. നിന്നെ ഞാൻ ആത്മാർത്ഥമായി സ്നേഹിച്ചു. നിന്നിൽ വലുത് ഈ ലോകത്ത് ഒന്നുമില്ലെന്നു ഞാൻ വിശ്വസിച്ചു. ആ വിശ്വാസം എന്നെ നശിപ്പിച്ചു" "എന്നു ചേട്ടൻ ആക്രോശിച്ചു. അപ്പോഴും

നമ്മു ടെ...മോ ....നെ...ഓർ....

ത്തെങ്കിലും....'

"മോൻ...? "

"അതെ" !

"ആരുടെ" ?—'ഹരിയുടെ' ?

"വേണുവേട്ടാ...! എന്റെ സഹോദരൻ" ?

"സഹോദരൻ!!! ...ഛീ-മാറിനിൽക്കെടീ..."

ആരോ കതകിൽ ശക്തിയായി മുട്ടുന്നതു കേട്ടാണു് രേഖ ചിന്തയിൽ നിന്നുണർന്നത്.

"രേഖാ..."

"..........." ?

"തുറക്കു് രേഖേ കതക്"

"..........."

"നിന്റെ വേണുവേട്ടൻ"

"ആരു്?! വേണുവേട്ടനോ? എന്റെയോ, ദൈവമേ" ?!!!

അവൾ വേഗം വാതിൽ തുറന്ന്. ആ കാഴ്ച അവൾക്കു് വിശ്വസിക്കാനായില്ല.

"ക്ഷമിക്കൂ രേഖാ: എല്ലാം ഞാൻ മനസ്സിലാക്കി." വേണു വിതുമ്പിക്കൊണ്ടു് തുടർന്നു.

"അന്നു് വീട്ടിൽ നിന്നു് അപമാനിതനായി ഇറങ്ങിപ്പോയ ഹരി ഒരു കുപ്പി വിഷത്തിൽ ജീവനൊടുക്കി. തന്റെ പേരിൽ ഒരു നിരപരാധിയുടെ ഭാവിതകർന്നതാണു് ഹരിയെ ഇതിന് പ്രേരിപ്പിച്ചത്" ക്ഷമിക്കൂ രേഖേ!— 'വേണു ഒരു വിധത്തിൽ പറഞ്ഞു നിറുത്തി—

പശ്ചാത്താപം കൊണ്ട് വിതുമ്പുന്ന മനസ്സുമായി നിന്റെ വേണുവേട്ടൻ ഇതാ മടങ്ങി വന്നിരിക്കുന്നു.

എന്നോടു ക്ഷമിക്കു രേഖേ പക്ഷേ തന്റെ സഹോദരൻ ഉണ്ടായിരുന്നെങ്കിൽ......എന്നവൾ ആശിച്ചു.

Scanned with OKEN Scanner

# മഹാനായ മനുഷ്യൻ

സഫീർ എ. I A3

ഇന്ന് കാണുന്ന സമ്പൽ സമൃദ്ധിയും ജീവിത സൗകര്യങ്ങളും ഒന്നര നൂറ്റാണ്ടിന്മുമ്പ് അമേരിക്കയിലുണ്ടായിരുന്നില്ല. അമേരിക്കയുടെ തലസ്ഥാനമായ 'വാഷിംടൺ പട്ടണത്തിൻ വർഷം തോറും ലക്ഷക്കണക്കിന് സന്ദർശകരെ ആകർഷിക്കുന്ന ഒരു പുണ്യസ്ഥലമുണ്ട്. മഹാനായ എബ്രഹാം ലിങ്കന്റെ വലിയ പ്രതിമ സ്ഥിതിചെയ്യുന്ന സ്ഥലമാണത്. 1809 ഫെബ്രുവരി 12-ന് കെൻടിക്കി എന്ന സ്റ്റേറ്റിൽ ലിങ്കൺ ജനിച്ചു. വനപ്രദേശത്ത് സ്ഥിതിചെയ്തിരുന്ന വളരെ ചെറിയ കുടിലിലാണ് ലിങ്കൺ ജനിച്ചത്. തോമസ് ലിങ്കൺ ആശാരിയായിരുന്ന എബ്രഹാം ലിങ്കന്റെ അച്ഛൻ. ലിങ്കന്റെ അമ്മയെക്കുറിച്ച് അധികമൊന്നും നമുക്ക് അറിയാൻ കഴിഞ്ഞിട്ടില്ല. വാത്സല്യവും ദൈവവിശ്വാസവും ഉണ്ടായിരുന്ന കുടുംബിനിയായിട്ടാണ് ചരിത്രം അവരെ ചിത്രീകരിക്കുന്നത്. ലിങ്കണ് 'സാറ' എന്ന് പേരായ ഒരു ജ്യേഷ്ഠത്തിയുണ്ടായിരുന്നു. മാതാപിതാക്കളുടെ രണ്ടാമത്തെ സന്താനമാണ് ലിങ്കൺ കുടുംബത്തിനാവശ്യമായ ധാന്യങ്ങളും പച്ചക്കറികളും കൃഷിചെയ്തുണ്ടാക്കുവാൻ തോമസ്ലിങ്കൺ ശ്രമിച്ചിരുന്നു. ജോലികളിൽ അച്ഛനെസഹായിക്കുന്ന സ്വഭാവക്കാരനായിരുന്നു ലിങ്കൺ. 6-ാമത്തെ വയസ്സിൽ ലിങ്കൺ എഴുത്തും വായനയും പഠിക്കുവാൻചേർന്നു. ലിങ്കന്റെ 9-ാമത്തെ വയസ്സിൽ അമ്മ മരിച്ചു. അതിന്ശേഷം തോമസ്ലിങ്കൺ വീണ്ടും വിവാഹിതനായി. ലിങ്കണും സഹോദരിയ്ക്കും ചിറ്റമ്മയെ വളരെക്കൂടുതൽ ഇഷ്ടമായിരുന്നു. "ഞാൻ ഇത്രയും നല്ലകുട്ടിയെ കണ്ടിട്ടില്ല എനിക്ക് ഒരിക്കൽപ്പോലും അവനെ ശാസിക്കേണ്ടിവന്നിട്ടില്ല" ഇങ്ങനെയാണ്. ലിങ്കണെപ്പറ്റി അദ്ദേഹത്തിന്റെ ചിറ്റമ്മ വിശേഷിപ്പിച്ചത്. ഏത് പുസ്തകവും വായിക്കുകയും രസകരമായ വാചകങ്ങൾ എഴുതിവെയ്ക്കുകയും അതിനെപ്പറ്റി ഗാഢമായി ചിന്തിക്കുകയും ചെയ്യുന്ന സ്വഭാവക്കാരനായിരുന്നു ലിങ്കൺ. വീട്ടിൽ അദ്ദേഹം പലപല വിഷയങ്ങളെക്കുറിച്ചും പ്രസംഗിക്കുമായിരുന്നു. ഇതിന്റെ അനന്തരഫലമാണ് പിൽക്കാലത്തെ പ്രസംഗപാടവം. പുസ്തകംവാങ്ങുമായിരുന്ന ആളോട് ഒരിക്കൽ ലിങ്കൺ പറഞ്ഞിരുന്നു- "വിറക്വെട്ടിയും മരംമുറിച്ചും ജീവിക്കുവാനല്ല എന്റെ ആഗ്രഹം എനിക്ക് പ്രസിഡന്റ് ആവണം" നേരംപോക്കിന് പറഞ്ഞതാണെങ്കിലും പിൽക്കാലത്ത് അത് വാസ്തവമായിത്തീർന്നു. കുതിരസവാരി ലിങ്കണ് വളരെ ഇഷ്ടമായിരുന്നു. എന്ത് ജോലിചെയ്യുന്നതിനും അദ്ദേഹം മടിച്ചിരുന്നില്ല. ഈ പ്രായത്തിൽ അടിമവ്യാപാരത്തിന്റെ അനീതിയും ക്രൂരതയുംമായാത്തവിധം അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞു. ഈ അവസരത്തിൽ ലിങ്കന്റെ സഹോദരി മരണപ്പെട്ടു.

മരംവെട്ട്കാരൻ, കച്ചവടക്കാരൻ, തോണിക്കാരൻ, പോസ്റ്റ്മാസ്റ്റർ സർവ്വേയർ, നിയമനിർമ്മാണ സഭാംഗം ഇങ്ങനെ അനേകം ജോലികളിൽ പരിചയം സമ്പാദിച്ച ലിങ്കൺ ക്രമേണ ഒരു അഭിഭാഷകൻ ആവുകയും ഈ നിലയിൽ നല്ലവിജയം നേടുകയും ചെയ്തുവെങ്കിലും അദ്ദേഹം തൃപ്തനായില്ല. രാഷ്ട്രീയ രംഗത്തിൽ ശോഭിക്കുവാനാണ് അദ്ദേഹം ആഗ്രഹിച്ചത്. 1942-ൽ എബ്രഹാം-ലിങ്കണും ടോഡിനും തമ്മിൽ വിവാഹിതരായി.

മേരിടോഡിന് നല്ല വിദ്യാഭ്യാസമുണ്ടായിരുന്നു. ലിങ്കന്റെ ഭാര്യ ദ്വേഷ്യക്കാരിയായിരുന്നു; അദ്ദേഹത്തിന് നാല് ആൺമക്കളാണുണ്ടായിരുന്നത്. വളരെ വാത്സല്യത്തോടെയാണ് ലിങ്കൺ അവരെ വളർത്തിയത്.

1860-ൽ റിപ്പബ്ളിക്കൻപാർട്ടിയുടെ സ്ഥാനാർത്ഥിയായി അദ്ദേഹം മൽസരിക്കുകയും വിജയിക്കുകയും ചെയ്തു. ഈ വിജയത്തിൽ രാജ്യത്തിലെ ജനങ്ങൾ അത്യധികം സന്തോഷിച്ചു അപ്പോൾ ലിങ്കണ് 52 വയസ്സുണ്ടായിരുന്നു. 1863-ജനുവരി 1-ന് ചരിത്ര പ്രസിദ്ധമായ വിമോചന വിളംബരം ഒപ്പുവച്ചു ഇതിലൂടെ അമേരിക്കയിലെ അടിമകളെ മോചിപ്പിച്ചു. ഭൂമിയിലെ ദൈവമായിട്ടാണ് അമേരിക്കയിലെ ജനങ്ങൾ ലിങ്കണെ കണക്കാക്കുന്നത്. "ഗെറ്റിസ്ബർ
'യുദ്ധത്തിൽ മരണപ്പെട്ടവരുടെ
സ്മരണയ്ക്ക്‌വേണ്ടി ഒരു സ്മാരകം പ
യാൻ തീരുമാനിച്ചു ഇത് സംബന്ധി
ച്ച ചടങ്ങുകളിൽ പങ്കെടുക്കാനെത്തി
യ ലിങ്കൺ ഏഴ് മിനിട്ട് നേരം മാ
മെ പ്രസംഗിച്ചുള്ളുവെങ്കിലും ഇത്ര
ഭീരമായ ആശയങ്ങളും ഇത്ര മഹത്
യ ആദർശങ്ങളും ഈ ചുരുങ്ങിയ
ക്കുകളിലൂടെ പ്രകാശിപ്പിക്കുന്ന
സംഗം ഇംഗ്ലീഷ് ഭാഷയിൽ വേ
ഇല്ലെന്ന് തന്നെ പറയാം. പ്രസി
ന്റ് സ്ഥാനത്തെ കാലാവധി തീ
റായപ്പോൾ ഞാൻ വീണ്ടും മൽസ
ക്കാൻ തയ്യാറാണെന്ന് ലിങ്കൺ പാ
ട്ടിയെ അറിയിക്കുകയും വീണ്ടും മ
സരിച്ചു തെരഞ്ഞെടുക്കുകയും ചെയ്

ലിങ്കന്റെ പ്രവർത്തനരംഗം അദ്
ഹത്തിന്റെ രാജ്യം മാത്രമായിരുന്നെ
ങ്കിലും അനീതിയും അസമത്വവും
വിടെയുണ്ടായാലും അദ്ദേഹം അസ
സ്ഥനാകുമായിരുന്നു. ലിങ്കൺ ദ
ശീലനും മഹാമനസ്കനുമായിരുന്നു
മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാ
തത്വങ്ങളിൽ അദ്ദേഹം പൂർണ്ണമാ
വിശ്വസിച്ചിരുന്നു. ഉറച്ച ഒരു ദൈ
വഭക്തൻ ആയിരുന്നു അദ്ദേഹം.

"നല്ലത് ചെയ്യുമ്പോൾ നല്ലവ
ണെന്നുള്ള ബോധവും ചീത്ത പ്രവ
ത്തിചെയ്യുമ്പോൾ ചീത്ത മനുഷ്യ
ണെന്നുള്ള ബോധവും നമുക്കു ഉണ്ടാ
ണം." എന്നുള്ള ലിങ്കന്റെ വചന
നാം എപ്പോഴും ഓർക്കേണ്ടതാണ്.
മാശ പറയുന്നതിന് അദ്ദേഹത്തി
ന് വളരെ താല്പര്യമായിരുന്നു.
ദ്ദേഹത്തിന്റെ ഹൃദയം അതിയാ
അലിവുള്ളതായിരുന്നു. എന്നാൽ
തിന്റെ ഉറപ്പും കഠിമായിരുന്നു.

വിശ്രമരഹിതമായ അദ്ധ്വായനവു
വിട്ട്പിരിയാത്ത ഉൽക്കണ്ഠയും ലി
ങ്കണെ വളരെ ക്ഷീണിപ്പിച്ചു. എങ്ക
ലും ആ മുഖം പ്രസന്നമായിരുന്നു
1865-ഏപ്രിൽ 14- ഒരു ദുഃഖവെള്ളി
യാഴ്ച എബ്രഹാംലിങ്കണും ഭാര്യയു
ഒരു 'ഫോർഡ്' തിയേറ്ററിൽ സ്റ്റേജ
ന് മുന്നിലിരുന്നു നാടകം കണ്ട്കൊ
ണ്ടിരിക്കെ ഒരു ശബ്ദംകേട്ടു കൂടെ
ഒരു സ്ത്രീയുടെ കരച്ചിലും. ലിങ്കന്റെ
തല മുമ്പോട്ട് ചാഞ്ഞു. കാണികൾ
പരിഭ്രമിച്ചു കാവൽക്കാർ പ്രസിഡ
ന്റിന്റെ ചുറ്റിനുംകൂടി. കൂട്ടത്തിൽ
നിന്ന് ഒരാൾ ഒടുന്നത് കണ്ട്. പി
ടിക്കുവാൻ കൂടെ ഓടിയെങ്കിലും ഫല
ണ്ടായില്ല. വെടിവെച്ചത് പ്രസിഡ
ന്റിനെ ആണെന്നറിഞ്ഞപ്പോൾ തി
യേറ്ററിൽ വലിയ ബഹളമായി

# ലക്ഷ്യബോധം

**രാജൻപിള്ള ജി.**

ഫസ്റ്റ്. ബി. കോം.

---

ലിങ്കന്റെ തലയിലേയ്ക്കുതന്നെ വെടി കൊണ്ടത്. ഉടനെ ബോധരഹിതനാവുകയും ചെയ്തു. ഡോക്ടർമാർ എത്തിയെങ്കിലും അവർക്ക് ഒന്നുംചെയ്യാൻ കഴിയും മുമ്പേ അദ്ദേഹം ലോകത്തോട് വിട പറഞ്ഞു. ഒരു കാലത്ത് ലിങ്കന്റെ പരമ വിരോധികളായിരുന്നവർപോലും ഈ സന്ദർഭത്തിൽ കണ്ണീർ വാർത്തു. ലിങ്കനെ വെടിവെച്ച ബൂത്തിനെ ജീവനോടെ പിടിക്കാൻ കഴിഞ്ഞില്ല. ആ ഘാതകനെ വെടിവെയ്ക്കുകയാണ്ചെയ്തത്!

ലിങ്കന്റെ മരണം അമേരിക്കൻ ജനതയെ ആകമാനം ദുഃഖത്തിൽ ആഴ്ത്തി. ഇതിൽ ഏററവും കൂടുതൽ ദുഃഖിച്ചത് അദ്ദേഹത്തിന്റെ ചിററമ്മയായിരുന്നു.

അദ്ദേഹം അസ്വതന്ത്രൻമാരുടെ ആശാകേന്ദ്രവും ജനാധിപത്യത്തിന്റെ പ്രതീകവുമായിരുന്നു. അത് കൊണ്ട് തന്നെയാണ് മഹാത്മാക്കളായ ചരിത്ര പുരുഷൻമാരുടെ കൂട്ടത്തിൽ ഒരു ഉയർന്ന സ്ഥാനം നല്കി അദ്ദേഹത്തെ ലോകം ഇന്നും ആരാധിച്ചുവരുന്നത്.

വിദ്യാലയം വിട്ടു നിങ്ങളെല്ലാം
വിസ്തൃതലോകത്തിലെത്തിടുമ്പോൾ
ആരായിത്തീരണമെന്ന മോഹം
മാറിലിരിക്കേണമേ മനസ്സിൽവേണം.
എത്താത്ത പിള്ളയിൽ നിങ്ങളൂതം.
എത്തിപ്പിടിക്കാൻ ശ്രമിച്ചിടല്ലേ!
തങ്ങൾക്കാത്മമാം മാർഗ്ഗങ്ങൾ
നന്നായ്‌വികസിതമാക്കിടേണം.
നല്ലധനസ്ഥിതിയുള്ളവരെ
അല്ലലില്ലാതവസ്ഥയിലെത്തൂ!
അല്ലായ്കിൽ സർക്കാരിൻ സ്കോളർഷി-
പ്പിൻ
പല്ലക്കിലേറി പഠിച്ചീടാൻ
നിർധനരെങ്കിലീ ജീവശാസ്ത്രം–
കർഷക വൃത്തിക്കുപകരിക്കും.
ജ്ഞാനം ഗണിതത്തിലേറെ വേണം
മാനിക്കമെഞ്ചിനീയരായിമാറാൻ
ഭാഷപഠിച്ചവർക്കെന്നെളുപ്പം
'ഭാഷണം' വാഗ്മിയായ് വേദിയിങ്കൽ
ചിത്രംവരയ്ക്കാൻ കഴിയുമെങ്കിൽ
എത്രയെളുപ്പം വളർന്നിടുവാൻ
ഗാനമൊന്നീണത്തിൽ പാടിയാലി
വാനിലുയരുന്ന വിശ്രുതിനിൻ
ആദ്ധ്യാനിച്ചീടുവാൻ ശക്തിയുള്ളോർ
അല്പബുദ്ധിക്കാർക്ക മിന്നനേകം
യന്ത്രപ്രവർത്തനം സാദ്ധ്യമാണീ
'യാന്ത്രിക'ലോകത്തിൽ നിഷ്പ്രയാസം
എത്രയോ കൈത്തൊഴിലുണ്ടിവിടെ
ഏതെങ്കിലും നിങ്ങളഭ്യസിച്ചാൽ
പന്തികേടായി തെരുവുനീളെ
അന്തിയാവോള മലഞ്ഞിടേണ്ട
മാറുന്ന സാമൂഹ്യജീവിതത്തിൽ
മാനിച്ചീടുവാൻ നിൻ വ്യക്തി ചിത്രം
വെള്ളയുടുപ്പിട്ട'' ജോലിയുള്ള
വെണ്ണിലാവിൻ തീരം തേടിയല്ലൊ!
ആറായിരം തൊഴിലുണ്ടിവിടെ
ആകാമൊരെണ്ണം തെരഞ്ഞെടുക്കാം
നിന്നഭികാമ്യ തൊഴിലുതേടി
യുന്നത പീഠ മൊന്നക്ക വേഗം

സന്തതം സാമൂഹ്യജീവിതത്തിൽ
ചിന്തണം സോദര!നിന്നഷ്ടിനേടാൻ
ലക്ഷ്യമകലെ യാണെത്തീടുവാൻ
ലക്ഷ്യബോധം വേണം ജീവിത-
ത്തിൽ.

മർഗ്ഗങ്ങളേല്ലാം നിൻമുന്നിലുണ്ട്
മാർഗ്ഗ ദർശകൻ മാസ്റ്ററുണ്ട്
ദർശനം, നിന്നുടെ ഭാവിതന്റെ
ദർശനം! വിദ്യാലയത്തിൽ വേണം!!!.

★



# മതവും മനുഷ്യനും

എ. സെയിനുദീൻ
I P.D.C. $A_4$ Batch

എല്ലാ മതവും സിദ്ധാന്തങ്ങളും സൂക്ഷ്മമായ അപഗ്രഥനത്തിൽ ഏകമാണ്. അവയുടെയെല്ലാം പരമ ലക്ഷ്യം മനുഷ്യമഹത്വത്തെ പരമോന്നതിയിലേയ്ക്ക് ഉയർത്തികൊണ്ടു വരുകയാണെന്ന് എല്ലാ മതാചാര്യന്മാരും അത്ഥശങ്കയ്ക്ക് ഇടയില്ലാത്ത ഭാഷയിൽ ഊന്നിപറഞ്ഞിട്ടുണ്ട്. ഒരു മതവും മനുഷ്യനെ ദുർമ്മാർഗ്ഗത്തിലേക്ക് നയിക്കുന്നില്ല. പക്ഷേ സ്വാർത്ഥമോഹികളായ മതമേധാവികൾ മതത്തിന്റെ പേരിൽ ജനകീയ വർഗ്ഗത്തെ കളിപ്പാവകളാക്കി മാറ്റുകയും അജ്ഞരായ മനുഷ്യന്റെ സമനിലതെറ്റിക്കുകയും ചെയ്തുവരുന്നത് ഇന്നത്തെ ലോകത്തിൽ സർവസാധാരണമാണ്.

ചുരുക്കം ചില വ്യക്തികളിൽ നിന്നും രൂപം പൂണ്ട ഇന്നത്തെ മാനവ സമൂഹം മുഴുവൻ ഒരു തരത്തിൽ സഹോദരങ്ങളല്ലേ? മാനവ സമൂഹത്തെ സമുദായം എന്ന വികൃതമായ ഇരുണ്ട ഭിത്തികൾക്കുള്ളിൽ വേർതിരിച്ചുനിർത്തി അതിനുള്ളിൽ നിന്നും കിരാതതാണ്ഡവ മാടുന്നു. മനുഷ്യന്റെ ജനനം മുതൽ അവനെ സമുദായമാക്കുന്ന ഒരു പ്രത്യേക ഇരുമ്പുചങ്ങലക്കുള്ളിലാക്കുന്നു. ഈ കെണിയിൽ കുടുങ്ങിയ മനുഷ്യനിൽ മതസിദ്ധാന്തങ്ങൾ തുളച്ചുകയറുന്നു.

ഈ പറഞ്ഞതിൽ നിന്നും ഈശ്വരവിശ്വാസം ഉപേക്ഷിക്കണമെന്നോ മതസിദ്ധാന്തങ്ങൾ വിശ്വസിക്കരുതെന്നോ അല്ല. ഈശ്വരവിശ്വാസം മനുഷ്യന് ഏറ്റവും അത്യന്താപേക്ഷിതമാണ്. ഭൗതിക ജീവിതത്തിൽ ഏറ്റവും ശാശ്വതമായിട്ടുള്ള തുറ ഇത് മാത്രമാണ് നിരീശ്വര വിശ്വാസം എന്ന ഒരു പ്രശ്നംകൊണ്ടു തന്നെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിനു കൂടുതൽ വിയോജിപ്പ് ഉണ്ടാകുന്നു. ഇന്നത്തെ അന്താരാഷ്ട്ര രാഷ്ട്രീയ സ്ഥിതിഗതികളെപ്പറ്റി ചിന്തിക്കുമ്പോൾ ശാശ്വതമായ രാഷ്ട്രീയ അന്തരീക്ഷം കമ്മ്യൂണിസ്റ്റ് രാജ്യത്തിൽ കാണുക. അതിന്റെ എതിർ ശക്തിയായി മതങ്ങളും രൂപം കൊള്ളുന്നു. മറ്റെല്ലാ സ്ഥിതിഗതികളും വെറും താല്ക്കാലികം മാത്രമാണോ എന്ന് തോന്നിപോകുന്നു. വലിയ കമ്മ്യൂണിസ്റ്റ് രാജ്യമായ ചൈനയിൽ മതസ്വാതന്ത്ര്യത്തിന് അയവ് വരുത്തേണ്ടിവന്നതും ശാശ്വത എതിർശക്തികൾ മതങ്ങളും കമ്മ്യൂണിസവുമാണെന്നുള്ളതിന് തെളിവുകളാണ്. ലോകത്തിലെ രണ്ടു വിപ്ലവശക്തികൾ മതവും കമ്മ്യൂണിസവും മാത്രമാകാൻ ഇടയുണ്ട്. ഈ വിഷയത്തിലേയ്ക്ക് കൂടുതൽ ഞാൻ കടക്കുന്നില്ല. അത് അങ്ങനെ ഇരിക്കട്ടെ.

ഇന്നത്തെ ഭൂരിഭാഗം ജനങ്ങളും ഭൗതിക സുഖങ്ങളുടെ ഒരു ചെറിയ അംശംമാത്രമേ അനുഭവിക്കുന്നുള്ളൂ. കഷ്ടതകളുടെ കേളീരംഗമാണ് ഇന്നത്തെ ലോകം. അവരിൽ ഈശ്വരത്വത്തെ കണ്ടുമുട്ടുവാൻ പ്രയാസമാണ്. സാർവഭൗതിക സുഖങ്ങളും, ലഭിക്കുന്ന ഒരു മനുഷ്യനിൽ യാഥാർത്ഥ മനശാന്തി ലഭിക്കുന്നുണ്ടോ? എത്ര ഭൗതിക സുഖങ്ങളും ലഭിക്കുന്ന മനുഷ്യനും മനശാന്തിക്കു വേണ്ടി ഉഴലുകയാണ്. ലോകത്തിൽ ഉയർന്ന സൗകര്യങ്ങൾ ലഭിച്ച ചിന്തകൻമാരായ ബുദ്ധിജീവികൾ ഈശ്വരത്വം മനസ്സിലാക്കി തരുന്നു. ഇവിടെ നമുക്ക് നിരോധിക്കാൻ സാദ്ധ്യമല്ലാത്ത ഈശ്വരത്വത്തെകണ്ടുമുട്ടുന്നു.

മതങ്ങൾ മനുഷ്യന് ആവശ്യം വേണ്ടതാണ്.

പക്ഷേ മത സിദ്ധാന്തങ്ങൾ മനുഷ്യനെ സൻമാർഗത്തിലേക്ക് നയിക്കുന്നതായി മതമേധാവികൾ തത്വത്തെ മുറുകെ പിടിച്ചു. മനുഷ്യത്വ ചിന്ത ചവിട്ടി മെതിക്കുന്നു. ഇങ്ങനെ സമൂഹത്തെ ക്രൂരതകാട്ടുന്നു. മാതാപിതാക്കൻമാർ കർത്തവ്യമെന്ന പേരിട്ടു അവയുടെ പരമലക്ഷ്യം മനസ്സിലാക്കാതെ ആബദ്ധപരീക്ഷണത്തിന്റെ മുമ്പിലേക്ക് ഹൃദയങ്ങളെ വീണ്ടും വീണ്ടും വലിച്ചെറിയുന്നു. ഈ അപരിഹാര്യമായ പ്രവണത എന്നു അവസാനിക്കുമോ ആവോ?

*



യൂണിയൻ ചെയർമാൻ

അബ്ദുള്ളാ ഷാഫി



വൈസ് ചെയർമാൻ

ജയശ്രീ



ജന: സെക്രട്ടറി

അൻസാരി

Scanned with OKEN Scanner



സലിം I st P. D. C.



രാജൻ എസ്. II P. D. C.



ഇക്ക്ബാൽ എം. I st D. C.



**Shobana Kumari**



ശ്രീകുമാർ II D. C



ജോയി എ. എസ് III D. C.

വനിതാ പ്രതിനിധികൾ



നാസിലാബീഗം



നിസാർ II P.G.



Bizar A. (Arts Club Secretary)



Sasanka Kumsr K.

Chief Editor



Abdul bari

(University Union Executive Member)

യൂണി:
യൂണി:
കൗ
ൺ
സി
ലേ
ഴ്സ്



Radhakrishna pillai G.

(The first student of this college elected to the senate of university of Kerala)

Scanned with OKEN Scanner





**ഫോട്ടോഗ്രാഫിമത്സരം**

ഒന്നാം സമ്മാനം മിനി. എസ്

III B. Sc Zoo.



# ആദ്യസമാഗമ വേളയിൽ

സുജാ എസ്സ്. മേനോൻ
II. P. D C. D2 ആലുവ

എത്രയെത്ര ദിനങ്ങളിൽ കൊതി,
പൂണ്ടു നിന്നുടെ പാദ-
ത്തെത്തി കൈകളുയർത്തി, നിൻകര
സ്പർശനത്തിനു വേണ്ടി ഞാൻ.........
ഒന്നു കോരിയെടുക്കുവാനൊത്ത,
ചുംബനം തവ ചെഞ്ചൊടി,
തന്നിലെന്റെ പ്രണയ മുദ്ര,
പതിച്ചിടുവതിനായി ഞാൻ,
ഓടിയെത്തി യൊരായിരം ദിന,
മമ്പിളിക്കലെ വാനിതിൽ
പുഞ്ചിരിച്ചിളം ചില്ലയിൽ നവ
രാഗ ചന്ദ്രിക വാഴ്ത്തവേ...........

ഞങ്ങൾ കണ്ടു ദിവസവും പല
വിശപരഹാസ്യവു മോതി ഞാം,
നെഞ്ചിലു മതിലൊന്നു മെത്തിയ-
തില്ല ഞങ്ങടെ ബന്ധം............
നിന്റെ കണ്ണിലുതിർന്ന ബാഷ്പ
കണങ്ങളും ചുവ തിന്നു ഞാം,
ന്നിന്നുടെ യാജ്ഞ വാങ്ങു
വതിനു ശബ്ദമുയർത്തവേ-
കൺകളിൽ ജല ധൂളികൾ നവ-
രക്ത മാലികയെന്ന പോൽ
ഉതിർന്നു തീർന്നു. വരുന്നു കണ്ടതു-
നോക്കി വിസ്മയം ചകിതനാ-
നായ്........

നിന്നു തേങ്ങി, നീ, യെന്റെ മാറി-
ലമർത്തി നിൻ മുഖമപ്പോഴും,
എന്തിനോ തേങ്ങിടുന്നു നീ
എന്തിനെന്നെക്കഴച്ചു നീ..........?
അന്തിയിൽ പല സംഗമങ്ങളി,
ലെന്നപോലെ മൊഴിഞ്ഞു നീ,
യില്ലി നീത്തമ്മിലെങ്ങിനെ നമു,
ക്കീവിധം കണ്ടിരിക്കവോ,
നായിടുന്നു ഗതിയിഗ്നിയൊരു
മർത്ത്യനെന്ന വരിക്കെകിൽ
മാലയിട്ട് കരം പിടിച്ചു......ഹൊ!
വയ്യിനിയൊട്ടു ചൊല്ലുവാൻ.

# നൊമ്പരം

**ഗ്രേസി ഫിലിപ്പ്**

I P. D. C I $C_2$

എന്റെ ഓർമ്മയുടെ ഓളങ്ങൾക്ക് ശക്തിയേറി. ഒന്നും ഓർക്കാനുള്ള പ്രായമല്ലാ, എങ്കിലും അവയ്ക്ക് ശക്തിക്ഷയമില്ലല്ലോ!

എല്ലാം മിഥ്യ എന്ന ബോധം നാളെ തന്റെ ജീവിതത്തിന്റെ അല്ല തന്റെ ഭാവിയുടെ വിധിനിർണ്ണായക ദിനമാണ്.

"എന്തിന് ഞാൻ പഠിച്ചു" എപ്പോഴും ഞാൻ സ്വയം ചോദിക്കാറുള്ള ചോദ്യമാണ്.

പഠിക്കേണ്ടില്ലായിരുന്നു. എന്തിൽ ഒരു പെണ്ണായ ഞാനും തെണ്ടിയായി വളർന്നേനെ. ഒരു പക്ഷെ അതായിരുന്നില്ലേ ഭേദം. എന്തിൽ ഇന്ന് ആരുടെയും മുമ്പിൽ യാചിക്കേണ്ടി വരുമായിരുന്നില്ല. ഞാൻ നേടിയ വിദ്യ ഇന്ന് തനിയ്ക്കൊരു ശാപമായി മാറിയിരിക്കുന്നു. ഒരിക്കലും മോചനമില്ലാത്ത ശാപം. ഈ ശാപം പടർന്ന് പന്തലിക്കുകയാണ്.

എന്തിനുവേണ്ടിയാണ് ഈ പുറപ്പാട്. ഒന്നും വ്യക്തമല്ല. വെറുമൊരു വ്യാമോഹം.

ബി. എസ്. സിയ്ക്ക് ഫസ്റ്റ്ക്ലാസ്സിൽ പാസ്സായി. എന്നിട്ടും എന്റെ ആഗ്രഹം അടങ്ങിയില്ല.

പഠിക്കണം, വലുതാവണം, ഇന്ന് തന്നെ വെറുക്കുന്നവരെല്ലാം ബഹുമാനിക്കണം.

ഓ; എനിക്കൊന്നും ഓർക്കാൻ വയ്യ ഞാൻ എങ്ങനെ പഠിക്കും. കഷ്ടപ്പാടുകളും, യാതനകളും സഹിച്ചു. മാത്രമല്ലേ ഇത്രയും വളർത്തിവലുതാക്കിയതു്. ഇനിയും അമ്മയെ ബുദ്ധിമുട്ടിക്കുന്നതു് ശരിയല്ല- എന്നാലും എം. എസ്. സിയ്ക്ക് പഠിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. എം. എസ്സ്. സിയ്ക്ക് ചേരുവാനുള്ള ആപ്ലിക്കേഷൻ അയച്ചു. പ്രവേശനത്തിനുള്ള മെമ്മോ കാർഡും കിട്ടി. ഇത്രയും ദിവസം അമ്മയെ അറിയാതെവച്ചു. പക്ഷെ നാളെയാണ് പ്രവേശനത്തിനുള്ള അവസാനദിവസം.

എനിക്ക് പഠിക്കാൻ സാധിക്കുമോ? ഇല്ല. ഒരിക്കലും സാധിക്കുകയില്ല. എങ്ങനെ സാധിക്കാനാണ്? ആരാണ് എനിക്ക് പണം തരിക.

[illegible] അറിഞ്ഞിട്ടുകൂടിയില്ല. അവർ അറിയരുത്. ഇല്ല ഞാൻ ഒരിക്കലും അറിയിക്കില്ല. ഇനിയും അവർ എനിക്കുവേണ്ടി കഷ്ടപ്പെടരുത്. എത്രയോ കാലം കൊണ്ട് എന്റെ അമ്മ എനിക്കുവേണ്ടി 'തീ' തിന്നുന്നു. ഒന്നും ഓർക്കാൻ എനിക്ക് ശക്തിയില്ല. ആകെ ഞാൻ ക്ഷീണിതയായിരിക്കുന്നു. എന്നാലും ഒരിക്കലും മറയാത്ത ചില ചിത്രങ്ങൾ ചിത്രശലഭങ്ങളെപോലെ പറന്നും [illegible]ത്തിൽകൂടി തെന്നിത്തെന്നി തെളിഞ്ഞു [illegible].

പോയകാലങ്ങളിൽ നടന്നതും ഒരിക്കലും മറക്കാനാവാത്തതുമായ ആ സംഭവം ഓർക്കുമ്പോൾ ഇന്നും എന്റെ മനം തകരുന്നു.

അന്ന് തനിക്ക് ആറോ ഏഴോ വയസ്സു് പ്രായംവരും. എന്നിട്ടും അവയൊന്നും എന്റെ കളങ്കമാകുന്ന മനസ്സിൽ നിന്ന് മാഞ്ഞുപോയിട്ടില്ല.

അതായതു്, പതിവുപോലെ അന്നും തന്നേയും മടിയിലേററി പപ്പയുടെ വരവും കാത്തമ്മയിരുന്നു. ദൂരെ വെച്ചുതന്നെ പപ്പവരുന്നതു് കണ്ടു. കുടിച്ചു ലക്കില്ലാതെയുള്ള വരവാണ്. തിരുവാതിരകളിക്കാരെപ്പോലെയുള്ള ചുവടുവയ്പ്പ്. മുഖമാകെ കടിച്ചുലക്കുണതാണ്. എനിക്ക് നല്ല രസം തോന്നി. പെട്ടെന്ന് എന്റെ മനസ്സിലൂടെ ഭയത്തിന്റെ കൊള്ളിമീൻ പാഞ്ഞു.

പപ്പയുടെ ഇങ്ങനെയുള്ള വരവു് കണ്ടാൽ പിന്നെ ഞാൻ വല്ല കട്ടിലിന്റെയോ, മേശയുടെയോ അടിയിൽ കയറി ഒളിച്ചിരിക്കുകപതിവാണ്. അല്ലെങ്കിൽ അമ്മയ്ക്ക് കൊടുക്കുന്ന പോലൊന്ന് എനിക്ക്കൂടി തന്നാൽ ഞാൻ ചത്തതു തന്നെ, ഓ, ഓർക്കാൻ കൂടിവയ്യ, ഓടിപോയി കട്ടിലിൻ ശരണം പ്രാപിച്ചു. അവിടിരുന്നു ഞാൻ ഒളിഞ്ഞു നോക്കി, അയ്യോ, ഞാൻ സ്തംഭിച്ചുപോയി.

പപ്പയുടെ മർദ്ദനമേററ് കമഴ്ന്നു കിടന്ന് കരയുന്ന അമ്മ. അവ്യക്തമായി എന്തെല്ലാമോ പുലമ്പുന്ന പപ്പ ഇതു കണ്ടപ്പോൾ എനിക്ക് പപ്പയോട് വല്ലാത്ത ദേഷ്യം തോന്നി. എന്തെങ്കിലും കൈയിൽ കിട്ടിയിരുന്നെങ്കിൽ രണ്ടുകൊടുത്തുകളയാം എന്നു തന്നെ വിചാരിച്ചു. പക്ഷേ പപ്പയുടെ മുഖത്തൊന്ന് നോക്കാൻകൂടി ശക്തിയില്ല.

[illegible] ജീവിതം [illegible] ത്തിച്ചിരിക്കുന്നു. ഞാൻ [illegible] പപ്പയെ [illegible] [illegible] എന്റെ [illegible] എന്റെ അമ്മയുടെ [illegible] [illegible] വിരുദ്ധമാണ്", ഞാൻ [illegible] ടിച്ച് [illegible] ക്കി.

[illegible] ടിച്ചിട്ടുണ്ട്".

[illegible] [illegible] ന്നു.

അവസാനം അമ്മാവൻ ഉറക്കെ എന്റെ പപ്പയോട് പറഞ്ഞു.

"ഇങ്ങനെ പട്ടി പോലെ, ഇ[illegible] ഈ പടി നീ ചവിട്ടരുത്" [illegible].

"ഉം, ഇതുവരെ സഹിച്ചു. നി[illegible] [illegible] [illegible] [illegible] ഇ[illegible] ടെ [illegible]. ഉം-കടക്ക് പുറത്ത്

"അതല്ല, അതല്ല" അങ്ങനെ [illegible] തല്ല്." അമ്മ ചാടി എണീറ്റ[illegible]. "പിരിയാതിരിക്കട്ടെ, നി[illegible] [illegible], ഇത്രയും കാ[illegible] ഞാൻ സഹിച്ചു. ഇനി ഇതു് ഇ[illegible] ടെ നടപ്പില്ല.

നിന്നെ നോക്കാൻ എന്നെ കൊ[illegible] സാധിക്കും. ഇനിയും നിനക്കി [illegible] യുടെ തല്ല് കൊള്ളണമോ അവ[illegible] ന്റെ പാട്ടിന് പോകട്ടെ.'

ഇതു കേട്ട് അമ്മ തേങ്ങിക്കര[illegible] പിന്നൊരു നിമിഷം പപ്പ അവ[illegible] നിന്നില്ല.

പപ്പ എന്തോ ആലോചിച്ചുറച്ച[illegible] ലെ നടന്നു. പിന്നീട് ഈ പടി [illegible] വിയിട്ടില്ല.

ഇതു് ഒന്നും ഓർത്തു് സമയം [illegible] യാനില്ല. നാളെയാണ് കോളേജ[illegible] ചേരാനുള്ള അവസാന ദിവസം.

ഒരു ലക്ഷ്യവുമില്ല. വെറും മൃഗ[illegible] ഷ്ണ, എവിടെപ്പോകും.

ആരോട് യാചിക്കും.

അമ്മാവനാണെങ്കിൽ പണ്ടേ [illegible] ഞൊഴിഞ്ഞതാണ്.

ബി. എസ്. സിയ്ക്ക് ഫൈന[illegible] പഠിക്കാനുള്ള പണമടയ്ക്കണം ഒരു [illegible] വൃത്തിയില്ല.

ആദ്യമായി അമ്മാവനോട് യാ[illegible] ച്ചു വിവരങ്ങളെല്ലാം പറഞ്ഞു. പക്ഷേ അമ്മാവന്റെ മറുപടി തന്നെ വല്ലാ[illegible] വേദനിപ്പിച്ചു.

"എനിക്ക് പിള്ളേര് മൂന്നാ[illegible]

ണ്ട്. അവരുടെ കാര്യം നോക്കണേ 'നീ മററാരോടെങ്കിലും ചോദിക്ക്'!

തന്റെ ചങ്ക് ഇടിഞ്ഞുപോയി. പക്ഷെ അല്പംപോലും ദുഃഖംതോന്നിയില്ല. പപ്പയെ ആട്ടിയിറക്കിയ, അമ്മയ്ക്ക് ധൈര്യം നൽകിയ അതേ അമ്മാവനാണോ ഇതെന്ന് ഞാൻ ശങ്കിച്ചു. സാരമില്ലമ്മാവാ–എനിക്കിതിൽ സന്തോഷമേയുള്ളൂ. നീറിനീറിപ്പിടയ്ക്കുന്ന ഹൃദയവ്യഥയോടെ അഭിലാഷങ്ങൾ എരിഞ്ഞു ചാമ്പലായ മരുപ്പറമ്പിൽ മുറിവേററ ഹൃദയവുമായി നടക്കുമ്പോൾ "ലീജാ" പുറകിലൊരു വിളി. മനോജായിരിക്കും എന്റെ നടത്തയ്ക്ക് ശക്തികൂടി തിരിഞ്ഞുനോക്കേണ്ട എന്നു കരുതി, എങ്കിലും ഞാൻ നോക്കിപ്പോയി.

“ലീജാ പിണങ്ങി പോകയാണോ?”

“എന്തിനാ–” ചെറു നീരസത്തോടുകൂടി ഞാൻ മനോജിനോട് ചോദിച്ചു.

അപ്പോൾ മനോജ് ചോദിക്കുന്നു, ലീജയുടെ പപ്പ ലീജയെ എന്തൊക്കെയോ പറഞ്ഞു.”

ഇല്ല മനോജേ. ഒന്നും എന്റെ പപ്പ എന്നെ പറഞ്ഞില്ല. എന്നു പറഞ്ഞു ഞാൻ വേഗം നടന്നു'

അപ്പോൾ മനോജ് പറയുന്നു “ലീജ പിണക്കവുമായി പോകരുത്. എനിക്കുവേണ്ടി”

അവസാനവാക്കുകൾ ഗദ്ഗദത്താൽ വ്യക്തമായില്ല.

ഇല്ല മനോജേ, എനിക്കാരോടും പിണക്കമില്ല. എന്നോട് പിണങ്ങാതിരുന്നാൽ മതി. അയ്യോ, ഇതു് ഒന്നും പറഞ്ഞുനില്ക്കുവാൻ സമയമില്ല. എനിക്ക് കോളേജിൽ ചേരേണ്ട അവസാനദിവസമാണ് നാളെ. ഇനി അമ്മാവൻറടുത്തേക്ക് ഞാൻ പോവുകയില്ല. മാററാരുണ്ട് എനിക്ക് ആരും ഇല്ല. അപ്പോഴാണ് ഓർമ്മ വന്നതു്. എനിക്കൊരു പപ്പഉണ്ടല്ലോ. പതിമൂന്ന് വർഷം മുൻമ്പ് തന്നെ ഉപേക്ഷിച്ചുപോയ തന്റെ പ്രിയപ്പെട്ട പപ്പ തന്നെക്കണ്ടാൽ അറിയുമോ? അറിയില്ലെങ്കിൽ ഞാൻ എങ്ങനെ പരിചയപ്പെടുത്തും.

എന്തായാലും പപ്പയുടെ അടുത്തു് പോകുക തന്നെ.

പണ്ട് അമ്മാവൻ ആട്ടിയിറക്കിയ പപ്പ തന്നെയും ആട്ടിയിറക്കിയാൽ! ഒരിക്കലും ഉണ്ടാവില്ല. എത്രയോ വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇന്നതെല്ലാം മറന്നുകാണും, അല്ലെങ്കിൽ ഞാൻ എന്തു് തെററ് ചെയ്തു.

എട്ടും പൊട്ടും തിരിയാത്ത കുട്ടിയായിരുന്നില്ലേ?

ഇത്രനേരം എവിടെയായിരുന്നു. എന്ന് പറഞ്ഞ് ആട്ടിയിറക്കിയാൽ, വേണ്ട, പോകണ്ട, ആരുടെയും അടുത്ത് യാചിക്കേണ്ട, അമ്മ അറിയാതെങ്കിൽ എന്നെ ശകാരിക്കും.

പക്ഷെ എന്റെ മനസ്സെന്ന ത്രാസ് ഇടത്തോട്ടും, വലത്തോട്ടും ശക്തിയായി ആടുന്നു.

സമയം വളരെയേറിയിരിക്കുന്നു ഇനി ആലോചിച്ചുനിൽക്കാൻ നേരമില്ല.

പോവുക തന്നെ. കാലുകൾ നീട്ടിവച്ചു നടന്നു. കുറെ നടക്കണം, ബസ്സുണ്ട്, പക്ഷെ വേണ്ട- നടക്കാം ലക്ഷ്യപ്രാപ്തിക്കുവേണ്ടി എന്തും സഹിക്കാം.

പച്ച പരവതാനിവിരിച്ച നെൽപ്പാടങ്ങൾ കടന്നുവേണം പോകാൻ. അവയുടെ ഇടയിലുള്ള വരമ്പേനടക്കുമ്പോൾ മനസ്സിനൊരുന്മേഷം തോന്നി. സായം സന്ധ്യയായിരിക്കുന്നു. വളരെ ദൂരം പിന്നിട്ടു. എന്നിട്ടും എനിക്ക് അല്പംപോലും ക്ഷീണം തോന്നിയില്ല. വീടടുത്തിരിക്കുന്നു. പെട്ടെന്ന് എന്റെ മനസ്സിന്റെ സമനിലതെററി. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് രണ്ടും കല്പിച്ച് ഗെയ്ററ് ഞാൻ തള്ളിത്തുറന്നു അകത്തു കയറി.

പേടിച്ചുപോയി. കുരച്ചുകൊണ്ടൊരുനായ് തന്റെ നേരെ എടുത്തുചാടി. ഭാഗ്യം, അതിനെ പൂട്ടിയിരിക്കുകയാണ്. അകത്തു നിന്നൊരു ആൺകുട്ടി ഇറങ്ങിവന്നു.

ആരാണെന്നുള്ള ചോദ്യവുമായി നില്ക്കുന്ന ആൺകുട്ടി.

ഒരു നിമിഷം ഞാൻ ചിന്തിച്ചു. പപ്പയുടെ മകനായിരിക്കും. എന്തു് ചോദിക്കണം ആരെക്കാണാൻ വന്നു എന്ന് പറയണം. ഈ ആൺകുട്ടി ആരായിരിക്കും. മകനാണെന്ന് തിട്ടമുണ്ടായിരുന്നെങ്കിൽ പപ്പയുണ്ടോ എന്ന്ചോദിക്കാമായിരുന്നു. എന്തു് പറയണമെന്ന്കുഴങ്ങി ഏതായാലും ചോദിച്ചു.

ജോയി.........സാർ ഉണ്ടോ? തന്റെ സ്വരം പതറിയോ!

“ഉണ്ട്”, പപ്പ അപ്പുറത്തുണ്ട്, കയറിയിരിക്കൂ’’ വേണ്ട, ഞാൻ ഇവിടെ നില്ക്കാം പെട്ടെന്നവൻ അകത്തേയ്ക്കുകയറിപ്പോയി.

അപ്പോൾ ഇവൻ പപ്പയുടെ മകൻ തന്നെ എന്റെ ആങ്ങള.......... തനിക്കാകെ വെപ്രാളമായി. എന്താണ് സംഭവിക്കുവാൻ പോകുന്നതു്. അല്പമാലോചിച്ചുനിന്നു “ഉം, നീയോ? എന്തിനിവിടെ വന്നു?” പരുഷസം കലർന്ന ഉറക്കെയുള്ളചോദ്യം.

എന്റെ നാവ് താണുപോയി എല്ലാ ശക്തിയും ചോർന്നുപോയിരിക്കുന്നു. ഒരു പ്രതിമകണക്കെ നിന്നു. അപ്പോൾ ഞാൻ ഓർത്തു–വരേണ്ടിയിരുന്നില്ല. പപ്പ വെറുതെ പറഞ്ഞതായിരിക്കും. പെട്ടെന്ന് തല ഉയർത്തിനോക്കി. വീണ്ടും അതേ ചോദ്യം “നീ എന്തിനിവിടെ വന്നു എന്ന്’’, ‘ഉം, നാണംകെട്ടപരിഷകൾ പറഞ്ഞയച്ചിരിക്കുന്നു’’ ഇതു് കേട്ടപ്പോൾ ആകെ ഞാൻ തളർന്നുപോയി. താഴെ വീഴാതിരിക്കാൻ വേഗം ജനാലയഴികളിൽ കയറിപ്പിടിച്ചു.

പപ്പപിന്നെ എന്തെല്ലാമോ പറഞ്ഞു. ഞാൻ ഒന്നും കേട്ടില്ല. എന്റെ ഓർമ്മശക്തി നശിച്ചുപോയിരിക്കുന്നു. പിന്നെ ഒരു നിമിഷം ഞാനവിടെ നിന്നില്ല. വേഗം ഞാൻ ഇറങ്ങി നടന്നു.

എന്റെ മനസ്സ് വിങ്ങുകയാണ്. കണ്ണുകൾ ചെറുകല്ലോലിനികളായി മാറി. പെട്ടെന്നാണ് എനിക്ക് പരിസരബോധമുണ്ടായതു്.

ഞാൻ നടുറോഡിലൂടെയാണ് നടക്കുന്നത്.

പെട്ടെന്ന് കണ്ണുകൾ തുടച്ച് വേഗം നടന്നു.

എന്റെ മനസ്സൊരു മരുഭൂമിയായി മാറിയിരിക്കുന്നു ചുട്ടുപൊള്ളുന്ന പൊള്ളയായ മരുഭൂമി.

പെട്ടെന്ന് ഞാൻ ഞെട്ടി. അങ്ങ്, മാമലകളിൽ എവിടെയോ നിന്ന് ഒഴുകിവരുന്ന കുയിൽ നാദം.

കൂ, കൂ, കൂ

എവിടെയോ ഇരുന്ന് തന്നെ കളിയാക്കുന്ന കുയിലുകൾ.

ഞാൻ വേഗം തിരിഞ്ഞുനോക്കി. അപ്പോൾ മനോജായിരുന്നു കുയിലുകളുടെ സ്വരത്തിൽ എന്നെ കളിയാക്കിയത്.

ഞാനറിയാതെ നാണിച്ചുതല താഴ്ത്തി.

ഞാനിങ്ങനെ നഷ്ട സ്വപ്നങ്ങളുമായി നടന്നുനീങ്ങുമ്പോൾ. മനോജായിരുന്നു കുയിലുകളുടെ സ്വരത്തിൽ എനിക്ക് ആശ്വാസം നല്കിയത്. പാവം മനോജ്. എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒരേയൊരു വ്യക്തിയാണ് മനോജ്.

ഞാൻ കോളേജിൽ പഠിക്കുമ്പോൾ പരിചയപ്പെട്ട ഒരു വ്യക്തിയായി രുന്നു മനോജ്. ഇന്നതു് സ്നേഹത്തിൽ കലാശിച്ചു. “ഞങ്ങളുടെ സ്നേഹം ആരുമാരും അറിയാത്തതായിരുന്നു. ഞങ്ങളുടെ സ്നേഹം ആരായാലും കണ്ണ് കൊതിക്കുന്നതായിരുന്നു.’’

ശേഷം III - ൽ

Scanned with OKEN Scanner

# കാനൽജലം

വിജയൻപിള്ള. ജി.

I. D. C സുവോളജി.

ഇടവമാസം. കറുത്തിരിണ്ട ആകാശം. ഭീകരതയുടെ കരിനിഴൽ വിരിയിക്കുന്ന ഇടിമിന്നൽ. ക്ലോക്ക് പന്ത്രണ്ട് പ്രാവിശ്യം ശബ്ദിച്ചു. താൻ ഇത്രനേരമായിട്ടും ഉറങ്ങിയിട്ടില്ല എന്നോർത്തപ്പോൾ ദു:ഖം തോന്നി. ജീവിക്കാൻ വേണ്ടി ജീവിക്കുന്നവർ. ജീവിതം തന്നെ മറന്നു കൊണ്ടുള്ള ജീവിതങ്ങൾ. ഒരൽപ്പ സുഖത്തിനു വേണ്ടി എന്തു ചെയ്യാനും മടിക്കാത്ത മനുഷ്യ രൂപം പൂണ്ട മൃഗങ്ങൾ. ജീവിതത്തിനു വേണ്ടി സ്വന്തം ശരീരം വിൽക്കുന്നവർ. അങ്ങനെ എത്രതരം ജീവിതങ്ങൾ. താൻ എന്തൊക്കെയോ ആലോചിച്ചു് കൊണ്ടു കിടന്നു. അങ്ങകലെ എക്സ് പ്രസ്സ് ട്രെയിൻ ചീറികൊണ്ടു പോകുന്ന ശബ്ദം ചെവിയിൽ തുളച്ചു് കേറി. പിന്നിട്ട വഴികൾ എവിടെയൊക്കെയോ തപ്പിതടഞ്ഞു. ഇതുവരെയുള്ള ജീവിതത്തിൽ എന്തൊക്കെ സംഭവിച്ചിരിക്കുന്നു. എല്ലാവരുടെയും ഇതുപോലെ ആയിരിക്കുമോ?. കലാലയ ജീവിതത്തിൻെറ അവസാനം ദു:ഖകരം തന്നെയാണു്. കോളേജിൽ ചേരാൻ പോകുമ്പോൾ ആരോ അച്ഛനോടു് പറയുന്നതു കേട്ടു പിള്ളാരെ കോളേജിൽ ചേർത്താൽ വഴിപിഴച്ച് പോകുമെന്നു്. എന്തോ എനിക്ക് അങ്ങനെ തോന്നിയില്ല. കോളേജിലെ പുതിയ അന്തരീക്ഷം എന്തെന്നില്ലാത്ത ഒരനുഭൂതി ഉണ്ടാക്കി. പുതിയ കൂട്ടുകാർ. പുതിയ ആശയങ്ങൾ. ദിവസങ്ങൾ മാസങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു. പലപ്പോഴും എന്നെ ശ്രദ്ധിക്കാറുണ്ടായിരുന്നു. കണ്ണുകൾ! എന്തെങ്കിലും ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷേ വല്ലാത്ത നാണം. ആരെങ്കിലും കണ്ടാലോ. ചിന്തകളുടെ ലോകത്തിൽ വിഹരിച്ച് കൊണ്ടിരുന്ന ഞാൻ അപ്രതീക്ഷിതമായി കണ്ടുമുട്ടി

ഗീതേ........

എന്താ രമേശ്.........

എനിക്ക്—

പറയാൻ ഒരു നൂറു കൂട്ടം കാര്യങ്ങൾ ഉണ്ടായിരുന്നു. എല്ലാം പറയേണ്ട രീതിയിൽ മനസിൽ കുറിച്ചിട്ടതാണു്. എന്നിട്ടതിപ്പോൾ എല്ലാം തൊണ്ടയിൽ കുരുങ്ങി കിടക്കുന്നു.

നോക്കെടി...കോളേജ് ഹീറോയിൻ എന്നു സ്വയം നടിക്കുന്നു. പ്രീത അടുത്തു നിന്ന സിന്ധുവിനെ തട്ടികൊണ്ടു് പറഞ്ഞു. രണ്ടുംകൂടി ഈയിടയായി അടുപ്പത്തിലാ ലതയുടെ കമൻറ്.

എന്നാ തുടങ്ങിയതു്......വാഹിദിൻെറ ചോദ്യം.

വരു ഗീതേ, നമുക്കു് സ്വൽപ്പം മാറിനിന്നു് സംസാരിക്കാം ഗീതേ കണ്ടു് നേരിട്ടു് ഒരു കാര്യം സംസാരിക്കണം എന്നു് വളരെ നാളുകളായിട്ടു് ഞാൻ ആഗ്രഹിച്ചിരുന്നു. ഇപ്പോഴാണു് അതിനൊരവസരം കിട്ടിയതു്.

എന്താ രമേശ് പറയാനുള്ളതു്?... അവൾ മുഖം ഉയർത്തികൊണ്ടു് പറഞ്ഞു.

പറയുന്നതുകൊണ്ടു് ഗീതയ്ക്ക് എന്നോടു് വിരോധം തോന്നരുതു്.

ഞാൻ ഗീതയെ വളരെയധികം ഇഷ്ടപെടുന്നു. കുറച്ചു നാളുകളായി പറയാനാഗ്രഹിച്ചിരുന്നതാണു്.

ഞാൻ പാവപ്പെട്ടവളാണു് രമേശ് പാവപ്പെട്ട ഒരു കൃഷിക്കാരൻെറ മകളാണു്. എന്നെ വെറുതേ വിട്ടേക്ക് രമേശ്.

ഇല്ല ഗീതേ...... പണമുണ്ടെന്നു് ഞാൻ ചോദിച്ചില്ലല്ലോ. പണത്തെ ഞാൻ ഒരിക്കലും സ്നേഹിക്കുന്നില്ല.

ഗീതേ......

എന്താ ഒന്നും മിണ്ടാത്തതു്.

ഉം.........

എന്താ കരയുകയാണോ?

മുഖം കുനിച്ചുനിന്ന അവളെ പി... ടിച്ചു് അരികിൽ നിർത്തി, അവളു... ടെ കവിൾത്തടങ്ങളിലൂടെ ഒഴുകി... റങ്ങിയ കണ്ണുനീർ തുടച്ചു് മാറ്റി... നിൻെറ എല്ലാ വേദനകളും ഞാൻ ... നസ്സിലാക്കുന്നു. ഈ ലോകത്തി... ദു:ഖവും സുഖവും ജീവിതത്തിൻെ... ഭാഗങ്ങളാണു്– ഗീതേ.

ഗീത വളരെ ഭംഗിയായി പാ... ണം

എനിക്കൊരു ജോലി കിട്ടിയാലുടനെ ഞാൻ നിന്നെ വിവാഹം കഴിക്കും.

ഞാൻ പോകട്ടേ രമേശ് സമയം ... ളരെയായിരിക്കുന്നു.

ഹോ, ശരിയാണു് സമയം പോ... യതറിഞ്ഞില്ല.

അവൾ നടന്നു പോകുന്നതു കണ്ട... സന്തോഷത്തോടെയാണെങ്കിലും ന... റഞ്ഞ കണ്ണുകളുമായി ഞാൻ നോക്കി... നിന്നു.

കാലം കടന്നു പൊയ്ക്കൊണ്ടിരു... ന്നു. തൊഴിൽ തേടിയലഞ്ഞ എന... ക്കു് ഒരു ചെറിയ ജോലികിട്ടി... പ്പോൾ സന്തോഷത്തിനതിരില്ലാ... രുന്നു.

അപ്പോയിൻറ് മെൻ്റ ഓർഡറു... യി ഞാൻ അവളെ കണ്ടുമുട്ടി... പ്പോൾ കെട്ടിപ്പിടിച്ചു പോയി. എൻെറ ഗീതേ......

എന്താടാ നീ കിടന്നു പിച്ചും പേ... യും പറയുന്നതു്. നേരം എട്ടുമണി... യായല്ലോ. ഇതുവരെ എഴുന്നേൽക്കാ... റായില്ലേ. അമ്മയുടെ ശകാര വാക്കു... കൾ കേട്ടു ഞാൻ ഞെട്ടി ഉണർന്നു.

പ്രിയപ്പെട്ടതേതോ നഷ്ടപ്പെട്ട... തോർത്തു് ഞാൻ അനങ്ങാതെ ക... ലിൽ അമർന്നു് കിടന്നു.



Scanned with OKEN Scanner

III-ൽ നിന്നും തുടർച്ച

ഏറ്റവും ഒടുവിൽ എനിക്ക് കോളേജിൽ പഠിക്കുവാൻ പണമില്ലാതെ വന്നപ്പോഴും എന്റെ മനോജായിരുന്നു എന്നെ സഹായിച്ചത്.

എന്നെ പപ്പ ഉപേക്ഷിച്ച അവസരത്തിൽ എനിക്ക് തുണയായിട്ടുള്ളത് മനോജായിരുന്നു.

അതാ, എനിക്ക് ഓർക്കുവാൻ പോലും വയ്യാ, ഞാൻ എം. എസ്. സിക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോൾ ''എന്റെ അമ്മയും എന്നെ വിട്ട് ഈ നശ്വരമായ ലോകത്തോട് യാത്രപറഞ്ഞിരിക്കുന്നു.''

എനിക്കിനി മനോജ് മാത്രമേയുള്ളൂ. എന്നെ ഒരിക്കലും ഉപേക്ഷിക്കരുത്. ഇങ്ങനെ രണ്ട് മൂന്ന് വർഷങ്ങൾ കഴിഞ്ഞുപോയി.

ഞങ്ങളുടെ ചെറുപ്പത്തിലേയുള്ള സ്നേഹവും, ഞങ്ങളുടെ മനസ്സിൽ ഉദിച്ച സ്വപ്നങ്ങളും ഏറ്റവും ഒടുവിൽ നിഷ്ഫലമായി പോയിരിക്കുന്നു. മനസ്സിലെ കിനാവുകളെല്ലാം തകർന്നു പോയിരിക്കുന്നു. ഇതിന്റെയെല്ലാം കാരണം, ഞങ്ങളുടെ, മതം രണ്ട്, ജാതി രണ്ട്, ഈ രണ്ട് കാരണങ്ങൾ മുഖാന്തരം ഞാൻ അനാഥയായി പോയിരിക്കുന്നു.

അതോടെയെന്റെ പഠിത്തവും നശിച്ചു. മധുരിച്ച സ്വപ്നങ്ങളെല്ലാം നിരാശയായി.

“ഈ ലോകം നശ്വരമാണ്. ഈ ലോകത്തിലുള്ളതെല്ലാം നശ്വരമാണ്.''

രണ്ട് കാരണങ്ങൾകൊണ്ട് മനോജ് എന്നെ വിട്ടുമാറിയപ്പോൾ, ആരുമില്ലാത്ത ജീവിതം നശ്വരമാണെന്ന് വിശ്വസിച്ചുകൊണ്ടും, സകല ദൈവത്തോടും ഞാൻ ചെയ്ത പാപത്തിന് ക്ഷമ ചോദിച്ചുകൊണ്ടും, അന്ത്യനിമിഷത്തിനുള്ളിൽ എന്റെ നഷ്ടസ്വപ്നങ്ങളുടെ നൊമ്പരവും പേറി, വിങ്ങുന്ന മനസ്സോടെ, വിറയാർന്ന പാദവുമായി ലക്ഷ്യമില്ലാതെ ഞാനീ നശ്വരമായ ലോകത്തോട് യാത്ര പറഞ്ഞു.

# “തെരുവിന്റെ പുത്രൻ”

A. SHAHUBANATH
II A3

പ്രഭാതം പൊട്ടിവിടരുകയായിരുന്നു. പക്ഷികൾ കല പില ശബ്ദം പുറപ്പെടുവിച്ചു് കൊണ്ട് കൂടുവിട്ടിറങ്ങി. നഗരം നിദ്ര വിട്ടുണർന്നു. വാഹനങ്ങൾ ശബ്ദം പുറപ്പെടുവിക്കാൻ തുടങ്ങി. “ഛീ- എണീരടാ. അവനു ഉറങ്ങാൻ കണ്ട ഒരു നേരം” കടത്തിണ്ണയിൽ ചുരുണ്ടു കിടന്ന പൊന്നുവിനെ കടയുടെ വാച്ചർ തട്ടിയെണീൽപ്പിച്ചു. അവൻ ചാടിയെണീററ് ശരിക്കു ആഹാരം കഴിച്ചിട്ടു കുറെ ദിവസങ്ങളായി വല്ലാത്ത ക്ഷീണം തന്നെത്താൻ പറഞ്ഞു.

“നിന്നോടല്ലേ പറഞ്ഞതു എണീറ്റു പോകാൻ?” വാച്ചർ അവന്റെ തലയ്ക്കിട്ടു് ഒരു ഞൊട്ടുകൂടി വച്ച് കൊടുത്തു. അഴിഞ്ഞു പോകാൻ പോകുന്ന ട്രൗസർ ഒന്നുകൂടി ഇറുക്കി കെട്ടികൊണ്ടവൻ നടന്നു. ഫാക്ടറി ജോലി കഴിഞ്ഞു വരുന്നവരുടെ തിരക്ക് റോഡിൽ അനുഭവപ്പെട്ടു തുടങ്ങിയിരുന്നു. അവൻ ഒരു വലിയ ഹോട്ടലിന്റെ പിൻ പുറത്തേക്കു് നടന്നു എന്തെങ്കിലും ഉച്ഛിഷ്ടങ്ങൾ കാണാതിരിക്കില്ല.

എച്ചിൽ തൊട്ടിയുടെ ചുററും നേരത്തേ സ്ഥാനം പിടിച്ചിരുന്ന ആ കിഴവൻ ചാക്കോയും അയാളുടെ മക്കളും പിന്നെ കുറെ പട്ടികളും.

‘ഇവിടെ രക്ഷയില്ലല്ലോ. അവൻ തന്നെ പഴിച്ചു” പ്രപഞ്ച മാതാവ് ജന്മം നൽകിയതിനു നിരപരാധികളായ ഞങ്ങൾ എന്തു പിഴച്ചു. എന്ന ചോദ്യവുമായി നിൽക്കുന്ന പട്ടികളോടു അവനു ദേഷ്യം തോന്നി. ഒരു ഒമ്പതു വയസ്സുകാരൻ ആഹാരം കിട്ടാനവകാശമില്ലേ? അവൻ തന്നത്താൻ ചോദിച്ചു. കൊട്ടാരം പോലത്തെ കാറുകളെയും അതിൽ നിന്നു പുറത്തേയ്ക്കു് നോക്കി നിൽക്കുന്ന നായ്ക്കളേയും അവൻ ഓർത്തു. ഇന്നാളൊരുവൻ പറയുന്നതവൻ കേട്ടു് സുഹൃത്തേ എന്റെ പട്ടികൾ അൾസേഷ്യനാ ദിവസം പത്തു പതിനഞ്ചു രൂപയുടെ ചെലവുണ്ടെന്നു. അഭിമാനത്തോടെ അഹങ്കാരത്തോടെയാണവൻ പറഞ്ഞിരുന്നതു്. ഒരു നേരത്തെ ഭക്ഷണമെങ്കിലും കഴിക്കാൻ ആശിച്ച് നിൽക്കുന്ന എത്രയെത്ര പിഞ്ചു ബാലൻമാർ എന്നോടൊപ്പമുണ്ട്. ഒരു പട്ടിയുടെ വില പോലും ഞങ്ങൾക്കില്ല. അവൻ ആലോചിച്ചു. മറുപടി പറയാൻ ആരുണ്ടു്. അവൻ നടന്നു നടന്നു് ആ തീവണ്ടി പാളത്തിലെത്തി രണ്ടു പാളങ്ങൾ കണ്ണെത്താത്ത ദൂരത്തിൽ നീണ്ടു കിടക്കുന്നു. അവ ഒരുമിച്ച് ചേരുകില്ല. ആ പാളങ്ങൾക്കു ഒരു ലക്ഷ്യമുണ്ടു്. അതു് ആ ഒൻപതു വയസ്സുകാരനറിയില്ല. അവൻ പാളങ്ങളുടെ ഓരം പററി നടന്നു. എങ്ങോട്ടെന്നില്ലാതെ.

# നിഴൽ ചിത്രങ്ങൾ

പത്മകുമാർ, കെ. പി

III ബി. എസ്. സി ബോട്ടണി

മഴ തീർന്നു, നേരം ഏതാണ്ടു് വെളുക്കുവാൻ വട്ടംകൂട്ടുന്നു. തണുപ്പിന്റെ കാഠിന്യം കൂടിവരുന്നു. ഓലത്തുമ്പുകളിൽ കൂടി വെള്ളത്തുള്ളികൾ ഇററിററു വീണുകൊണ്ടിരുന്നു. മരങ്ങളുടെ ശാഖകൾ കാററത്തു് ആരേയോ മാടിവിളിക്കുന്നതുപോലെ കാണിക്കുന്നു. ആകാശം ഭാഗികമായി മേഘാവൃതമായിരുന്നു. ഞാൻ കണ്ണു തിരുമി നോക്കി സമയം 5 കഴിഞ്ഞു. ഇന്നത്തെ ജോലി നല്ലതുതന്നെ മനുഷ്യന്റെ സൗന്ദര്യ അസ്വാദ്യത. ഒരു ഫോട്ടോഗ്രാഫർ എന്ന നിലയ്ക്കു് ക്യാമറ പ്രകൃതിയുടെ തനിമ ഒപ്പിയെടുക്കണം. എനിക്കു പ്രകൃതിയെ ഇഷ്ടമാണു്. ഞാൻ പ്രകൃതിയെ സ്നേഹിയ്ക്കുന്നു. എന്നെ അവൾ വഞ്ചിക്കുകയില്ല എന്നു വിശ്വസിക്കുന്നു. അവളുടെ രൂപം ആണു് എന്റെ മനസ്സിൽ അവളുടെ മുഖമാണു് എന്റെ ഫോട്ടോയിൽക്കൂടി കാണുന്നതു്. ഞാൻ നിന്നെ സ്നേഹിയ്ക്കുന്നു. നീ എന്നെ സ്നേഹിച്ചില്ലെങ്കിൽ കൂടിയും, കാരണം ഞാനൊരു ആണും, മനുഷ്യ വർഗ്ഗവും ആയിപ്പോയില്ലേ. നിന്നെപ്പോലെ എനിക്ക് പററോ.

ചിലപ്പോഴക്കേ നീ മുഖവും വീർപ്പിച്ചുകൊണ്ടു നടക്കുന്നതു കാണും നിന്നിലെ ദ്വേഷ്യം കാണുമ്പോൾ എനിക്കു ചിരിവരും. ഞാൻ ചിരിക്കുന്നതു കാണുമ്പോൾ നീ കുറെക്കൂടി അസ്വസ്ഥയാകും. നിന്നിൽ അസ്വസ്ഥത എന്തെന്നുള്ളതു് ദൈവം തന്നില്ലായിരുന്നെങ്കിൽ നിന്നിലുള്ള സൗന്ദര്യവും, നിന്റെ മുഖവും ആരും കാണാൻ ഇല്ലായിരുന്നേനെ റോസ്ചെടിയുടെ ദയനീയമായ നോട്ടം കണ്ടിട്ടു് ഇന്നലെ സാരമായി എന്തോ ബാധിച്ചതു പോലെയാണു്. ദൂരേ മാനത്തു ഒരു വെള്ളകീറു് പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. മാവിൻ കൊമ്പത്തെ കൊക്കു് ചിറകടിച്ചു് പറന്നുപോയി, ഒരു പുതിയ ദിവസത്തിന്റെ തുടക്കം. ഇന്നലെയുടെ അവസാനം ഒരു പുതിയ ജീവൻ തുടങ്ങുവാനുള്ള ദിവസം. സൂര്യന്റെ സംരംഭത്തിനു് മൂർച്ച കൂട്ടുന്ന ബാലർക്കന്റെ ഇളം ചൂടു് ഏൽക്കുവാൻ എനിക്കു് കൊതിയാവുന്നു. നിന്റെ മനോഹാരിതയെ മനസ്സിലാക്കാൻ എനിക്കു് കഴിയുന്നില്ലല്ലോ എന്നു് പൂർണ്ണമായി തോന്നുന്നു. മനുഷ്യൻ പൂർണ്ണതയിലേയ്ക്കു് പോകുവാൻവെമ്പൽ കാട്ടുന്നു. ദിവസങ്ങൾ മരിക്കുന്നു. മരിച്ച ദിവസത്തിനു് കണക്കില്ലാ. കൂട്ടത്തോടെ പറന്നകലുന്ന പറവകൾ സന്തോഷമായി നീങ്ങുന്നു. ഈ നല്ല മുഹൂർത്തം കണി കാണാൻ കഴിഞ്ഞതിൽ സന്തോഷിയ്ക്കുന്നു. മനസ്സിനു് ഒരു അലതല്ലൽ. എന്നും ഇങ്ങനെ തന്നെ യാവണേ എന്നു പ്രാർത്ഥിച്ചു. എന്റെ ഗ്രാമം. എന്റെ നാടു് എന്തെല്ലാം കാര്യങ്ങൾ നീ. യില്ലാതെ ഒന്നും തന്നെ നടക്കുകയില്ല. പ്രകൃതിയുടെ ആരാധകൻ എനിക്കുള്ള കൂട്ടുകാർ കുറെ പുസ്തകങ്ങൾ അവർ എന്നെ ഒരിക്കലും വഞ്ചിക്കുകയില്ല. പക്ഷേ നിന്നെ വിശ്വസിക്കാനാവില്ല നിന്നിലുള്ള വികാരത്തെ പിടിച്ചടക്കുവാൻ നിനക്കു് തന്നെ കഴിയാതെ വന്നേക്കാം അതു് നിന്റെയും എന്റേയും കുഴപ്പം അല്ല ദൈവത്തിനുള്ള കടപ്പാടാണു്. ഒരു പുതിയ ജീവിതം തരുന്ന കൂട്ടുകാർ എന്റെ ഏകാന്തതയ്ക്കു് ഒരു സ്ഥലം, കൂട്ടുതരുന്നതും ഒരിക്കലും വേർപിരിയാത്ത കൂട്ടുകാർ എന്റെ മനസ്സിൽ അതിലെ ഒരു ജീവിതത്തേയും കാണാൻ ഞാനഗ്രഹിയ്ക്കുന്നു. അവരുടെ സുഖങ്ങളിലും. ദുഃഖങ്ങളിലും പങ്കുകൊള്ളാൻ ഞാനാഗ്രഹിയ്ക്കുന്നു.

എന്റെ തായ് വേരു് അററുപോയി അതിനു് ഒരു താങ്ങു് തരാൻ നിനക്കാവില്ലേ എന്റെ പ്രകൃതി. നീ വലിയ ശക്തിമതിയല്ലേ! എല്ലാം ഒരിത്തിരിനേരത്തേയ്ക്കു് മാത്രം കാര്യങ്ങൾ ഒത്തിരി ഒടുക്കവും തുടക്കവും മണ്ണിൽ നിന്നു തന്നെ ഈ ലോകം ശവപ്പറമ്പാണു്. അതിന്റെ മുകളിൽ നാം ജീവിയ്ക്കുന്നു. ആ ജീവിതത്തിനെ നശിപ്പിയ്ക്കാൻ കഴിയും പുതിയ ഒന്നിനെ രൂപപ്പെടുത്തുവാൻ കഴിയില്ല.

ചിന്തിക്കുവാൻ കപ്പം കൊടുക്കുക വേണ്ടല്ലോ, ചിലനേരങ്ങളിൽ ചില മനുഷ്യർതന്റെ ജീവിതം സ്വപ്നം കണ്ടു. നിന്നെ എനിക്കു് കിട്ടിയില്ല. നീ വേറെന്തിലേയ്ക്കോ പോയി. നീ ഒരിക്കൽ പശ്ചാത്തപിയ്ക്കും എന്റെ ദിവസം ഞാൻ ഉള്ള ദിവസം എന്റെ മനസ്സിനു് സന്തോഷം തരുന്നു.

മനസ്സിന്റെ അഗാധ തലത്തിലേ
ആഴ്ന്നിറങ്ങി. ഒരു നല്ല ജീവ
സ്വപ്നം കണ്ട ആ ദിവസം.
ദൂരേ നീല മലകളിൽ മേഘ
യുന്നതുംനോക്കി നിന്നു. വെള്ള
മേഘങ്ങൾ കാററത്തു് താളംവെച്ചു
ങ്ങികൊണ്ടിരുന്നു. അനന്തമായ
കാശം എന്തെല്ലാം രഹസ്യങ്ങൾ
ഞ്ഞു കിടക്കുന്നു. മനുഷ്യനെ ക
പഠിച്ചു് തീരുന്നതിനു് മുമ്പേ
ശത്തേയ്ക്കു് ചാട്ടം. പുതിയ
ഒന്നും തന്നെ ഉണ്ടാവുന്നില്ല ഒ
ണ്ടുപിടിയ്ക്കുന്നതും ഇല്ല എല്ലാം
ലോകത്തു ഉള്ളതു തന്നെ.
എല്ലാവരും തനിച്ചാണു്.
ച്ചാണു് എന്ന യാഥാർത്ഥ്യ
നിന്നു് രക്ഷപ്പെടാനുള്ള ശ്രമ
ണു് ഓരോ മനുഷ്യനും, ബോ
ധവും അല്ലാതെയും, തനിച്ചാണ്
ന്ന ബലഹീനതയിൽ നിന്നനാ
ക്കുന്നതാണ് സ്നേഹം എന്ന
രം ഒറ്റയ്ക്കാണെന്നു് തോന്നുമ്പോ
ക്തമായ തീക്ഷ്ണമായ സ്
ബന്ധങ്ങൾ വളരാം. മിക്കവാ
ല്ലാം സ്നേഹബന്ധങ്ങൾക്കും
സ്ഥാനം ഇതുതന്നെ, പ്രേമത്തി
യും. ഏകാന്തതയിൽ നിന്നു്
നേടാനാണു് സ്നേഹിയ്ക്കുന്നതു്
കാന്തതയുടെ അസഹ്യത, ഭീതി
താണു് സ്നേഹത്തിന്റെ അ
മനുഷ്യൻ തനിക്കു വേണ്ടിയല്ലാ
റുള്ളവരെ സ്നേഹിക്കുന്ന കാല
രുമോ?
ഇന്നു് മനസ്സിനു് സ്വല്പം
സം തോന്നുന്നു. കാരണം കണ്ട ക
കൾ മനസ്സിനു് ഇണങ്ങിയതാ
ന്നു, കഴിഞ്ഞ കാലത്തെകുറിച്ചു
ന്തകൾ എന്നെ പിൻതുടരുന്നു.
ണ്ട ഓർമ്മകൾ എല്ലാംകൂടി എ
ററുനോക്കുന്നു. എന്നെ തകർക്കാ
തെല്ലാം മനസ്സിൽ നിന്നും ക
വേണ്ടി മാത്രമാണു് ഞാനിവി
ന്നതു്. മഞ്ഞുള്ള പ്രഭാതത്തിൽ
നപാദനായി നനഞ്ഞ പുല്ലിലൂ
ടക്കുന്നതിന്റെ ആനന്ദം എനിക്
റഞ്ഞുഅറിയിക്കാനാവില്ല. എ
രുടെയും ലക്ഷ്യം സംതൃപ്തിയും
ലൂടെയുള്ള ആനന്ദം. പാതകൾ
സ്തും പലർക്കും.

കൈത്തറിയുടെയും, റാട്ടിന്റെ
വാമൽപ്പാട്ടിന്റെയും ശബ്ദം
കൊണ്ടാണു് ഞാൻ എന്റെ
ക്കായി രാവിലെ ഇറങ്ങിയതു്.
സിക്കുന്ന വീട്ടിൽ നിന്നു് കി
ററുകൾ അകലെ, പക്ഷികളു
നിഷ്കളങ്കരായ മനുഷ്യരുടെയും
ല്ലുകൾ ആ സ്ഥലം മുഖരിതമായ

Scanned with OKEN Scanner

ണ്ടിരുന്നു. നിരത്തുകൾ നിറഞ്ഞുകൊണ്ടിരുന്നു. രാവിലെ നടന്നു നീങ്ങുന്ന അദ്ധ്വാന ശീലരായ ആളുകൾ കള്ളത്തരത്തിന്റെ പുറമേപോലും എത്തിനോക്കാത്തവർ ശംഖൊലിയും, പള്ളിമണിയും കേട്ട് ഉണരുന്ന ശബ്ദം നിമിഷങ്ങളെ കുറിച്ചു ഞാനാലോചിച്ചു. ഇതിൽ ജീവിക്കുക ഒരു അനുഭൂതി തന്നെയാണ്. 'എന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കുക എന്ന ലക്ഷ്യം ആണ്. ശാന്തതയാണ് എനിക്ക് വേണ്ടത്. ശുദ്ധമായ വായു ശ്വസിക്കുവാൻ എത്രയെത്ര നിമിഷങ്ങൾ ഞാൻ പകർത്തിയിരിക്കുന്നു. ആ പകർത്തലിൽ കൂടി ഞാനൊരു ജീവിതം ദർശിച്ചു. അത് ഒന്നിന്റെ തുടക്കവും ഒടുക്കവും ആയിരുന്നു.

നടന്ന് ഒരു നദിയുടെ കരയിൽ എത്തി. നദി കളകള ശബ്ദത്തോടെ ഒഴുകിക്കൊണ്ടിരുന്നു. ആരെയും ഗൗനിക്കാതെ ചില പൊങ്ങുതടികൾ കുറച്ചു സമയം ഒത്തുകൂടിയും പിന്നെ വേർപെട്ടും പൊയ്ക്കൊണ്ടിരുന്നു. എന്റെ മനസ്സിൽ മനുഷ്യന്റെ നൈമിഷികതയായിരുന്നു. സമയം കൂട്ടംതെറ്റും തെറുകളും കൂടികൊണ്ടിരുന്നു. ജീവിക്കാൻ വേണ്ടി എന്തെല്ലാം വേഷങ്ങൾ കെട്ടുന്നു. ഞാനൊരു അമച്ച്വർ ഫോട്ടോഗ്രാഫർ കൂടിയാണ്. എനിക്ക് കിട്ടിയ ഓർഡർ കുറെ സീനറി എടുക്കുക. എന്നിട്ട് കമ്പനിക്കു അയച്ചു കൊടുക്കുക. അതിനുവേണ്ടിയാണ് ആ കുന്നുകളിൽ പൂത്തു നില്ക്കുന്ന പൂക്കളും തേടി ഞാൻ ഇവിടെ വന്നത്. പുല്ലുകളിൽ മഞ്ഞിന്റെ അവസാന തുള്ളിയും വറ്റികൊണ്ടിരുന്നു. എങ്ങും പ്രശാന്തം കുറച്ചു സമയം എല്ലാം ആസ്വദിച്ചുകൊണ്ടിരുന്നു.

പുറമേ നിന്നൊരു വിളി

സാർ

സാറെന്തിനാണ് ഇവിടെ വന്നത്

എല്ലാം ഒന്നു കാണാൻ

കൊള്ളാം. നല്ല ഉത്തരം

തന്റെ പേര് എന്താ?

ശാന്തൻ

നല്ലപേര് സ്വഭാവും പേരു തന്നെയാണെന്ന് വിശ്വസിക്കട്ടെ.

വിശ്വസിക്കാം.

എന്റെ ജോലി പ്രതിമകൾ ഉണ്ടാക്കുക. കുറച്ച് കളിമണ്ണിന് വേണ്ടിയാണ് ഞാനെവിടെ വരുന്നത്. എന്റെ പ്രതിമകൾ കണ്ടിട്ടുണ്ടോ. എങ്ങനേ? കാണാൻ കഴിയില്ലല്ലോ. ആദ്യം അല്ലേ

പറഞ്ഞുതീരുന്ന സമയംകൊണ്ട് അവനൊരു പ്രതിമ ഉണ്ടാക്കിയിരുന്നു. അവനിലുള്ള എന്റെ വിശ്വാസം വർദ്ധിച്ചു. നല്ലൊരു കലാകാരൻ, നല്ലൊരു ശില്പി. ആധുനികതയെയും നിമിഷങ്ങൾക്കപ്പുറം എടുക്കുന്ന ശില്പങ്ങൾ. തന്റെ കൈ വിരുതു കൊണ്ട് ആദ്യം നോക്കുന്ന നോട്ടത്തിൽ തന്നെ ഇഷ്ടപ്പെടുന്ന ശില്പങ്ങൾ. ഓരോരുത്തരുടെയും മനസ്സിലേയ്ക്ക് ആഴ്ന്നിറങ്ങുന്ന ശില്പങ്ങൾ എന്റെ ജീവിതം ഈ കലയ്ക്കുവേണ്ടി അതിനായി ഞാൻ ഇറങ്ങികഴിഞ്ഞു.

അപ്പോൾ നമ്മൾ രണ്ടും ഒരേ കൊമ്പിൽ

ശരിയാണ്.

താങ്കളുടെ പേര് പറഞ്ഞില്ലല്ലോ

സന്തോഷ്

പേര് ഇതാണെങ്കിലും, നേരെ എതിരാണ്.

എനിക്ക് ഫോട്ടോഗ്രാഫി ഇഷ്ടാ!

എനിക്ക് നിന്റെ ശില്പങ്ങളെയും

എന്റെ ജീവനാണ് ഈ ക്യാമറ

സാർ പോകുന്നതിന് മുമ്പ് സാറിന്റെ ശില്പം ഞാൻ തരും.

ഞാൻ നന്ദി പറഞ്ഞ് യാത്ര ചോദിച്ചുകൊണ്ടു പോയി പാറയുടെ മുകളിൽ ഇരിപ്പൊറപ്പിച്ചു. കൂടെ ഇരിക്കാൻ ഒരാളെ കിട്ടിയിരുന്നെങ്കിൽ സ്നേഹം പങ്കിടാൻ ഹൃദയം നൽകാൻ എന്തിന് ഒതുങ്ങികഴിയുക. എല്ലാം ക്ഷമിക്കുക. ആരും തന്നെ ഈ പാതയിൽ കടക്കാറില്ല. എന്റെ മനസ്സിലേയ്ക്കുള്ള......എന്തിന്, എല്ലാം ഓർക്കുന്നു. ഫ്ളാഷ്ബാക്കിന്റെ യാതൊരു ആവശ്യവും ഇല്ല.

പ്രകൃതിയെ എനിക്ക് ചിത്രീകരിക്കണമെങ്കിൽ ഈ ലോകത്തുള്ള പേപ്പറുകൾ തീരുന്നതല്ലാതെ തീരില്ല. അതിന് വാക്കുകളും ഇല്ല. അതു പകർത്തുക. അതാണ് പോം വഴി. ഉറങ്ങികിടക്കുന്ന പ്രതിഭയെ ഉണർത്തുക അവസരങ്ങൾ ആരേയും കാത്തുനിൽക്കാറില്ല. അതിനെ തേടി ചെല്ലുകയാണ് വേണ്ടത്. സ്വന്തം കഴിവുകളെ സ്വയം അംഗീകരിക്കുക.

എവിടെയും ആരെയും സ്ഥിരമായി കാണുന്നില്ല ആദിമനുഷ്യൻ, അലഞ്ഞുതിരുകയായിരുന്നു. അവൻ ചുറ്റി കറങ്ങിക്കൊണ്ടിരുന്നു. ആ ജനിററിക് ഘടകമാണ് നമ്മളെ ഒരു ടൂറിസ്റ്റാക്കുന്നത്. പുതിയ സ്ഥലങ്ങളും. പുതിയതു കാണുന്നതിലും ആണ് മനുഷ്യനെ ഒരു ടൂറിസ്റ്റാകുന്നത്. വിരസത അനുഭവപ്പെടുമ്പോൾ മാത്രമാണ് ഒരു ടൂറിസ്റ്റാകുന്നത്. ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടൽ.

എത്ര അപ്രതീക്ഷിതമായ നിമഷത്തിലാണ് ഞാൻ ചുവടുകൾ മാറ്റുന്നത്. ജീവിക്കാൻ ഒരു ചാൺ വയറിനുവേണ്ടി കണക്ക് കൂട്ടുന്നു. എവിടയോ വച്ചുതെറ്റുന്നു. നല്ലതിനെ സ്വീകരിക്കാനും, ചീത്തയെ തള്ളാനും ഉള്ള ശക്തി ഇന്നില്ല. അതു മനസ്സിലാക്കുവാനുള്ള ശക്തിയും ഇന്നുള്ളവർക്കും ഇല്ല. മനുഷ്യൻ തുടങ്ങിയ ജീവിതം ക്രൂരതയിൽ നിന്ന് എത്തിയതു ജനാധിപത്യത്തിൽ. ഇന്നേ അതു നേരെ തിരിച്ചാണ്. ലോകം എങ്ങോട്ട് പോകുന്നു? എല്ലാവർക്കും ഇതു മനസ്സിലാക്കുവാനുള്ള കരുത്ത് നൽകണമേ

പുതിയ സ്വപ്നങ്ങൾ ഭാവിയെ കുറിച്ചു നാം പുലർത്തുന്ന സങ്കല്പങ്ങൾ എത്ര മധുരം. മധുരം ഉള്ളതാക്കാൻ നാം ശ്രമിക്കണം. ഒന്നു കിടക്കണം എന്നും തോന്നി. പാറയുടെ പുറത്തു ഒന്നു തല ചായ്ച്ചു. പരുപരുത്ത പാറ. ജീവിതത്തിന്റെ സ്ഥലം ഇതിനെക്കാൾ പരു പരുത്തതാണ്. പെട്ടെന്നാണ് ഒരു കല്ല് വന്നു വീണത്. തിരിഞ്ഞുനോക്കി ആരേയും കാണുന്നില്ല. വല്ല കായ് വന്നു വീണതായിരിക്കും. വീണ്ടും മുമ്പിലെത്തേതിനേക്കാൾ വീര്യം കൂടിയതു എന്റെ മുതുക് നല്ലപോലെ വേദനിച്ചു. ചുറ്റുപാടും നോക്കി. അങ്ങടൂരെ

നദിയുടെ അപ്പുറത്ത് ഒരു പെണ്ണ് നിൽക്കുന്നു. അപ്പോഴാണ് വേദന മധുരമായി മാറിയതു. കണ്ടമാത്രയിൽ തന്നെ ഒരു ഓരോട്ടം പൂക്കളിലൂടെ, ഇലകളുടെ ഇടയിലൂടെ എന്റെ ക്യാമറ എടുക്കാൻ പററിയില്ല അതിന് മുമ്പ് അവൾ മറഞ്ഞിരുന്നു.

അത് നല്ല കുറെ സീനറികൾ എടുത്തു. എന്നാലും. പ്രകൃതിയെക്കാൾ മനോഹാരിതയെ ഒപ്പിയെടുക്കുവാൻ കഴിഞ്ഞില്ലല്ലോ. നടന്ന് നീങ്ങി. വഴിയിൽ വച്ച് ഒരു പരിചിതനെ കണ്ട് വന്ന കാര്യം പറഞ്ഞു. രണ്ട് പേരും നല്ലപോലെ അടുത്തിരുന്നു. ഈ ഗ്രാമത്തിന്റെ പുത്രൻ കൂടുതൽ കാര്യങ്ങൾ ആ ഗ്രാമത്തെ കുറിച്ചു ഗ്രഹിക്കുവാൻ കഴിഞ്ഞു.

മൂന്ന് മാസത്തിന് ശേഷം ഞാൻ വീണ്ടും അവിടെ എത്തി. പക്ഷേ ആ പെൺകുട്ടിയെ അന്വേഷിച്ചാണ് ഞാൻഅവിടെ പോയതു. അവൾ അവിടെ നിന്നും പോയി എന്നാണ് ഞാനറിഞ്ഞതു. അന്നു ഞാൻ വന്നപ്പോൾ അവൾ നല്ലൊരു കന്യതിപെണ്ണായിട്ടാണ്കണ്ടതു. അവളെ കുറിച്ചു നല്ല സങ്കല്പങ്ങൾ എന്നിൽ ഉണ്ടായിരുന്നു. കൂടിപ്പോയാൽ

16 വയസ്സ് കാണുമായിരുന്നു. ശാന്തൻ തന്നെ തന്റെ ശില്പവും ആയിട്ടാണ് അന്ന് ഞാൻ വണ്ടികയറിയത്. രണ്ടാമത് വന്നപ്പോൾ ശാന്തൻ പറഞ്ഞവാക്കുകൾ ഞാനോർക്കുന്നു. നല്ല ആളാണ്. സീനറി എടുക്കുന്നതിന് പകരം ഒരു പെണ്ണിന്റെ പടമാണ് എടുത്തത് അതും ഒന്നല്ല. അവന്റെ മനസ്സിന് അശ്വാസം ഉള്ളതായി അത് എനിക്ക് തോന്നാതിരുന്നില്ല.

എനിക്കും ഇഷ്ടപ്പെട്ടതാണ്, ചേട്ടനും അത് നല്ലപ്പോലെ ചേരും. രണ്ടാമത് ശാന്തൻ ചേട്ടൻ എന്നാണ് വിളിച്ചത്. ശാന്തൻ എനിക്ക് ആ പെണ്ണിനെ ഇഷ്ടപ്പെട്ട്, ഇത്രയും പറഞ്ഞ്, തീർന്നപ്പോഴാണ് ഒരു കല്ല് ഉരുണ്ട തഴേക്ക് പോയത്. ആ കണ്ണുകൾ, ആ പുരികകൊടികൾ ചെത്തൊണ്ടി പഴംപോലെ ഇരിക്കുന്ന ചുണ്ടുകൾ ആ രൂപം ഓടാൻ ശ്രമിയ്ക്കുന്നു. ഞാൻ ക്യാമറ ഒരുക്കി ആ പൂവുകൾക്കിടയിലുള്ള മുഖംപകർത്തി. കറുത്ത മുടിയും പറപ്പിച്ചുകൊണ്ട് ആ പെണ്ണ് എന്റെ മുമ്പിൽ നിന്ന് ഓടികളഞ്ഞു. കാന്നുന്നതു തന്നെ മനസ്സിന് ഒരു അശ്വാസം ആയിരുന്നു. യാതൊരു അക്ഷരവും മിണ്ടാൻ കഴിയാതെ പോയല്ലോ എന്ന് ഞാൻ ദു;ഖിച്ചു.

പിറേറ ദിവസം ശാന്തൻ ആ പെൺകൊച്ചിന്റെ ശില്പവും ആയിട്ടാണ് വന്നത്. എന്തിനാണ് ആ പ്രകൃതിയുടെ ശില്പി എനിക്ക് ഇതെല്ലാം തരുന്നത് അതും പരിചയം വെറും രണ്ട ദിവസത്തെ അതിൽ നിന്ന് ശാന്തനിൽ കിട്ടിയ ഉത്തരം വളരെ ഉത്തമം ആയിരുന്നു.

എനിക്ക് ഇഷ്ടപ്പെട്ട വ്യക്തിയെ ഞാൻ സ്നേഹിയ്ക്കുന്നു. ബഹുമാനിയ്ക്കുന്നു. ചേട്ടനിൽ ഞാൻ നല്ലൊരു ഹൃദയം കാണുന്നു. കണ്ടപ്പോൾ തന്നെ ഞാൻ അളന്നിരുന്ന എന്നെപ്പോലെയല്ല അറിവ് ചേട്ടന്. ചേട്ടന് നല്ല ജ്ഞാനം ഉണ്ടെന്ന് ഒരോ വാക്കിൽ നിന്ന് മനസ്സിലാക്കി. അതുകൊണ്ടാണ് ഞാനിതൊക്കെ ചെയ്യുന്നത്. എനിക്ക് ശാന്തനോട് ഒന്നും പറയാൻ കഴിഞ്ഞില്ല. ഞാൻ അവനെ സൂക്ഷിച്ച്നോക്കി. കണ്ണിൽ നിന്നും കണ്ണീര് വന്നോ എന്ന് ഞാൻ തുടച്ചുനോക്കി പ്പോയി.

അവളും ആയിട്ട് ഇടഞ്ഞ ആ ദിവസം അവളെ സ്നേഹിയ്ക്കുന്നു എന്നു:പറഞ്ഞ ദിവസം അവളെ ചുമ്പിച്ച ദിവസ, എല്ലാ, ഓർമ്മകൾ മാത്രം മാസങ്ങളോളം ഞാൻ അവിടെ പോയിരുന്നു. മൂന്ന് ദിവസത്തേയ്ക്കു് ജോലിനോക്കാൻ വന്നവൾ മൂന്നു മാസത്തോളം പോയി. ഹൃദയം അവൾക്ക് കൊടുത്തു്. അവളുടെ ഹൃദയം എനിക്കും തന്നു. പക്ഷേ അവൾ വിചാരിച്ചതിനേക്കാൾ വളരെ മുമ്പിലായിരുന്നു ഞാൻ. അവളുടെ ശരീരത്തെ യാതൊരുതരത്തിലും കരയിപ്പിക്കുകയില്ല എന്ന്' ഞാനാശ്വസിക്കുകയും വിശ്വസിക്കുകയും ചെയ്തു. അവളുടെ മനസ്സിൽപ്പോലും ഒരു പോറലുപോലും ഞാൻ ഉണ്ടാക്കിയില്ല.

ഞാൻ അവളുടെ വീട്ടിൽ പോയി. കാര്യങ്ങൾ ചോദിച്ച് അമ്മ മാത്രം ഉള്ള എങ്ങനെ എന്റെ കൂടെ വരും. അച്ഛനില്ല. അമ്മ ഒരു സ്ക്കൂളിലെ ടീച്ചറാണ്. അവർക്ക് എന്നെ കുറിച്ച് യാതൊരു പ്രതികരണവും ഇല്ലായിരുന്നു. എന്നാൽ കൂടിയും സ്വന്തം നാട് ഉപേക്ഷിയ്ക്കാൻ അവർ തയ്യാറായില്ല. അവരുടെ തായ്വേര് പിഴ്തെറിയാനും സ്ഥലം മാറി മരിയ്ക്കാനും അവർക്ക് കഴിയില്ല. അമ്മയെ വിട്ട് പിരിഞ്ഞിട്ട് നിൽക്കാനും വയ്യാന്നായി രമണിയ്ക്ക്.

അവസാനം അവളോട് യാത്ര പറഞ്ഞ് പോയി. ഞാൻ പുതിയ ജോലിക്കായി, വേറൊരു സ്ഥലത്തേക്കും പോയിരുന്നു. എഴുത്തുകളിലുടെ എല്ലാം അറിഞ്ഞിരുന്നു. സ്നേഹിക്കുന്നവന്റെ നിരാശ മനസ്സിലാകാത്ത മനസ്സ് കഠിനം തന്നെ ദാരിദ്ര്യദു;ഖമാണ് ലോകത്തിലേയ്ക്കു് വച്ച് ഏററവും വലിയ ദു;ഖം എന്നു പറയുന്നു. വിശപ്പ് ശരീരത്തെയല്ലേ ബാധിക്കൂ മുശിക്കാടാത്ത പ്രേമമോ അതു ആത്മാവിനെക്കൂടി കാർന്നു തിന്നുകളയുമല്ലേ. പക്ഷേ മാസങ്ങൾ കഴിഞ്ഞിട്ടും യാതൊരു മറുപടിയും കിട്ടിയില്ല.

ഇനി മടങ്ങി വന്ന് നമുക്ക് ഈ നാട്ടിൻ പുറത്തു ജീവിയ്ക്കാം, കുന്നുകളിൽ തെററികൾ പൂക്കുന്നതും പുഴവക്കിൽ കൈതകൾ പൂക്കുന്നതും കണ്ട്കൊണ്ട എന്ന് കൂടി ഞാനാശ്വസിച്ച്, നിന്നെ സ്നേഹിക്കാൻ നിന്റെ സമ്മതം വേണ്ടേ! എന്നു കൂടി ഞാനോലിയിച്ചുപോയി.

അവരെ അവിടെ കണ്ടില്ല. അവർ എങ്ങോട്ടെന്നില്ലാതെ പോയികഴിഞ്ഞു. ശാന്തനെ തിരക്കിനോക്കി കാണാൻ പററിയില്ല. ശാന്തന് ഏതോ ഒരു കമ്പിനിയിൽ ജോലി കിട്ടിയിരുന്നു. അയലത്തെ വീട്ടിൽ തെരക്കി യാതൊരു പ്രയോജനവും ഇല്ല. അവസാനം ശാന്തനെ തേടിപിടിക്കുവാൻ തയ്യാറായി. അവസാനം ആ തൊട്ടാവാടിയെ കിട്ടി. അവനിൽ നിന്ന് കാര്യങ്ങൾ കുറെകിട്ടി. പോ

യ കാര്യം അറിയാൻ കഴിഞ്ഞി
അവരെ ആരോ ശല്യപ്പെടുത്തുന്നെ
അറിഞ്ഞു് അതാണ് മുഖ്യ കാരണ
ഒന്ന് അറിയിച്ചില്ലില്ലോ എ
ഞാൻ സങ്കടപ്പെട്ടു.

അന്തരംഗം പിടഞ്ഞു് ഒന്നും
ഞാൻ കഴിയുന്നില്ല. **കണ്ണിൽ**
ന്ന് പറക്കുന്നു. എന്റേതു് മോഹമാ
രുന്നോ? ഹൃദയം പിടക്കുന്നു. പാറ
മുകളിരുന്നു. ഇനി കണ്ടാലായി
ങ്ങകിലായി. നിന്നെ ഓർക്കാതി
ക്കാൻ കഴിയില്ല. നീ ഓർക്കു
ആവോ. നിന്റെ മനസ്സ് അല്ല
ഈ മനസ്സ്.

സങ്കല്പങ്ങൾ മാത്രം. എ
കൈ എത്തുന്ന ദൂരത്തിൽ തട്ടി
ന്നു. പല കാര്യങ്ങളാണ് മനസ്സി
മഥിച്ചത്

അത്രമേൽ നിന്നെ ഞാൻ സ്
ഹിച്ചു പോയതിൽ കുററമാണെങ്കി
ദേവി പൊറുക്കണം' എന്നു ഓർ
പോയി.

അതേ തിരിച്ചാണ് ഈ ആൺ
ഗ്ഗത്തെ കുറിച്ചും ഈ പെൺവർ
ഗം വിചാരിച്ചിരിക്കുന്നത്. എ
അവർക്കും സംശയം സ്പടിക ക
യിൽ കിടക്കുന്ന മീനിനെപ്പോലെ
ണ് അവരുടെ മനസ്സ്. വേണ്ടാ
ത് എല്ലാം ആലോചിച്ച് തല
ണ്ണാക്കിയിട്ടുണ്ട്. അതല്ലെ നിങ്ങ
ചെയ്യുന്നത്. എന്നു പറയും. ഭഗ
നെ നീ ഇതെല്ലാം കാണുന്നില്ലേ!

പോകാൻ നേരത്തു് ആ പുഴയി
കു് ഒന്ന് നോക്കി, ഇനി കാണ
പററില്ലല്ലോ. നടന്ന് നീങ്ങി
പ്പോൾ മനസ്സ് നിറയെ രമണിയാ
രുന്നു. ഇനി നീ....ആ ഗ്രാമത്തോ
യാത്ര പറഞ്ഞ് ശാന്തനെ ഒന്ന്
ക്കി. കണ്ണീര് അറിയാതെ പൊ
ഞ്ഞുപോയി. യാത്രചോദിച്ചു
ണ്ടിയിൽ കയറി. ഇനി എന്നാ
കാണുന്നത്. ഈ അന്തരീക്ഷം
സൗന്ദര്യത, ഈ നിശബ്ദത ഇനി
വിടെ ഒന്നിക്കുമോ? നീ എന്നെ
ക്കുമോ. നിങ്ങൾ എന്നേ മറക്കുമ
എല്ലാവരും എന്നെ തന്നെ നോക്കു

പരസ്പര ബഹുമാനവും, ആ
വും ഉണ്ടായിരിക്കുമ്പോൾ മാത്രമേ
ഹം എന്ന ദുർബല വികാരം ശക്
വും ശാശ്വതവും ആകുന്നത്. മുട
ള്ള ശരീരത്തക്കാൾ അപകട സാദ്യ
മുടനുള്ള മനസ്സിനാണ്. **സ്നേ**
യ്ക്കുന്നവരെ ആദരിക്കുക. എല്ലാ
ക്കുകളും അർത്ഥശൂന്യമാകുന്ന സമ
ത്തു ആശ്വാസ മന്ത്രങ്ങൾക്ക് എന്ന
ണ് പ്രസക്തി, ഉരുളടഞ്ഞ ഒരു
വിതത്തെ കുറിച്ച് ചിന്തിക്കാനാ

Scanned with OKEN Scanner

# മഹാന്മാരുടെ ജീവചരിത്രം

T. SASIDHARANPILLAI

II B3

## ജയപ്രകാശ് നാരായൺ

1902 ഒക്ടോബർ 11നു് ഉത്തർപ്രദേശിലുള്ള സിദ്ധബാധിരാ എന്ന ഗ്രാമത്തിൽ ജയപ്രകാശ് നാരായൺ ജനിച്ചു. പിതാവായ ഹർഷദയാൽ ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു. കുട്ടിയായിരിക്കുമ്പോൾ തന്നെ പൊതുവെ ഗൗരവക്കാരനായിരുന്ന ജയപ്രകാശ് സമപ്രായക്കാരായ കുട്ടികളോടൊപ്പം കളിക്കാനും മററും പോകുമായിരുന്നില്ല. പഠിത്ത കാര്യത്തിൽ സമർത്ഥനായ ജയപ്രകാശിൻെറ പ്രിയ കളിത്തോഴർ പക്ഷികളും മൃഗങ്ങളുമായിരുന്നു. പാറ്റ്നസ്കൂളിൽ പഠിക്കുമ്പോൾ സ്വാതന്ത്ര്യസ്നേഹികളായ സഹപാഠികളുടെ കൂടെ ജയപ്രകാശ് കൂടി. അവിടെ വച്ചു് പല സ്വാതന്ത്ര്യ സമര നേതാക്കൻമാരെയും പരിചയപ്പെട്ടു. പുസ്തക വായന ജയപ്രകാശിൻെറ പ്രത്യേക സ്വഭാവമായിരുന്നു. ധാരാളം വായിക്കുമായിരുന്ന ജയപ്രകാശ് സ്കൂളിൽ പഠിക്കുന്ന അവസരത്തിൽ കോളേജു വിദ്യാർത്ഥികളുമായി നടത്തിയ ലേഖന മൽസരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടു്. ഇൻറർ മീഡിയററിന് പഠിക്കുമ്പോൾ ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ചു് പരീക്ഷ ബഹിഷ്ക്കരിച്ച ജയപ്രകാശ് പിന്നെ ബീഹാറിലെ വിദ്യാ പീഠത്തിൽ പഠിച്ചു് പരീക്ഷ പാസ്സായി. 1922ൽ ഉപരി പഠനത്തിനായി അമേരിക്കയിൽ പോയി. പക്ഷേ അന്നു് പ്രവേശനം കഴിഞ്ഞിരുന്നതിനാൽ അടുത്ത കോളേജ് പ്രവേശന സമയംവരെ കാത്തിരിക്കേണ്ടിവന്നു. ഈ സമയം കൂലി വേലചെയ്തും മുന്തിരിത്തോട്ടത്തിൽ പണി ചെയ്തും കാശുണ്ടാക്കി ഉപജീവനം നടത്തിപ്പോന്നു. ജയപ്രകാശിനു് കാലിഫോർണിയ യൂണിവേഴ്സിററിയിൽ പ്രവേശനം ലഭിച്ചു. സയൻസും കണക്കുമായിരുന്നു മുഖ്യ വിഷയം. പക്ഷെ ഭീമമായ ജീവിതച്ചിലവ് അവിടെ തുടർന്നു പഠിക്കാൻ ജയപ്രകാശിനെ അനുവദിച്ചില്ല. പിന്നെ ഇയാവോ യൂണിവേഴ് സിററിയിലേയ്ക്കും മാററി. പഠിത്തത്തിനും ആഹാരത്തിനും വേണ്ട ചിലവുകൾ നിറവേററാൻ ജയപ്രകാശ് ചെയ്യാത്ത കൂലിപ്പണികൾ വളരെ വിരളമാണു്. ബി. എ. പാസ്സായി ഓഹിയോ യൂണിവേഴ്സിററിയിൽ അദ്ധ്യാപകനാകുകയും ഒപ്പം എം. എ പരീക്ഷയ്ക്കു് പഠിക്കാനാരംഭിക്കുകയും ചെയ്തു 27-ാമത്തെ വയസ്സിൽ ഇന്ത്യയിൽ തിരിച്ചെത്തുകയും ചെയ്തു. അന്നു് കോൺഗ്രസ്സ് നിരോധിക്കപ്പെട്ട സമയമായിരുന്നു. ജയപ്രകാശിൻെറ ഭാര്യ പ്രഭാവതിയടക്കം കോൺഗ്രസ്സിൻെറ എല്ലാ നേതാക്കളും തടവിലായി. ജയപ്രകാശ് പിടികൊടുക്കാതെ വേഷം മാറി നടന്നു. കോൺഗ്രസ്സിൻെറ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടെങ്കിലും 1932-ൽ മദ്രാസിൽ വച്ച് ജയപ്രകാശിനെ അറസ്ററു ചെയ്തു ജയിലിൽ കഴിയവേ കോൺഗ്രസ് സോഷ്യലിസ്ററു പാർട്ടിക്കു രൂപം നൽകി. 1936-ൽ സോഷ്യലിസം എന്തിനു് എന്ന പുസ്തകം എഴുതി. 1940- ആഗസ്ററിൽ ക്വിററ് ഇന്ത്യാ സമരം ആരംഭിച്ചപ്പോൾ ജയപ്രകാശ് ജയിൽ ചാടി പുറത്തു വന്നു. ഇന്ത്യാ വിഭജനത്തിനെതിരെ ശക്തമായി വാദിച്ചയാളാണു് ജയപ്രകാശ്. ജയപ്രകാശിനെ ജവഹർലാൽ നെഹ്റു തൻെറ മന്ത്രിസഭയിലെ അംഗമാകുന്നതിൽ ക്ഷണിച്ചെങ്കിലും ജയപ്രകാശ് ആ ക്ഷണം നിരസിച്ചു. 1947-ൽ സോഷ്യലിസ്ററു് പാർട്ടി വിട്ടു ജയപ്രകാശ്. 1975-ൽ ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറ് പല നേതാക്കളുടെയുമൊപ്പം ജയപ്രകാശിനെയും അറസ്ററു ചെയ്തു. 1976-ൽ ജനതാ പാർട്ടി് രൂപീകരിച്ചു. 1977-ൽജനതാ പാർട്ടി ബഹുഭൂരി പക്ഷം കിട്ടി. ഇന്ദിരാഗാന്ധി തോൽക്കുകയും ചെയ്തു. 1979 ഒക്ടോബര 3നു് അന്ത്യശ്വാസം വലിച്ചു.

## ജോസഫ് മുണ്ടശ്ശേരി

1903-ൽ തൃശൂർ ജില്ലയിലുള്ള കണ്ടശ്ശാം കടവു് എന്ന സ്ഥലത്തു് ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ചു. സാമ്പത്തികമായി വളരെ കഷ്ടപ്പാടായതിനാൽ വിദ്യാഭ്യാസ സമയത്തു് പലരും സഹായിച്ചു. എട്ടാം ക്ലാസിൽ സ്കോളർ ഷിപ്പ് ലഭിച്ചു. പഠിത്തത്തിൽ സമർത്ഥനായിരുന്നു. സാഹിത്യവുമായി ബന്ധപ്പെട്ടതോടെ പഠിത്തകാര്യത്തിൽ പിന്നോക്കമായി. തൃശൂരിലും തൃശ്ശിനാപ്പള്ളിയിലുമായിരുന്നു കോളേജ് വിദ്യാഭ്യാസം.

ഫിസിക്സിൽ ബിരുദമെടുത്തു വന്ന ജോസഫിനു് തൃശൂർ സെൻറ് ജോസഫ് കോളേജിൽ അദ്ധ്യാപകനായി ജോലികിട്ടി. ജോലിയിലിരുന്നു കൊണ്ടു എം. എയ്ക്ക് പഠിച്ചു് പാസ്സായി. 1957-ലെ. ഇ. എം. എസ് മന്ത്രി സഭയിൽ വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോൾ മുണ്ടശ്ശേരിയുടെ നേതൃത്വത്തിലായിരുന്നു വിദ്യാഭ്യാസ നിയമം പാസ്സാക്കിയതു്. കേരള സംസ്ഥാന പ്ലാനിംഗ് ബോർഡിൽ പ്രവർത്തിച്ച മുണ്ടശ്

---

മോ? അപകടകരമായി ജീവിക്കുക. അന്ദ്രേഴിദീൻെറ വാക്യം പപ്പൻെറ വേദവാക്യമായിരുന്ന അതു്. എല്ലാവർക്കും ഏതോ ഒരപരിചിതൻ

**Good Bye**

ഇനി നിന്നെ കാണാൻ വരും. ഒരു പുതിയതിൻെറ തുടക്കവും ആയിട്ടു്. അന്നു് നീ പശ്ചാത്തപിയ്ക്കരുതു് ചിലപ്പോൾ നിന്നെ കാണരുതേ എന്നു് ഞാൻ വിചാരിക്കും.

പിന്നെയും ഇതാ വർഷങ്ങൾ മരിക്കുന്നു. കഴിഞ്ഞതെല്ലാം ഓർമ്മകൾ സമുദ്രത്തിൽ അലിഞ്ഞു്പോയ സൂര്യനെ ഓർത്തു വിലപിക്കേണ്ട. നാളെ വേറൊരു സൂര്യൻ എനിക്കായിയി ഉദയം ചെയ്യും. അന്നു് നീലാകാശത്തിലെ നക്ഷത്രങ്ങളെ കാണാനാവില്ല. ഓർമ്മയിൽ അലിഞ്ഞുചേർന്നകഴിഞ്ഞതിനെ കുറിച്ചു കരയാതെ കാലത്തിൻെറ മാമലകൾക്കപ്പുറത്തേയ്ക്കു് പറന്നു ഉയരാം സ്വന്തം മുറിവിൽ നിന്നു് അറിവ് തേടികൊണ്ടു് എല്ലാം കഴിഞ്ഞു് ഞാൻ വീട്ടിൻ തിരിച്ച് എത്തി കഴിഞ്ഞ കാര്യങ്ങൾ എല്ലാം തന്നെ ഓർമ്മകൾ മാത്രം. കാളിദാസനെപ്പോലെ ഒരു മേഘസന്ദേശം എഴുതിയാലോ എന്ന് ഞാനാശ്വസിച്ചു. ഉറങ്ങാൻ സമയത്തു അലോചിച്ചതു്. പിടിക്കപ്പെട്ടവൻെറ കലി തീർന്നു്. ഇനി പിടിക്കപ്പെടാനുള്ളവൻെറ രാത്രിയാണു് ഇനിവരുന്നതു്. നല്ലൊരു സൂര്യോദയം കാണുന്ന എന്നു് പ്രാർത്ഥിച്ചുകൊണ്ടു് ഉറങ്ങാൻ തുടങ്ങി. *

ശേരി 1972-ൽ കൊച്ചിൻ സർവ്വ ക ലാശാല വൈസ് ചാൻസലറായി. 1976-ൽ അദ്ദേഹത്തിനു സോവിയററ് ലാൻറ് നെഹ്റു അവാർഡ് ലഭിച്ചു. സാഹിത്യ-സാംസ്കാരിക രാഷ്ട്രീയ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ആ മഹാൻ 1977 ഒക്ടോബർ 25-ാം തീയതി അന്തരിച്ചു.

## കുമാരനാശാൻ

പുത്തൻ കടവത്ത് നാരായണൻെറയും കാളിയമ്മയുടെയും മകനായി തിരുവനന്തപുരം ജില്ലയിൽ ചിറയൻകീഴ് താലൂക്കിൽ കായിക്കര വില്ലേജിൽ 1873 ഏപ്രിൽ 12-ാം തീയതി കുമാരനാശാൻ ജനിച്ചു. കുട്ടിക്കാലത്ത് കുമാരു എന്നാണു് വിളിച്ചിരുന്നതു് നാലാം ക്ലാസ് പാസ്സായ കുമാരു പഠിച്ച സ്കൂളിൽ തന്നെ അദ്ധ്യാപകനായി. പ്രായക്കുറവു കാരണം ജോലി നഷ്ടപ്പെട്ടു.

ശ്രീ നാരായണ ഗുരുവിനെ കണ്ടുമുട്ടിയ നിമിഷം മുതൽ കുമാരുവിൻെറ ജീവിതമാകെ മാറി. അദ്ദേഹത്തിൻെറ നിർദ്ദേശ പ്രകാരം മൈസൂർ, മദ്രാസ്, കൽക്കത്ത എന്നിവിടങ്ങളിൽ പോയി സംസ്കൃതത്തിൽ ഉപരി പഠനം നടത്തി. 1917-ൽ ആശാൻ ഭാനുമതിയമ്മയെ വിവാഹം കഴിച്ചു. 1918-ൽ ആശാനെ ഗവണ്മെൻറ് പഞ്ചായത്തു് കോടതി ജഡ്ജിയായി നിയമിച്ചു. 1919-ൽ നിയമ സഭാ മെമ്പറാക്കി. 1921-ൽ നാരായണ ഗുരുവിൻെറ നിർദ്ദേശ പ്രകാരം ആലുവാ അദ്വൈതാശ്രമത്തിൻെറ കാര്യ ദർശിയായി കുടുംബ സമേതം ആലുവായിൽ താമസമാക്കി. വീണപൂവു്, ചിന്താവിഷ്ടയായ സീത, നളിനി, ലീല, പ്രരോദനം, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി എന്നിവയാണു് ആശാൻെറ പ്രധാനപ്പെട്ട ഖണ്ഡകാവ്യങ്ങൾ. 1924 ജനുവരി 16-നു് റെഡീമർ എന്ന ബോട്ടിൽ ആലുവായ്ക്കു പോകുമ്പോൾ പല്ലന തോട്ടിൽ വച്ചുണ്ടായ അപകടത്തിൽ മരണമടഞ്ഞു.

## കോപ്പർ നിക്കസ്

പതിനാലാം നൂററാണ്ടുവരെ ഭൂമിയാണു് പ്രപഞ്ചത്തിൻെറ കേന്ദ്രം എന്നു കരുതിയിരുന്ന സമയത്തു് ആ ധാരണ തിരുത്തി ഭൂമി സൂര്യനെ ചുററിക്കറങ്ങുന്ന ഒരു ഗ്രഹമാണെന്നു് ലോക ജനതയ്ക്കു് മനസ്സിലാക്കി കൊടുത്ത ശാസ്ത്രജ്ഞനാണു് കോപ്പർ നിക്കസ്. വിസ്തുലാനദീ തീരത്തു് തോൺ എന്ന സ്ഥലത്താണു് കോപ്പർ നിക്കസ് ജനിച്ചതു്.

1543-ൽ നിക്കസ് രോഗം മൂർച്ഛിച്ചു് മരണമടഞ്ഞു.

## കെ. പി. കേശവമേനോൻ

1886 സെപ്തംബർ 1-നു് ഭീമനച്ചൻെറയും മീനാക്ഷി നേത്യാരമ്മയുടെയും മകനായി കേശവ മേനോൻ പാലക്കാട്ടു് ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം ഇംഗ്ലണ്ടിൽ പോയി ബാരിസ്ററർ പാസായി. ഈ സമയത്താണു് "ബിലാത്തിവിശേഷം" എന്ന പുസ്തകം എഴുതിയതു്. 1921-ലെ നിസ്സഹരണ പ്രസ്ഥാനത്തിൽ പങ്കെടുത്തു 1923-ൽ കോഴിക്കോട്ടു നിന്നും പ്രസിദ്ധീകരണമാരംഭിച്ച "മാതൃഭൂമി" പത്രത്തിൻെറ സ്ഥാപക നേതാക്കളിലൊരാളും മാതൃഭൂമിയുടെ ആദ്യത്തെ പത്രാധിപരും കേശവമേനോനായിരുന്നു. 1924-ൽ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്ററു വരിച്ചു. 1948-ൽ തിരിച്ചു് കേരളത്തിൽ വരികയും മാതൃഭൂമിയുടെ പത്രാ[...] പ സ്ഥാനം ഏറെറടുക്കുകയും [...] ത്തു.

ആത്മ കഥയും, ജീവചരിത്ര[...]ളും കുട്ടികൾക്കുള്ള പുസ്തക[...] നാടകങ്ങളും യാത്രാ വിവരണ[...]മെല്ലാം കേശവമേനോൻ രചിച്ചി[...]ണ്ടു് 1951-ൽ സിലോണിൽ ഹൈ[...] മീഷണറായി പോയി. തിരിച്ചു[...]ന്നു് 1978-ൽ മരിക്കുന്നതുവരെ[...] "മാതൃഭൂമിയുടെ" പത്രാധിപരാ[...] തുടർന്നു.

## എബ്രഹാം ലിങ്കൺ

അമേരിക്കയുടെ പതിനാറാമ[...] പ്രസിഡൻറായിരുന്ന എബ്രഹാം ലി[...]ങ്കൺ 1809 ഫെബ്രുവരി 12-നാണ്[...] ജനിച്ചതു്. കുട്ടിയായിരുന്നപ്പോ[...] പുസ്തകം വായനയിൽ വലിയ താ[...]പര്യം കാട്ടിയിരുന്നു. ഏതു പുസ്[...]തകം കിട്ടിയാലും വായിക്കുമായി[...]ന്നു. ഒരു തുണ്ടു കടലാസുപോല[...] വാങ്ങിക്കാനുള്ള കഴിവ് ലിങ്കണില്ല[...]യിരുന്നു. ഇക്കാലത്തു് വായിക്കുന്[...] തിനോടൊപ്പം ചിലതെല്ലാം എഴുതാ[...] മാരംഭിച്ചു. 1832 ലാണു് നിയമ [...] ഭയിലേക്കാദ്യം മത്സരിച്ചതു്. ചു[...]ങ്ങിയ വോട്ടിൻെറ കുറവിൽ ലിങ്ക[...] തോററു. 1842-ൽ മേരിടോഡി[...] വിവാഹം കഴിച്ചു. അമേരിക്കയി[...] അടിമകൾക്കുവേണ്ടി എന്തെങ്കില[...] ചെയ്തേ പററു എന്നു് അദ്ദേ[...] ദൃഢ നിശ്ചയം ചെയ്തു. 1860-[...] റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥ[...] നാർത്ഥിയായി മത്സരിച്ചു് അ[...] രിക്കൻ പ്രസിഡൻറായി. 1965 [...] പ്രിൽ 14-ാം തീയതി വെള്ളിയാഴ്[...] മഹാനായ ആ മനുഷ്യ സ്നേഹി[...] ഏതോ ഘാതകൻ വെടിവച്ചു കൊന്[...]



# വിരഹവേദന

നാസിലാബീഗം എം.
III ബി. എസ്. സി., ബോട്ടണി മെയിൻ

അന്നൊരു സുദിനത്തിൽ ഞാനെൻ പിതാവുമായ്,
വന്നതാണീകോളേജിൽ പഠിത്തം തുടങ്ങുവാൻ
കണ്ടു ഞാൻ പലവിധ ഫാഷനും, ഭാവങ്ങളും,
മണ്ടൂസാമെനിക്കെല്ലാം പുത്തരിയായി തോന്നി
ആദ്യത്തെ വർഷം രണ്ടും അപ്രൻറീസായിപോയി
വേലകൾ പലതും ഞാൻ പഠിച്ചു പാകംപോലെ
പിന്നത്തെ വർഷം വന്നു ബിരുദ വിദ്യാർത്ഥിനി
തുടർന്നു ഞാൻ ഷൈനിംഗും പലവിധം
'ഒപ്പന'യായി പിന്നെ 'ലേഡീറെപ്പ്'മായ്
നിർമ്മലപ്രേമത്തിൻെറ പനിനീർക്കടങ്ങളായ്
പലരേയും കണ്ടുമുട്ടി അവയിൽ മുങ്ങിത്തപ്പി
ഒരുവിധം കരയ്ക്കടുക്കുവാൻ തുനിയുന്നു ഞാൻ,
അങ്ങനെയഞ്ചുവർഷം കോളേജിൽ സേവിച്ചുഞാൻ
അന്നൊന്നുമോർത്തീലല്ലോയിന്നിൻെറ സന്തുഷ്ടി

പോവുകതോഴരെ നിങ്ങൾ തൻ പാതയിൽ
പൂവിരിക്കട്ടെ സമൃദ്ധിയും, ശാന്തിയും
ജീവിതത്തിൻെറ സാനുക്കളിലൂടെ,
ഈ നല്ല നാളിൻെറ മാധുരിയാസ്വദി-
ച്ചാനന്ദമാർന്നു നാമോർക്കും പരസ്പരം
വേണ്ടയാത്രാമൊഴി, വേണ്ട കണ്ണീരുമി-
വേർപാട്സൗഹൃദത്തിന്നനിവാര്യമാം
ജീവിതത്തിൻെറ നീളും വഴിത്താരയിൽ
പൂവിരിക്കട്ടെ നമുക്കീ സ്മരണകൾ
ഹൃദയ വ്യഥയോടെ, ഞാൻവിടചൊൽവൂ
ഹൃദയമുള്ളവർക്കേ യെൻദുഃഖംകവരാൻ പററൂ

# രണഭൂമി

RAJENDRAPRASAD P.
I P. D. C.

പടിഞ്ഞാറു് നിന്നും തള്ളികയറിയ കാററു് വെള്ളിമേഘങ്ങളെ പിച്ചി ചീന്തി....വെള്ളി അലുക്കിട്ടൊഴുകുന്ന നദിയുടെ കളകളാരവം മുഴങ്ങി നിൽക്കുന്ന അന്തരീക്ഷം...ഇടതൂർന്നു നിൽക്കുന്ന വനം....അതിൻെറ ഹൃദയത്തെ രണ്ടായി പിളർക്കുന്ന നീണ്ട പാത...ആററകിളിയുടെ കിന്നാരം.... കുയിലിണകളുടെ പ്രേമ ഗാനം ...തളിരിലകളുടെ സമൂഹനൃത്തം. പ്രേമാർത്തരായ് കെട്ടു പിണഞ്ഞു കിടക്കുററ ലതകൾ....അർക്കൻെറ തേജസ് അരിച്ചിറങ്ങുന്ന അന്തരീക്ഷം....തരുകളെ മതിക്കുന്ന മന്ദമാരുതൻെറ ചുംബനം...എന്തൊരാഹ്ളാദം....എന്തൊരു തേജസ്...എല്ലാം സ്വർഗ്ഗത്തിൻെറ പ്രതീതി...! പക്ഷേ ഇതെല്ലാം ഒരു നൂററാണ്ടിനു് മുമ്പു്.......?

തോളിൽ തൂങ്ങുന്ന ബാഗ് ഒന്നിളക്കിയിട്ടു്...ഗോപി ദീർഘ നിശ്വാസങ്ങൾ വിട്ടുകൊണ്ടിരുന്നു....! തൻെറ ഗതകാലം എത്ര വിചിത്രം...എല്ലാം ത്യാഗത്തിൻെറ ശവക്കല്ലറകളായി മാറിയിരിക്കുന്നു. വ്യസനത്തിൻെറ വ്യന്യാസം മുഖത്തിൻെറ പ്രതിഫലനം ....സമൂഹ ദ്രോഹങ്ങളുടെ കര വലയത്തിലൊതുങ്ങി പോയ ആരണ്യത്തെ പ്പററി എന്തിനു വേദിക്കുന്നു. എല്ലാം വ്യർത്ഥം......

ഉരുകിയൊലിയുന്ന മരീചിക...അതിലൂടെ നടന്നു പോകുമ്പോൾ ബൂട്ടുകൾ ധരിച്ച കാലുകളിലൂടെ അഗ്നി ഇരച്ചു കയറുന്നു...ഒരു തണലിനു വേണ്ടി....ഇത്തിരി ദാഹജലത്തിനു വേണ്ടി അലയുന്ന ഒരു ശരീരം...മുഖം അഗ്നിയുടെ കരാളഹസ്തങ്ങളേററു് കരുവാളിച്ചു പോയി.... ചുണ്ടുകൾ വരണ്ടു...എങ്ങും വിങ്ങി പൊട്ടലുകൾ മാത്രം....മുമ്പു താൻ ഈ വഴിയേ പോകുമ്പോൾ പ്രകൃതി കനിഞ്ഞ ഒരു പ്രദേശമായിരുന്നു ഇവിടം....ഇന്നോ....ഇനി ഒരു കുരുക്ഷേത്ര യുദ്ധത്തിനു് രണഭൂമി ഒരുക്കിയിട്ടിരിക്കുന്നതായി തോന്നുന്നു... എങ്ങും ഹൂംകാരം....ആനകളുടെ ശങ്കു നാദം....പടവാളുകളുടെ മർമ്മരം....പോർ വിളിയുടെ ഘോര നാദം....എങ്ങും പൊടിപടലങ്ങൾ ഉയർന്നു പൊങ്ങുന്നു......തൻെറ ശിരസിലെ പ്രകമ്പനങ്ങൾ കൂടുതൽ കൂടുതൽ ഉച്ചത്തിൽ കത്തിയെരിയുന്നു.....

സ്വയം പറഞ്ഞു പോയി തൻെറ യാത്രയെവിടെ വരെ..................? നാലു ദിവസം കൊണ്ടു് നടക്കുന്നു......? ലക്ഷ്യമില്ലാത്ത പാത മുന്നിൽ ആകാശം കണക്കെ തുറന്നു കിടക്കുന്നു......അതിൽ നിന്നും ഉരുകിയൊലിക്കുന്ന ടാർ.........!

"നിനക്കു് ലക്ഷ്യമുണ്ടു് കുട്ടീ......ലക്ഷ്യമില്ലാത്ത ആരും തന്നെയില്ല......നീ ഓർക്കുക, നിൻെറ ഓരോ ചലനവും ലക്ഷ്യത്തിലേക്കാണു്......നീ മരണത്തിലേക്കു് അടുത്തു കൊണ്ടിരിക്കുകയാണു്......നിൻെറ മുന്നോട്ടുള്ള പ്രയാണവും........."

ഗോപി തിരിഞ്ഞു നോക്കി. അവിടെ ആരുമില്ല കത്തിജ്വലിക്കുന്ന ഭൂമിയല്ലാതെ......മുന്നോട്ടു നോക്കി അവിടെ ടാർ ഒലിക്കുന്ന നീണ്ട പാതയല്ലാതെ ഒന്നും കാണാൻ സാധിച്ചില്ല......സംശയത്താൽ മുകളിലേക്ക് നോക്കി അവിടെയും ഫലം നിരാശ......അഗ്നി വർഷിക്കുന്ന അരുണൻ മാത്രം.

"കുട്ടീ. നീ എന്നെ എങ്ങും തിരയണ്ട......അതായത് നിൻെറ മനസ്സു്......നിന്നെ ഇത്രയും കാലം ഞാൻ കാത്തു് സൂക്ഷിച്ചു......എന്നാൽ നിനക്കു് എന്നെ വിശ്വാസമല്ല......ആരെയും തന്നെ......നീ നിൻെറ ജീവിതത്തിൽ അലസനായി തീർന്നു ......നിൻെറ നാടും വീടും ഉപേക്ഷിച്ചു ......മാതാപിതാക്കളെയും ഉപേക്ഷിച്ചു......നീ സത്യത്തെ അന്വേഷിച്ചിറങ്ങി അല്ലേ......?ആ സത്യം നിന്നിൽ നീ കണ്ടെത്തിയില്ല......അദൃശ്യങ്ങളായ ചങ്ങലകൾ നമ്മേ വരിഞ്ഞു മുറുക്കുന്നു. ആ ചങ്ങലകളിൽ നിന്നും നീ രക്ഷപെട്ടില്ല......നിൻെർ മനസ്സ് കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ പാഞ്ഞപ്പോഴും മൗനം വാചാലമായില്ല...... നിനക്കൊരു തൊഴിലുണ്ടോ.......? വേദനയുടെ പ്രകാശ ഗോപുരങ്ങളെ സ്പർശിക്കാത്ത ഹൃദയൻ......വൃത്താന്തത്തിൻെറ പ്രഹേളിക കളിയാ
ടുന്ന രണ ഭൂമിയിൽ തൊഴിലി
വേണ്ടി അലയുന്ന മനുഷ്യൻ....
നീ വൃക്ഷ നിരകളെ കുത്തി
ച്ചു......ഇപ്പോൾ നീ ദാഹജല
നു വേണ്ടി അലയുന്നു അല്ലേ.....
നിൻെറ ശരീരം നടന്നകലുന്ന
പാത പണ്ടൊരിക്കൽ ഫല വൃക്ഷ
യുടെ കേളികൊട്ടുയർത്തിയി
ന്നു......ഇന്നതു് മനുഷ്യ സംമിശ്ര
ളുടെ സമ്മേളന സ്ഥലമായി മാ
സിരിക്കുന്നു......അതായത് ശവ
മ്പ് ......അവരുടെ മുന്നിൽ നീ മു
മടക്കുക. അഭിവൃദ്ധിയുടെ സമ
സമ്മേളനമാണിവിടം ...... നിൻെ
പ്രയാണവും ഇവിടെ അവസാനി
ന്നു......നിന്നെ ഉപേക്ഷിക്കാൻ
ഷമമുണ്ടു്......പക്ഷേ ഉപേക്
ക്കാതിരിക്കാൻ നിവർത്തിയുമില്ല....

പടിഞ്ഞാറൻ ചക്രവാളം സിന്ദ
ത്തിലകം ചാർത്തി......ആത്മഹ
ശ്രമത്തിനൊരുങ്ങി നിൽക്കുന്ന
ര്യൻ.......എങ്ങും ചുവന്ന നാടക
കളിയാടി......ഒരു വിപ്ലവത്തിൻെ
പ്രതീതി ഉളവാക്കുന്ന ചക്രവാളം..
അപ്പോഴും ബാഗ് തോളിൽ തൂങ്ങ
ന്നുണ്ടായിരുന്നു......ഗോപി അസ
മയ സൂര്യൻെറ നേർക്ക് നടന്നക
കയാണു്......അങ്ങിതാ ഒരു സ്വർ
രഥം ഉയർന്നു വരുന്നു......അതി
നിന്നും അപ്സരസുകൾ താഴേക്ക
ചാടുന്നു.......അവൾ തൻെറ
ക്കു് പാഞ്ഞടുക്കുന്നു...... എന്നാ
അവ ഗോപിയിൽ ഭയംജനിപ്പിച്ചു.
രക്തം ചീറുന്ന നാക്കുകൾ......ക
ത്ത പല്ലുകൾ......വികൃതമായ മു
വുമായി ഇതാ......അടുത്തെത്തി ക
ഞ്ഞു.......അപ്പോഴേയ്ക്കു് സൂ
നും കൊലക്കയറിൽ കുടുങ്ങിക
ഞ്ഞു...... ...തൻെറ മനസ സു് അ
ആ സ്വർണ്ണ രഥത്തിൽ തന്നെയു
പേക്ഷിച്ചു് അകലങ്ങളിലേക്കു്
റന്നു പറഞ്ഞു പോകുന്നു.......ത
കുററ കൃത്യത്തിൻെറ സമഞ്ജയ സ
ളനം ഇവിടെ വിരമിക്കുന്നു .....!!!

## കോളേജ് യൂണിയൻ പ്രവർത്തനത്തിൻെറ തിരശീല ഉയരുന്നു



സ്വാഗതപ്രസംഗം പ്രിൻസിപ്പാൾ





കോളേജ് യൂണിയൻ ഉദ്ഘാടനം ശ്രീ. വയലാർ രവി

Scanned with OKEN Scanner



ശ്രീ. തോപ്പിൽ രവി



ഉദ്ഘാടനസമ്മേളനത്തിൽ

ശ്രീ. മല്ലക്കര രത്നാകരൻ



ശ്രീ. കായിക്കര ഷംസുദ്ദീൻ



ജയദേവൻ

Scanned with OKEN Scanner



അദ്ധ്യക്ഷപ്രസംഗം

യൂണിയൻ ചെയർമാൻ



ആർട്ട്സ് ക്ലബ്ബ് ഉൽഘാടനം

സിനി ആക്ടർ ശ്രീ. G. K. Pillai



“സദസ്” ഒരു വീക്ഷണം’



ജനറൽ സെക്രട്ടറി

Scanned with OKEN Scanner



Single Dance I st Prize Salin



Disco Dance I st Prize Ravikumar



*Nasar*



Monsoor, Girija



കോളേജ് ഓർക്കസ്ട്രാ

Scanned with OKEN Scanner

# യൂണിയൻ റിപ്പോർട്ട് 1983—84

**എസ്. അൻസാരി**
(ജനറൽ സെക്രട്ടറി)
കോളേജ് യൂണിയൻ

ആലങ്കാരികമായ അവകാശവാദങ്ങൾ ഒന്നും ഉന്നയിക്കാതെ, കോളേജ് യൂണിയൻ പ്രവർത്തനത്തിൽ സഹകരിച്ച എല്ലാവർക്കും ആദ്യമായി നന്ദിരേഖപ്പെടുത്തിക്കൊണ്ട് ഈ എളിയ റിപ്പോർട്ട് നിങ്ങളുടെ പരിഗണനയ്ക്കായി ഞാൻ സമർപ്പിക്കുന്നു.

വിദ്യാർത്ഥികളുടെ നിലനിൽപ്പിന്റേതായ പ്രശ്നങ്ങളോട് യൂണിവേഴ്സിറ്റി അനുവർത്തിച്ചു വരുന്ന തലതിരിഞ്ഞ സമീപനങ്ങൾമൂലം നിരവധി സാദ്ധ്യായ ദിവസങ്ങൾ നമുക്ക് നഷ്ടമായി. സാമ്പത്തിക പരാധീനതയും പ്രതികൂലമായി ബാധിച്ചു. എങ്കിലും ഇത്രയും വിജയകരമായി പ്രവർത്തിക്കുവാൻ കഴിഞ്ഞതിൽ നിങ്ങളോടൊപ്പം ഞാനും അഭിമാനിക്കുന്നു

1983 സെപ്റ്റംബർ 16-ാംതീയതി നടന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ ആകെയുള്ള ഏഴ് ജനറൽ സീറ്റിൽ 5 എണ്ണത്തിൽ K. S. U. വിജയിച്ച് അധികാരത്തിൽ വരികയുണ്ടായി കഴിഞ്ഞ വർഷത്തെ യൂണിയൻ പ്രവർത്തനത്തിന്റെ ഒരു വിലയിരുത്തലായിരുന്നു ആ തെരഞ്ഞെടുപ്പ് ഫലമെന്ന് ഞാൻ വിശ്വസിക്കുന്നു.

കോളേജ് യൂണിയന്റെ ഔപചാരികമായ ഉൽഘാടനം 1983 നവമ്പർ 14-ാം തീയതി 10 മണിക്ക് ബഹുമാനപ്പെട്ട കേരള ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. വയലാർ രവി നിർവ്വഹിക്കുകയുണ്ടായി. സിനിമാനടൻ ജി. കെ പിള്ള ആർട്ട്സ് ക്ലബ്ബിന്റെ ഉൽഘാടനകർമ്മം നിർവ്വഹിക്കുകയുണ്ടായി. ചെയർമാൻ ഷാഫി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. തോപ്പിൽ രവി M. L. A., കാട്ടിക്കര ഷംസുദ്ദീൻ, മുല്ലക്കര രത്നാകരൻ, ജയദേവൻ തുടങ്ങിയവർ ആശംസാ പ്രസംഗം നടത്തി. ബഹു: പ്രിൻസിപ്പൾ സ്വാഗതമേകിയ പ്രസ്തുത ചടങ്ങിൽ പങ്കെടുത്ത അതിഥികൾക്കും എല്ലാ വിദ്യാർത്ഥികൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുവാൻ കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി എന്ന നിലക്ക് എനിക്ക് കഴിഞ്ഞു. എന്തുകൊണ്ടും വർണ്ണശബളമായിരുന്നു ഉൽഘാടന ചടങ്ങിന് ശേഷം നടന്ന കലാപരിപാടികൾ നമ്മുടെ കലാലയ ജീവിതത്തിലെ ഭാവനാധനരായ വിദ്യാർത്ഥികളുടെയും മാറിവരുന്ന പ്രവണതകളുടെയും ചിന്തകളുടെയും വികസിക്കുന്ന കലാബോധത്തിന്റെ ദർശന രൂപങ്ങളായിരുന്നുവെന്ന് പറയാം.

ആർട്ട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ ആദ്യമായി മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു സംഗീത മൽസരം നടത്തുകയും, ആ മൽസരത്തിൽ നിന്നും 11 പേരടങ്ങുന്ന ഒരു മ്യൂസിക് ക്ലബ് രൂപീകരിക്കുകയും ചെയ്തു. തുടർന്ന് ക്വിസ് ടീം, ഡ്രമാറ്റിക്ക് ക്ലബ് എന്നിവയ്ക്കും രൂപീകരണം നൽകി. 1983 നവംമ്പർ 18, 19, 20 തീയതികളിൽ കൊല്ലം വൈസ്മെൻസ് നടത്തിയ ഇൻറർ കോളേജിയററു് മൽസരങ്ങളിൽ ഈ കോളേജിൽ നിന്നും ഒരു സംഘം കലാമൂല്യമുള്ള വിദ്യാർത്ഥികൾ പങ്കെടുക്കുകയും വിവിധയിനങ്ങളിൽ സമ്മാനം നേടുകയും ചെയ്തു ഡ്രമാററിക്ക് ക്ലബ്ബ് ഏററവും പ്രശസ്ത പിടിച്ചു പററിയ ഒരു വർഷമായിരുന്നു ഈ വർഷം. ഡിസംബർ 8-ാം തീയതി ററി. കെ. എം. എഞ്ചിനിയറിംഗ് കോളേജിന്റെ രജത ജൂബിലിയോട് അനുബന്ധിച്ച് നടത്തിയ ഇൻറർ കോളേജിയററ് നാടക മൽസരത്തിൽ ഈ കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിച്ച "ചാർത്ത്" എന്ന നാടകത്തിന് അവതരണത്തിനുള്ള രണ്ടാം സ്ഥാനം നേടാൻ കഴിഞ്ഞു. തുടർന്ന് ഡിസംബർ 10-ാം തീയതി അഞ്ചൽ കലാസാംസ്ക്കാരിക സംഘടന നടത്തിയ അഖിലകേരള നാടക മൽസരത്തിൽ 'ചാർത്ത്' എന്ന നാടകത്തിന് അവതരണത്തിനുള്ള ഒന്നാം സ്ഥാനവും സഹനടൻ, നല്ല സംവിധാനം എന്നിവയ്ക്കുള്ള സമ്മാനം നേടുകയുണ്ടായി. ഡിസംബർ 19, 20, 21 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന യൂണിവേഴ്സിററി യുവജനോൽസവത്തിൽ ഈ കോളേജിൽ നിന്നും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയുണ്ടായി സമ്മാനങ്ങൾ നേടാൻ കഴിഞ്ഞില്ലെങ്കിലും അവതരിപ്പിച്ച ഇനങ്ങൾ എല്ലാംതന്നെ നല്ല നിലവാരം പുലർത്തുന്നവയായിരുന്നു.

1984 ജനുവരി 9-ാം തീയതി കൊല്ലം വൈ. എം. സി. (Y. M. C.) ഇൻറർ കോളേജിയററ് കലാമത്സരങ്ങളിലും ജനുവരി 14–15–16 തീയതികളിൽ ജേസ്സീസ്സ് നടത്തിയ വിവിധ കലാമൽസരങ്ങളിലും, ഫെബ്രുവരി 10 ന് കൊല്ലം എസ്. എൻ. വനിതാ കോളേജിൽ നടത്തിയ കവിയരങ്ങിലും ഫെ. 18, 19, 20 തീയതികളിൽ റോട്ടറി ക്ലബ്ബ് നടത്തിയ കലാമത്സരങ്ങളിലും ഈ കോളേജിൽ നിന്ന് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയുണ്ടായി.

ഡൽഹിയിൽ നടന്ന റിപ്പബ്ളിക് പരേഡിൽ മൂന്നാമത് തവണയും കേരളത്തെ പ്രതിനിധികരിച്ച Major ബഷീർകണ്ണ് സാറിനും, ഡൽഹിയിൽ റിപ്പബ്ളിക്ക് ദിനപരേഡിൽ കേരളത്തെ പ്രതിനിധികരിച്ച ഈ കോളേജിലെ വിദ്യാത്ഥികളായ ഹെലീനാ ഡിക്രൂസ്, സുജാതോമസ്പണിക്കർ, നന്ദകുമാർ, നഹാസ്, കുറുപ്പ് എന്നിവർക്കും ഈ അവസരത്തിൽ കോളേജ് യൂണിയന്റെ അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. 'ആഗ്ര'യിൽ വച്ച് നടന്ന പാരാജംസിങ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ഈ കോളേജിലെ വിദ്യാർത്ഥികളായ സുജാതോമസ് പണിക്കർ, നന്ദകുമാർ, ബീനാബീഗം, എന്നിവരെ ഞാൻ കോളേജ് യൂണിയന്റെ പേരിൽ അഭിനന്ദിക്കുകയാണു്.

കേരള യൂണിവേഴ്സിററി അത്‌ലററിക്ക് മീററിൽ പങ്കെടുത്ത നമ്മുടെ കോളേജിലെ കായിക താ

ശേഷം IV-ൽ

# എൻ. എ. ഇ. പി. റിപ്പോർട്ട്

കൊല്ലം, കരിക്കോടു് തങ്ങൾകുഞ്ഞ് മുസലിയാർ ആർട്ട്സ് കോളേജിന്റെ നിയന്ത്രണത്തിൽ ആകെ 30 ബഹുജന ബോധന കേന്ദ്രങ്ങളാണുള്ളതു്. കേരള യൂണിവേഴ്സിററിയുടെ Centre for Adult Education and Extention- ന്റെ മേൽനോട്ടത്തിലാണ് ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം. 1984 ജനുവരി 22–ാം തീയതി കൊല്ലംജില്ലയിൽ ഓയൂർ എന്ന സ്ഥലത്തുചേർന്ന പൊതുയോഗത്തിൽ ബഹു: ടി. കെ. എം. ആർട്ട്സ് കോളേജ് പ്രിൻസിപ്പൾ പ്രൊ: സൈനുലാബ്ദീൻ ഈ കേന്ദ്രങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. അതോടെ ടി. കെ. എം. ആർട്ട്സ് കോളേജിന്റെ ബഹുജന ബോധന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

ഈ പ്രോഗ്രാമിന്റെ ചാർജ്ജ് സംഘങ്ങൾ
വ്വീസ് സ്ക്കീമിന്റെ കൂടി ചാർജ്ജ് വഹിക്കു
പ്രൊ: കെ. കെ. അബ്ദുൽ ഖാദർ ആണ്. പ്രിൻ
പ്പൾ ചെയർമാനായി ഉള്ള ഒരു അഡ്വൈസറി
ററി കോളേജ് തലപ്രവർത്തനങ്ങൾ നിയന്ത്രിക്കു
കേന്ദ്രങ്ങളുടെ നടത്തിപ്പിന്റെ പുരോഗതിക്ക്
ണ്ടി രണ്ട് സൂപ്പർ വൈസറൻമാരുമുണ്ട്. ഓയൂർ
കേന്ദ്രങ്ങളുടെ ചുമതല പി. കെ. രാമചന്ദ്ര
ണ്. കൊല്ലം കേന്ദ്രമാക്കിയുള്ള കേന്ദ്രങ്ങ
ചുമതല എസ്. താഹിർ ആണ് നിർവ്വഹിക്കുന്ന

ഓയൂരുള്ള 13 കേന്ദ്രങ്ങൾ ജനുവരി
ത്തിലും, കൊല്ലം കേന്ദ്രമാക്കിയുള്ള കേന്ദ്ര
1984 ഫെബ്രുവരി മാസത്തിലുമാണ് പ്രവർത്ത
ങ്ങൾ തുടങ്ങിയത്. കൊല്ലം പട്ടണത്തിലെ കടല
പ്രദേശമായ ജോനകപ്പുറത്തും സമീപപ്രദേശങ്ങളു
പള്ളിത്തോട്ടം, മുതാക്കര എന്നിവിടങ്ങളിലായി ആ
10 കേന്ദ്രങ്ങൾ ഉണ്ട്. ആ ഭാഗത്തുള്ള പ്രവർത്ത
ങ്ങൾ നിയന്ത്രിക്കാൻ ജോനകപ്പുറം . ലാൽബഹ
ലൈബ്രറി ആൻറ് റീഡിംഗ് റൂമിന്റെ പ്രവർത്ത
രും മററനവധി സാമൂഹ്യ പ്രവർത്തകരും അടങ്ങ
ഒരു ലോക്കൽ കമ്മററിയും ഉണ്ട്. ഇനിയുള്ള രണ്ട
കേന്ദ്രങ്ങൾ ടി. കെ. എം. ആർട്ട്സ് കോളേജിന്റെ
സമീപമുള്ള മാമ്പുഴ ലക്ഷം വീട് കോളനിയി
ണ്. ബാക്കിയുള്ള 4 കേന്ദ്രങ്ങൾ കൊല്ലത്തു്
ന്നും 28 കി: മീ: കിഴക്ക് കുന്നിക്കോട് എന്ന സ്ഥ
ത്താണ്.

1984 ഫെബ്രുവരിയിൽ തുടങ്ങിയ ഈ പദ്ധ
തികൊണ്ട് വളരെയധികം ആളുകൾക്ക് പ്രയോജ
ഉണ്ടായി. 30 പേർ അടങ്ങുന്നതാണ് ഒരു ബഹുജ
ബോധന കേന്ദ്രം. ആകെയുള്ള 30 കേന്ദ്രങ്ങളി
അധികവും സ്ത്രീകളുടെ മാത്രം കേന്ദ്രങ്ങൾ
ണ്.

ഈ പദ്ധതി നടപ്പിലാക്കിയ ശേഷം പല
ര്യങ്ങളും ഈ കേന്ദ്രങ്ങളിലെ ഗുണഭോക്താക്കൾ
ചെയ്തുകൊടുക്കാൻ ഇതിന്റെ പ്രവർത്തകർക്ക്
ഞ്ഞു. മാമ്പുഴ ലക്ഷംവീട് കോളണിയിലെ ഗു
ഭോക്താക്കൾക്ക് മുഖത്തല ബ്ളോക്കിന്റെ സഹ
ത്തോടെ സൗജന്യമായി തെങ്ങിൻ തൈകൾ വിതര
ചെയ്യാൻ കഴിഞ്ഞു. കൂടാതെ പല സ്ഥലങ്ങളി
പൊതുയോഗങ്ങൾ സംഘടിപ്പിച്ച് സാക്ഷരതയെ
റിച്ച് ജനങ്ങളെ ബോധവാൻമാരാക്കാൻ കഴിഞ്ഞു.

1983 ഫെബ്രുവരി മാസം ആരംഭിച്ച ഈ
ന്ദ്രങ്ങളുടെ കാലാവധി 10 മാസം ആണ്. 1984
വംബറിൽ ഈ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ
രും. ഇതിന്റെ പ്രവർത്തനങ്ങൾക്ക ഞങ്ങളെ സഹായി
കയും വേണ്ട ഉപദേശങ്ങൾ തരികയും ചെയ
ബഹു: പ്രിൻസിപ്പലിനും പ്രോഗ്രാം ഓഫീസർക്ക
നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

**എസ്. താഹ**

Scanned with OKEN Scanner

# ആർട്സ് ക്ലബ്ബ് സെക്രട്ടറിയുടെ റിപ്പോർട്ട്—1983-84

1983 നവംബർ 14-ാം തീയതി ആർട്സ് ക്ലബ്ബിന്റെ ഉൽഘാടനം പ്രസിദ്ധ സിനിമാ നടൻ ശ്രീ. ജി. കെ. പിള്ള നിർവഹിക്കുകയുണ്ടായി. ആർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 14-ാം തീയതി ഉച്ചയ്ക്ക് 2 മണി മുതൽ മ്യൂസിക്ക് ക്ലബ്ബിലെ അംഗങ്ങൾ അവതരിപ്പിച്ച സംഗീത വിരുന്നും മററ് കലാപരിപാടികളുമുണ്ടായിരുന്നു. ആർട്സ് ക്ലബ്ബിന്റെ പ്രവർത്തനത്തിൽ ആദ്യമായി വിദ്യാർത്ഥികളെ മുഴുവനും പങ്കെടുപ്പിച്ചുകൊണ്ട് ഒരു സംഗീത മൽസരം നടത്തുകയും ആ മൽസരത്തിൽ നിന്നും 11-പേർ അടങ്ങുന്ന മ്യൂസിക്ക് ക്ലബ്ബും, തുടർന്ന്, ക്വിസ് ടീം ഡ്രമാററിക്ക് ക്ലബ്ബ് മുതലായവ രൂപീകരിക്കുകയും ചെയ്തു. 1984 നവംബർ, 18, 19, 20 തീയതികളിൽ കൊല്ലം വൈസ്മെൻസ് നടത്തിയ ഇൻററർകോളേജിയററ് മൽസരങ്ങളിൽ ഈ കോളേജിൽ നിന്നും ഒരു സംഘം കലാമൂല്യമുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും വിവിധ ഇനങ്ങളിൽ സമ്മാനം നേടുകയും ചെയ്തു.

ഡ്രമാററിക്ക് ക്ലബ്ബ് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഏററവും കൂടുതൽ പ്രശംസ പിടിച്ചു പററിയ വർഷമായിരുന്നു 1983-84. ഡിസംബർ മാസം 8-ാം തീയതി ററി. കെ. എം. എൻജിനിയറിംഗ് കോളേജിന്റെ രജത ജൂബിലിയോടനുബന്ധിച്ച് നടത്തിയ ഇൻററർ കോളേജിയററ് നാടക മൽസരത്തിൽ ഈ കോളേജിലെ ഒരു സംഘം പ്രബുദ്ധരായ വിദ്യാർത്ഥികൾ അവതരിപ്പിച്ച ''ചാർത്ത്'' എന്ന നാടകത്തിന് അവതരണത്തിന് രണ്ടാംസ്ഥാനവും, മററ് കലാമൽസരങ്ങളിൽ പ്രേക്ഷകരുടെ പ്രശംസ പിടിച്ചു പററുകയും ചെയ്തു. ഡിസംബർ 10-ാം തീയതി അഞ്ചൽ ''കല'' സാംസ്ക്കാരിക സംഘടന നടത്തിയ അഖിലകേരള നാടക മൽസരത്തിൽ ''ചാർത്ത്'', നാടകത്തിന് ഒന്നാം സ്ഥാനവും, നല്ല സഹനടൻ, സംവിധാനം എന്നിവയ്ക്കുള്ള സമ്മാനവും നേടുകയുണ്ടായി. 'ചാർത്ത്'' നാടകത്തിൽ സഹകരിച്ച എല്ലാ–കലാകാരന്മാർക്കും ഞാൻ സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ സമർപ്പിച്ചുകൊള്ളട്ടെ,

ഡിസംബർ 19,20,21 തീയതികളിൽ തിരുവനന്തപുരത്തുവച്ചു നടന്ന യുവജനോൽസവത്തിൽ ഈ കോളേജിൽ നിന്നും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും മററ് കോളേജിനോടൊപ്പം തന്നെ നിലവാരം പുലർത്തുകയും ചെയ്തു. 1984 ജനുവരി9-ാം തീയതികൊല്ലം Y. M. C. A നടത്തിയ ഇൻറർ കോളേജിയററ് കലാമൽസരങ്ങളിൽ ഈ കോളേജിൽ നിന്നും കലാമൂല്യമുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു. ജനുവരി 14, 15, 16 തീയതികളിൽ കൊല്ലം ജേസിസ് നടത്തിയ വിവിധ കലാമൽസരങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയുണ്ടായി.

ഫെബ്രുവരി 10-ാം തീയതി കൊല്ലം ശ്രീനാരായണ വനിതാകോളേജ് നടത്തിയ കവിയരങ്ങളിൽ ഈ കോളേജിൽ നിന്നും കവികളായ മൂന്ന് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയുണ്ടായി. ഫെബ്രുവരി. 18, 19 20 തീയതികളിൽ കൊല്ലം റോട്ടറി ക്ലബ്ബ് നടത്തിയ കലാമൽസരങ്ങളിൻ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയുണ്ടായി. കോളേജ് ഡേ-1984-മാർച്ച് 24-ാം തീയതി ആയിരുന്നു. കോളേജ് ഡേ-യോടനുബന്ധിച്ച് 7-പുതിയ ഇനങ്ങൾ ഉൾപ്പെടെ 38-ഇനങ്ങളിൽ മൽസരം നടത്തുകയും ഓരോ ഇനങ്ങളിലുമുള്ള പ്രതിഭകളെ കണ്ടെത്തുകയും ചെയ്തു. ആർട്സ് ക്ലബ്ബിന്റെ സമാപന ചടങ്ങ് ററി. കെ. എം. എൻജിനിയറിംഗ്കോളേജ് പ്രിൻസിപ്പൽ ശ്രീ. ലബ്ബ അവർകൾ നിർവഹിക്കുകയുണ്ടായി. സമ്മാനദാന ചടങ്ങും അദ്ദേഹം തന്നെ നിർവഹിക്കുകയുണ്ടായി. ഉച്ചതിരിഞ്ഞ് 2 മണിമുതൽ ഡ്രമാററിക്ക്ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'ചാർത്ത്'' നാടകം അവതരിപ്പിക്കുകയും ഒന്നാംസ്ഥാനം നേടിയ മററ് കലാപരിപാടികളും അവതരിപ്പിക്കുകയുണ്ടായി. കൂടാതെ വിദ്യാർത്ഥികൾ മുഴുവനും ശ്വാസം പിടിച്ച് ഇരുന്നുകണ്ട ''കരാട്ടേ ഡെമോൺസ്ട്രേഷൻ'' എന്ന പുതിയ പരിപാടിയും നടത്തുകയുണ്ടായി.

നമുക്ക് കിട്ടിയ അദ്ധ്യായ ദിനങ്ങളിൽ ചിലതു് ഉപയോഗിച്ച് ഇത്രയും ആർട്സ് ക്ലബ്ബ് പ്രവർത്തനം നടത്താൻ സഹകരിച്ച എന്റെ എല്ലാ പ്രിയപ്പെട്ട സുഹൃത്തുക്കൾക്കും ആത്മാർത്ഥതയുടെ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊള്ളുന്നു.

ആർട്സ്ക്ലബ്ബ് സെക്രട്ടറി

**ബിസാർ. എ**

ഫൈനൽ ഇയർ ബി. കോം.

കൈവരിക്കുകയു

രങ്ങൾ വളരെ വലിയ നേട്ടങ്ങൾ ഒന്നാം ണ്ടായി. ബീനാബീഗം ജാവലിൻ ത്രോയിൽ സ്ഥാനവും 110 മീ. ഹർഡൽസിൽ മൂന്നാം സ്ഥാന വും സുജാതോമസ്സ് പണിക്കർ 400 മീററർ ഓട്ട ത്തിൽ മൂന്നാം സ്ഥാനവും ഹെപ്റ്റാത്തലിനിൽ ര ണ്ടാം സ്ഥാനവും ലുബീനയ്ക്കു മൂന്നാം സ്ഥാന വും ലഭിച്ചു. അതിലുപരി 4x100 മീററർ റിലേ യിൽ ഈ കോളേജിലെ വിമൻസ് ടീം മൂന്നാം സ്ഥാ നത്തെത്തി അതിശയകരമായ വിജയം നേടി. ഇ ൻററർകോളേജിയററ് ഫുട്ബാൾ മത്സരത്തിൽ പ ങ്കെടുത്ത നമ്മുടെ കോളേജ് ടീം സെമിഫൈനലിൽ എത്തുകയും ചെയ്തു.

ഈ അദ്ധ്യായന വർഷത്തിൽ വളരെ വേദനാ ജനകമായ രണ്ടു സംഭവങ്ങൾ ഉണ്ടായി. രണ്ടാം വർഷ പ്രീ-ഡിഗ്രി വിദ്യാർത്ഥികളായ വിജയകുമാർ, രാ ജൻ എന്നിവരുടെ ആകസ്മികമായ നിര്യാണം. പരേ തരോടുള്ള ആദരസൂചകമായി കോളേജ് യൂണിയൻ യോഗം ചേർന്ന് അനുശോചനം രേഖപ്പെടുത്തി. കൂ ടാതെ കോളേജ് യൂണിയൻെറ ജീവകാരുണ്യ പ്രവർ ത്തനത്തിൻെറ ഭാഗമായി നാഗർകോവിൽ ഡിസ്ട്രി ക്ടിലുള്ള ഒരദ്ധ്യാപകനായ............................ വേണ്ടി നമ്മുരെ കോളേജിലെ വിദ്യാർത്ഥികളുടെ യും അദ്ധ്യാപകരുടെയും കൈയിൽ നിന്നും സ്വരൂ പിച്ച സഹായനിധി നൽകുകയുണ്ടായി.

1984 ഫെബ്രുവരി മാസത്തിൽ കോളേജ് യൂ ണിയൻെറ ആഭിമുഖ്യത്തിൽ ഒരു ഗ്യാലപ്പോൾ സംഘ ടിപ്പിച്ചു. ഇന്നത്തെ രാഷ്ട്രീയ വ്യവസ്ഥിതിയോട് 336 പേർ യോജിച്ചപ്പോൾ 1107 പേർ വിയോജിപ്പ് പ്രകടിപ്പിച്ചു ഇന്നത്തെ വിദ്യാഭ്യാസ വ്യവസ്ഥിതി യോട് 489 പേർ യോജിച്ചപ്പോൾ 970 പേർക്ക് വി യോജിപ്പ് പ്രകടിപ്പിക്കാനേ സാധിച്ചുള്ളു. ഏതെങ്കി ലും ഒരു തൊഴിൽ കിട്ടാൻ ഭൂരിപക്ഷം പേർ ആഗ്ര ഹം പ്രകടിപ്പിച്ചപ്പോൾ ജനസേവനം നടത്താൻ 64 പേർ ആഗ്രഹിക്കുന്നു. ബിസിനസ്സുകാരാകാൻ 41 പേർ ആഗ്രഹിക്കുമ്പോൾ സർക്കാർജോലിമാത്രം ഇഷ് ടപ്പെടുന്നവരുടെ എണ്ണം 12 ആണ്. ഈ കോളേജിലെ വിദ്യാർത്ഥികൾ ഇഷ്ടപ്പെടുന്ന രാഷ്ട്രീയ നേതാ വിൻെറ സ്ഥാനത്ത് ശ്രീമതി ഗാന്ധി ഒന്നും ഈ. എം. എസ്. രണ്ടാമതും നിൽക്കുന്നു. ഭൂരിപക്ഷം പേർ ഇഷ്ടപ്പെടുന്ന സിനിമാനടി, നടൻമാരുടെ കൂ ട്ടത്തിൽ മമ്മൂട്ടിയും, പൂർണ്ണിമയും മുന്നിൽ നിൽക്കു മ്പോൾ ഏററവും കൂടുതൽ പേർ ഇഷ്ടപ്പെടുന്ന സ് പോർട്ട്സ് മാൻ കപിൽദേവാണു്. 247 പേർ പ്രേ മ വിവാഹം ഇഷ്ടപ്പെടുമ്പോൾ 879 വീട്ടുകാർ അറി ഞ്ഞ് നടത്തുന്നവിവാഹമാണ് ഇഷ്ടപ്പെടുന്നത്, 233 പേർ യാതൊരു അഭിപ്രായവും പ്രകടിപ്പിച്ചില്ല.

കേരള യൂണിവേഴ്സിററി 1983-ൽ നടത്തിയ B. A. (Islamic history) പരീക്ഷയിൽ ഒന്നാം റാ ങ്ക് നേടിയ ഈ കോളേജിലെ വിദ്യാർക്ഥിയായ ശ്രീ. സുബേർകുട്ടിയെ ഈ അവസരത്തിൽ കോളേജ് യൂ ണിയൻെറ പേരിൽ ഞാൻ അനുമോദിക്കുകയാണ്.

മാർച്ച് 6-ന് നടന്ന കേരള യൂണിവേഴ്സി ററി യൂണിയൻ തെരഞ്ഞെടുപ്പിൽ നമ്മുടെ കോളേജി ലെ കൗൺസിലറായ ശ്രീ. എൻ. അബ്ദുൾ ബാരി യെ യൂണിവേഴ്സിററി എക്സിക്യൂട്ടീവ് അംഗമാ യി തിരഞ്ഞെടുത്തതും, കേരള യൂണിവേഴ്സിററി സെനററിലേയ്ക്ക് വിദ്യാർത്ഥികളുടെ നോമിനിയാ

യി ഈ കോളേജിലെ കൗൺസിലറായ ശ്രീ. ... ഷ്ണപിള്ളയെ തിരഞ്ഞെടുത്തതും, അദ്ധ്യാപ... ടെ പ്രതിനിധിയായി നമ്മുടെ കോളേജിലെ അദ്ധ്യാ... പകനായി ശ്രീ. പ്രൊ: കെ. കെ. വർക്കിയെ തിര... ടുത്തതും നമുക്ക് ഏവർക്കും അഭിമാനിക്കാവു... ന്ന കാര്യമാണ്.

1983 മാർച്ചു് 21, 22 തീയതി കളിൽ നമ്മുടെ കോ ളേജിലെ ആനുവൽ അത്ലററിക് മീററ് നടക്കുക ണ്ടായി. അതിൻെറ വിജയത്തിലേയ്ക്കായി കോളേജ് യൂണിയൻെറ സഹകരണം നൽകാൻ കഴിഞ്ഞതിൽ തീയായ സന്തോഷമുണ്ടു്. അത്ലററിക് മീററ് വിജയികളായവർക്കു് ചാത്തന്നൂർ എസ്. എൻ. കോ ളേജ് പ്രിൻസിപ്പാൾ പ്രൊഫ: ഉദയകുമാർ സമ്മാന ങ്ങൾ വിതരണം ചെയ്യുകയുണ്ടായി. 22-ാം തീയതി ന്ന കലാമത്സരങ്ങളിൽ പല പുതിയ ഇനങ്ങ ഉൾപ്പെടുത്തികൊണ്ടു് 32 ഇനങ്ങളിൽ മത്സരങ്ങ സംഘടിപ്പിച്ചു. കലാമത്സരങ്ങളിൽ വിജയിച്ച ല്ലാ കലാകാരൻമാരെയും കലാകാരികളെയും ഈ വസരത്തിൽ കോളേജ് യൂണിയൻെറ പേരിൽ അ... അനുമോദിക്കുന്നു. N. S. S ൻെറയും N. C. C. ടെയും പ്രവർത്തനങ്ങളെ സൃഷ്ടിപരമായി സഹാ... ക്കാൻ കോളേജ് യൂണിയന് കഴിഞ്ഞിട്ടുണ്ട്.

24-3-84 ന് കോളേജ് യൂണിയൻെറ സമാ... ന സമ്മേളനം നടന്നു. സമ്മേളനത്തിൻെറ ഉത്ഘാ... കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ. A. A. റ... നിർവ്വഹിച്ചു. യോഗത്തിൽ ആർട്ട്സ് ക്ലബ്ബിൻെ സമാപന സമ്മേളനം എഞ്ചിനിയറിംഗ് കോളേജ് പ്രി ൻസിപ്പാൾ പ്രൊ: J O ലബ്ബ നിർവ്വഹിച്ചു. ശ്രീ. ... ഴാഞ്ചേരി രാമചന്ദ്രൻ, ആര്യാട് ഗോപി തുടങ്ങി... വർ ആശംസാപ്രസംഗം നടത്തിയപ്രസ്തുത ചടങ്ങി... ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി കൃതജ്ഞത രേഖപ്പെ ടുത്തി.

25-ാം തീയതി നടന്ന കരാട്ടെ പ്രദർശനം ഈ വർഷത്തെ കോളേജ് യൂണിയൻ പ്രവർത്തനത്തിൻെ ഏററവും വലിയ നേട്ടമാണ്.

ഫണ്ടിൻെറ അപര്യാപ്തതയും സാദ്ധ്യായ ദിവസങ്ങളുടെ കുറവ് മൂലവും പല പരിപാടികളും സംഘടിപ്പിക്കാൻ കഴിയാതെ പോയത് അൽപ്പം കുറ... ബോധത്തോടുകൂടി സൂചിപ്പിക്കുന്നതോടൊപ്പം ഇനി വരുന്ന യൂണിയനുകൾ പ്രത്യേകം ശ്രദ്ധ വയ്ക്കുമെ ന്നും പ്രതീക്ഷിക്കുന്നു. പല പരിമിതികൾ ഉണ്ടായി ട്ടുപോലും വിഭാഗീയത ഇല്ലാതെ എല്ലാ വിഭാഗം വി ദ്യാർത്ഥികളെയും സഹകരിച്ചുകൊണ്ട് ഇത്ര ക്രിയാ ത്മകമായി കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ ന... ടത്തുവാൻ സഹായിച്ച എല്ലാ വിദ്യാർത്ഥി പ്രതിനി ധികളോടും, അദ്ധ്യപകരോടും, വിദ്യാർത്ഥി-വി ദ്യാർത്ഥിനികളോടും ഞങ്ങൾക്കുള്ള നിസീമമായ ... ന്ദി കുറിക്കട്ടെ! സമയോചിതമായ നിർദ്ദേശങ്ങ... തന്നു് പരിപാടികളുടെ വിജയത്തിനായി ഞങ്ങളോ ടൊപ്പം പ്രവർത്തിച്ച ബഹു; പ്രിൻസിപ്പാളിനും സ്... റാഫ് അഡ്വൈസർ പ്രൊ. ബഷീർക്കുഞ്ഞ് സാറിനും കലാസമിതികളുടെ പ്രവറത്തനങ്ങളുടെ വിജയത്തി നായി ഞങ്ങളോടൊപ്പം നിലകൊണ്ട ബഹുമാന്യരായ അദ്ധ്യാപകർക്കും സഹപ്രവർത്തകർക്കും ഹൃദയപൂ... വ്വം നന്ദിയുടെ ഒരു നുള്ള് തൊറിപ്പൂക്കൾ അർപ്പി ച്ചുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിച്ചു കൊള്ളട്ടെ !



Scanned with OKEN Scanner

A. A. Karim
**New Commissioned Officer**
**N. C. C. Army Wing**
**Second L. T.**



A Hat – Trick Honour



Major Basheer Kannu, Selected for the third time to command kerala and lakshadweep N. C. C. contingent in the Repuplic day parade and celebrations at New Delhi during January, 1984.

Awarded N. C. C. Director



M. Fathima Beegum
Newly Commissioned Officer
N. C. C. Girls Wing
Second L. T.



N. C. C. Army wing

Scanned with OKEN Scanner



U/o. NAZEER J.
Certificate 'B' Holder Attended
Attachment to Regular
Army Unit



U/o. AHMED ALI TAHER
N. C. C Represented K. & L.
Directorate in the Asiad
Certificate 'C' Holder.



P. O. Cdt
Rehumathullah



S. U/o. Nanda Kumar
a para trouper attended the
Republic Day Parade and
Celebrations at New Delhi
during January 1984. Selected
to attend PARAJUMPING
at AGRA during October, 1984,
certificate 'C' holder.



2 Cdt Capt:
M. P. Santhoshkumar
Attended Naval
Sainik camp
at Cochin



PO Cdt Madhusudana
Kurup B.
Attended Republic Day
Parade at Delhi 1984



A COVETABLE HONOUR

Prof: K. K. VARKEY

(Senate Member University of Kerala)



*Teaehing Staff*

Scanned with OKEN Scanner



[illegible]

Attended inter collegiate
N. S. S. Leader Ship Camp at
Peringanmala
Eqbal College



നല്ല നടൻ ഷറഫുദ്ദീൻ കെ.



Best Director
Jalal H.



Mathai Kutty
*Sports Secretary*
*Senior Champion*



DEEPU *Junior Champion*



‘‘വിടപറയുംമുമ്പ്’’ M. Com. 1982–1984



N. S. S–ന്റെ വാളണ്ടിയർ



ANCIL FRANCIS

**Navel N. C. C. Officer**

**Promoted to the** rank of Lt: Commander

**and advanced** with 7 years long Service Medal



N. C C Naval wing

Scanned with OKEN Scanner

# കഥകളി

**എം. ജി. രാജേന്ദ്രൻ**

രണ്ടാംവർഷ ഗണിതം

കാലത്തിൻ വിരൽപ്പാടുകൾ
കടങ്കഥ കോറിയ
കലിയുഗ ജന്മങ്ങളെ
കഷ്ടസംഘാതങ്ങളെ
കരിന്തിരിയെരിയുന്ന
കളിവിളക്കിന്റെ മുന്നിൽ
കരിവേഷക്കാർ നമ്മൾ
കഥകളിയാടുന്നില്ലേ.........

കാളുന്ന വിശപ്പല്ലേ
കാലിലെ ചിലങ്കകൾ
കണ്ണിലെക്കാരുണ്യമോ—
കരയുന്ന കരളല്ലേ.
കലിത മോഹങ്ങളല്ലേ
കച്ചോലത്തിളക്കവും?
കരവിരുതുണർത്തുന്ന
കാലിക ചിത്രങ്ങളെ!

കാപ്പൊലിയൊരുക്കുന്നു
കാവടിയാടുന്നു
കാവിലെ ഭൂതങ്ങൾ
കലിതുള്ളിയാടുന്നു
കാളിന്ദിയാറിലോ—?
കലലമഴുകുന്നു!
കബന്ധങ്ങളാടുന്നു
കാററിലെ കാർമുകിലിൽ......
കടമ്പ കടക്കുവാൻ
കടമ്പു തരുവില്ല—
കലികയുടെ കരളോ

കരിവണ്ടു കരളുന്നു
കഞ്ചാവിലലിയുന്നു
കണ്ണികൾ പിളരുന്നു
കല്പടവുകളിലെവിടെയൊ
കരയുന്ന ചാരിത്ര്യം
കത്തിയോ കാടിയോ?
കാത്തികക്കാച്ചിലോ?
കടശ്ശിയിലിത്തിരി
കാഞ്ഞിരക്കുരുവില്ല
കതിരോൻ ദിവസവും
കാണുന്നു കൂട്ടരെ
കല്മഷജ്വാലയിൽ
കരിയും കിനാവുകൾ!
കാഴ്ചകൾ കാഴ്ചകൾ
കാല്ക്കീഴിലുടയുമ്പോൾ
കാതരർ നമ്മളോ—?
കർമ്മം മറന്നവർ
കാതോർത്തു കേൾക്കുക
കദനഗാനങ്ങളെ
കടുന്തുടി കൊട്ടുക
കണ്ണീർ പൊഴിക്കലാ......

കർപ്പൂരനാളങ്ങളിൽ
കത്തീടുമൊരുനാളിൽ
കാവിലെ ഭൂതങ്ങളേ......
കണകപ്പുല്ലുപോലെ
കാടത്ത കപാലങ്ങൾ
കണകപ്പുല്ലുപോലെ.

# ഇന്ത്യയും ചേരിചേരാ പ്രസ്ഥാനവും

**ദേവരാജൻ കുണ്ടറ**

ഒന്നാംവർഷം. പി. ഡി. സി.

ചേരിചേരാ പ്രസ്ഥാനം ഉടലെടുത്തത് ബന്ദൂംഗിൽ നടന്ന സമ്മേളനത്തോടെയാണ്. ആഫ്രോ-ഏഷ്യൻ രാഷ്ട്രങ്ങൾ 1955-ൽ ബന്ദൂംഗിൻ സമ്മേളിച്ച്, സമാധാനവും പരസ്പര സഹകരണവും ഉണ്ടാവണമെന്ന് അവർ വികസിത രാഷ്ട്രങ്ങളോടും മററുള്ള രാജ്യങ്ങളോടും അഭ്യർത്ഥിച്ചു. ബന്ദൂംഗിൻ നടന്ന ആ സമ്മേളനം ചേരിചേരാ പ്രസ്ഥാനത്തിന്റെ ആ പിറവി മാത്രമായിരുന്നു. എന്നാൽ 1956-ൽ ജൂലൈയിൽ ചേരിചേരപ്രസ്ഥാനത്തിന്റെ മുന്നണിപ്പടയാളികളായിരുന്ന ജവഹർലാൽനെഹ്റുവും, ടിറേറായും, നാസറും ബ്രിയോണിൽ സമ്മേളിച്ചു, പിന്നീട് 1960-ൽ വീണ്ടും അവർ സമ്മേളിച്ചു. ഈ സമ്മേളനങ്ങളുടെ പരിണിത ഫലമാണ് ബൽഗ്രേഡ് സമ്മേളനം.

യൂഗസ്ലാവിയൻ തലസ്ഥാനമായ ബൽഗ്രേഡിൻ 1961-ൽ സെപ്റ്റംബർ ആദ്യം ഒന്നാമത് ചേരിചേരാ സമ്മേളനം കൂടി. അടിമത്തത്തിന്റെ കറുത്ത ചങ്ങലകൾ പലതും പൊട്ടിച്ചെറിഞ്ഞ കാലം. സാമ്രാജ്യത്വത്തിന്റെ കറുത്ത കൈയുടെ പിടിയിൽ നിന്ന് കുറെ രാജ്യങ്ങൾ വിമോചനം നേടി. അങ്ങനെ വിമോചനം നേടിയ രാജ്യങ്ങളിലൊന്നായിരുന്നു ഇന്ത്യാമഹാരാജ്യം. ഒരു രക്തച്ചൊരിച്ചിൽ ഇല്ലാതെ തന്നെ നമ്മുടെ രാജ്യം സ്വതന്ത്രമായി. ഇന്ത്യയുടെ ആദ്യത്തെ പ്രധാന മന്ത്രികൂടിയായ ശ്രീ ജവഹർലാൽനെഹ്റു ചേരിചേരാ പ്രസ്ഥാനത്തിലൂടെ ഒരു സമാധാനസന്ദേശവാഹകനായി ലോകം മുഴുവനും ആദരവ് പിടിച്ചുപററിയിരുന്നു.

ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വരരാഷ്ട്രങ്ങൾ മററുള്ള വികസിത രാഷ്ട്രങ്ങളുടെ മുന്നിൽ വെറും കളിപാവകളായി മാററുത് എന്ന കരുതിയാവണം അദ്ദേഹം ചേരിചേരാ പ്രസ്ഥാനത്തിന് തുടക്കമിട്ടത്. 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടി ശ്രീ നെഹ്റു പ്രധാനമന്ത്രിയായപ്പോൾഅദ്ദേഹം ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രഖ്യാപിച്ചു. ''ഇന്ത്യ ഒരു ശാക്ത്രിക ചേരിയിലും നില്ക്കാതെ ലോകസമാധാനത്തിനും സഹകരണത്തിനുംവേണ്ടി നിലകൊള്ളും. ഇപ്പോഴും നമ്മുടെ രാജ്യം സമാധാനത്തിനുവേണ്ടി നിലകൊള്ളുന്നുവെങ്കിലും നമ്മുടെ രാജ്യത്ത് സമാധാനം ഇല്ലെന്നുള്ളത് മറെറാരു കാര്യമാണ്. അതൊരു ആഭ്യന്തര പ്രശ്നമാണെങ്കിൽത്തന്നെയും.

ബൽഗ്രേഡ് ഉന്നതതലത്തിൽ പിഫലര്യങ്ങൾ പൊന്തിവന്നു. അന്താരാഷ്ട്രബന്ധങ്ങളിൽ സമാധാനപരമായ സഹവർത്തിത്വം എന്ന നയം നമ്മകൾ പലതും ഉളവാക്കി. ഈ കാലഘട്ടത്തിലാണ് ലോകത്ത് ദേശീയ വിമോചന പ്രസ്ഥാനങ്ങൾ രൂപം കൊള്ളുകയും വീറോടെപൊരുതി, രക്തം ചിന്തി, അങ്ങനെ പല രാജ്യങ്ങളും സ്വാതന്ത്ര്യം തേടി. 1962-ൽ അൽജീരിയ, ഒരു വിപ്ലവത്തിലൂടെ സ്വാതന്ത്ര്യം നേടിയ കൊച്ചു ക്യൂ... ക്യൂബയുടെ സ്വാതന്ത്ര്യത്തിന് വേ... പടപൊരുതിയ ഫിഡൽ കാസ്ട്രോ... ന്നെയാണ് ഇന്നും ക്യൂബ ഭരിക്കുന്ന... ക്യൂബയുടെ ഇരുപത്തഞ്ചാം സ്വാ... ന്ത്ര്യദിനം ആഘോഷിക്കുന്ന അവ... ത്തിൽ കാസ്ട്രോ പറഞ്ഞ കാ... ങ്ങൾ വളരെ ശ്രദ്ധേയമാണ്.

മൂന്നാം ലോക രാഷ്ട്രങ്ങൾ സമാ... നവും സഹവർത്തിത്തോടും ക... ഞ്ഞാൽ രാജ്യത്തിന്റെ പുരോഗതി ... ത്രമല്ല, മററുള്ള രാജ്യങ്ങൾക്ക് അ... രു മാതൃകകൂടിയായിരിക്കും.

ചേരിചേരാ രാഷ്ട്രങ്ങൾക്കുള്ളി... ത്തന്നെ ചേരിപ്പോരു് ഉണ്ടാക്കുവാ... സാമ്രാജ്യത്വവാദികൾ ശ്രമം നടത്... പക്ഷേ അത് ഫലിച്ചില്ല. അമേ... ക്കയെപ്പോലുള്ള വൻകിട രാഷ്ട്രങ്ങ... ആയുധപ്പന്തയം നടത്തുന്ന കാഴ്ച ... ന്നും ഇന്നലെയും തുടങ്ങിയതല്ല. ... വികവിത രാഷ്ട്രങ്ങൾക്ക് ആയു... വിററ് സമ്പത്ത് കുന്ന്കൂട്ടുന്ന മുത... ളിത്ത രാജ്യങ്ങൾ, സമാധാനം ക... ക്ഷിക്കുന്ന രാഷ്ട്രങ്ങൾക്ക് അതൊ... ഭീഷണിയായിത്തീരിക്കുകയാണ്. ... ന്ത്യ ഉപഭൂഖണ്ഡത്തിൽ അമേരി... യെപ്പോലുള്ള രാഷ്ട്രങ്ങളുടെ ചാര... വർത്തനം വളരെയധികം ശക്ത... പ്പെട്ടുവരുന്നത് കാര്യ ഗൗരവമുള്ള... ണ്.

ഒരു ചേരിചേരാ രാഷ്ട്മായ പ... കിസ്ഥാൻ യഥാർത്ഥത്തിൽ ഒരു ചേ... രിചേരാനയത്തിലൂടെ നിങ്ങേണ്ടത...

ണ്ട്. എന്നാൽ ഈ രാജ്യം അമേരി
ക്കയുടെ ഭീഷണിയിൽ ഇപ്പോൾ ഒളിപ്പി
ക്കുകയാണ്. അമേരിക്കയുടെ ചെലവിൽ
നിന്ന് ആധുനിക സജ്ജീകരണങ്ങ
ളടങ്ങിയ ആയുധങ്ങൾ വാങ്ങി കൂട്ടു
ന്നു. ഫലത്തിൽ ഇന്ത്യയ്ക്കെതിരെ
ആയിരിക്കും. ഇതെല്ലാം കണ്ടുകൊ
ണ്ടാണ് നമ്മുടെ രാജ്യം നിശ്ശബ്ദമാ
യിരുന്ന് കാണുന്നു. ഇന്ത്യാ സമു
ദ്രത്തിൽ സംഘർഷം സൃഷ്ടി
ക്കാൻ ചില ശക്തികൾ ശ്രമിക്കുന്നു.
സംഭവങ്ങൾ എത്രയോ ഭീകരമായതാണ്.
ഡീഗോ ഗാർഷ്യ—ദ്വീപ് 'താവളത്തിൽ പാകി
സ്ഥാന് എത്തിയ ആയുധങ്ങൾ സ
ജ്ജീകരിക്കുന്നതും അമേരിക്കയാണ്. ആയു
ധങ്ങൾ ഇന്ത്യയും സംഭരിച്ചു. എന്നാ
ൽ, ഏതു രാജ്യം അമേരിക്കയുടെ പ
ക്കൽ നിന്ന് ആയുധങ്ങൾ വാങ്ങിയാ
ലും ആ രാജ്യത്ത് മറ്റുള്ള രാജ്യങ്ങൾ
ക്ക് എതിരെ ആയുധം സജ്ജീകരി
ക്കാനുള്ള ഒരു താവളം തീർക്കാനുള്ള
ശ്രമമാണ് ഈ ആയുധവിൽപ്പനയുടെ
പിന്നിലുള്ളത്. ഇങ്ങനെ വന്നാൽ
നമ്മുടെ രാജ്യത്തിന് ഭീഷണിയാവി
ല്ലേ?

1076-ൽ ശ്രീലങ്കയിൽവച്ച് അഞ്ചാ
മത് ചേരിചേരാ സമ്മേളനംകൂടി.
ആ സമ്മേളനത്തിൽ എൺപത്താറു രാ
ജ്യങ്ങൾ പങ്കെടുത്തു. ഈ കാലഘട്ട
ത്തിൽ പ്രസ്ഥാനത്തിലേക്ക് പുതിയ
തായി അംഗങ്ങളായി പുതിയൊരു
സാമ്പത്തിക ക്രമം അന്താരാഷ്ട്ര തല
ത്തിൽ വികസിപ്പിച്ചെടുക്കുന്നതിന്
വേണ്ടി എല്ലാ ചേരിചേരാ രാഷ്ട്രങ്ങ
ളും ഒത്തൊരുമിച്ച് പ്രവർത്തിക്കണ
മെന്നതായിരുന്നു സമ്മേളനത്തിലെ
പ്രധാന ആവശ്യം. പക്ഷേ മുകളിൽ
പറഞ്ഞ 'സാമ്പത്തികക്രമം' എന്നുള്ള
തത്വം ആ ചേരിചേരാ രാജ്യവും ഇന്നു
വരെ പ്രാവർത്തികമാക്കിയിട്ടില്ല.

മുതലാളിത്ത രാഷ്ട്രങ്ങളും മററു വി
കസിത രാഷ്ട്രങ്ങളും ചേരിചേരാ പ്ര
സ്ഥാനത്തെ പുറകിൽ നിന്നുകൊണ്ട്
വിള്ളലുണ്ടാക്കുവാനുള്ള ശ്രമം തുടർന്നു
കൊണ്ടിരുന്ന സാഹചര്യത്തിലാണ്
1979-ൽ ഹവാനയിൽ ചേരിചേരാ ഉ
ന്നതതലം നടന്നത്. ലോകസമാധാ
ന പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ
ഈ സമ്മേളനം കൊണ്ട് കഴിഞ്ഞു. വി
മോചന പ്രസ്ഥാനത്തിന് പിന്തുണ
ആവർത്തിച്ച് പ്രഖ്യാപിച്ചു. തെ
ക്കേ ആഫ്രിക്കയുടെ വർണ്ണവിവേചന
സങ്ങളെ അതിജീവിക്കാവുന്ന നിതി
യിൽ നിർമ്മിച്ചിരുന്നു. ഇപ്പോഴും
ചേരിചേരാതത്ത്വങ്ങളെ പ്രത്യേകിച്ച്
ഇന്ത്യയെയും ആഫ്രിക്കയുടെ ഈ
വിമോചനത്തെ ശക്തിയുക്തം എതിർ
ക്കുന്നു.

## എന്താണ് ചേരിചേരാ-യ്മ?

നിഷ്ക്രിയമായ നിഷ്പക്ഷതയ
ല്ല ചേരിചേരായ്മ. രണ്ടു രാജ്യങ്ങൾ
തമ്മിൽ എന്തെങ്കിലും കലഹങ്ങളിരി
ക്കുന്നുണ്ടെങ്കിൽ അത് നോക്കിക്കാണു
ന്ന ഭാവമല്ല ചേരിചേരാ
യ്മ. ക്രിയാത്മകവും ഉജ്ജ്വലവു
മായ നിഷ്പക്ഷതയുടെ കാതലായതാ
ണ്. ലോകസമാധാനം കാത്തു ര
ക്ഷിക്കാനും പൊതുവെ സമാധാനവും
സഹവർത്തിത്വവും പരിപാലിക്കുന്ന
തിനും കൂടിയാണ് ചേരിചേരായ്മ.

ദാരിദ്ര്യവും തൊഴിലില്ലായ്മയും
ഇല്ലാതാക്കാൻ ശ്രമിക്കുന്ന വികസ്വര
രാഷ്ട്രങ്ങളുടെ മേൽ വികസിത രാ
ഷ്ട്രങ്ങളുടെ ആയുധപ്പന്തയത്തിന്റെ
ഫലമായി സൈനികച്ചെലവ് സ്വ
ഭാവികമായി വർദ്ധിപ്പിക്കാൻ ശ്രമി
ക്കുന്നു. ഐക്യരാഷ്ട്ര സഭയിൽ ഇ
പ്പോൾ മൂന്നിലൊന്ന് രാജ്യങ്ങളും ചേ
രിചേരാ രാഷ്ട്രങ്ങളാണ്; പക്ഷേ
ഐക്യരാഷ്ട്ര സഭയിൽ വരുമ്പോൾ
ചേരിചേരാ രാഷ്ട്രങ്ങളുടെ 'ചേരി
ചേരായ്മ' കാണാനില്ല. നേരത്തെ
സൂചിപ്പിച്ചതുപോലെ വൻ ശക്തി
കളുടെ മുന്നിൽ ചില ചേരിചേരാരാ
ഷ്ട്രങ്ങൾ വെറും കളിപ്പാവകളായി
മാറിയാലോ?

## ഡൽഹി ഉന്നതതലം

പണ്ഡിററ് ജവഹർലാൽനെഹ്റു
ചേരിചേരാ പ്രസ്ഥാനത്തിന് തനി
ക്ക് കഴിയുന്നതെല്ലാം ചെയ്തിരുന്നു.
പക്ഷേ ഇന്ത്യയിൽ വച്ച് ഒരു ചേരി
ചേരാ സമ്മേളനം നടത്താൻ സാധി
ച്ചിരുന്നില്ല. കാരണ മുണ്ട്, ബ്രിട്ടീ
ഷുകാരുടെ കോളോണിയൽ വാഴ്
ചയിൽ നിന്ന് മോചനം നേടിയ ഇ
ന്ത്യയ്ക്ക് ഒരു നല്ല സാമ്പത്തിക ഭദ്രത
അന്നില്ലായിരുന്നു. അല്പം പുരോ
ഗതി ആയിരുന്നു ആദ്യം നമ്മുടെ ല
ക്ഷ്യം. അതു ചിന്തിക്കാതെ മറ്റു കാ
ര്യങ്ങൾ നടത്താൻ അവസരത്തിന് ഒട്ടും
ഇഷ്ടമില്ലായിരുന്നു. ശ്രീ നെഹ്റുവി
ന് ചെയ്യാൻ കഴിയാതെ പോയത് ഇ
ന്ന് ജീവിക്കുന്ന ശ്രീമതി ഇന്ദിരാഗാ
ന്ധി ചെയ്തത് ആ നല്ല കാര്യം ത
ന്നെ. നെഹ്റുവിന്റെ ആദർശ
ങ്ങളെ പിന്തുടർന്നുകൊണ്ട് ശ്രീമ
തി ഗാന്ധി സമാധാനത്തിനുവേണ്ടി
യും പരസ്പരസഹകരണത്തിനു വേ
ണ്ടിയും ഇന്നു നിലകൊള്ളുന്നു. (സമാ
ധാന ആശയങ്ങൾ ഗാന്ധിജിയിൽ
നിന്നുള്ളത് ശ്രീ നെഹ്റു പ്രാവർത്തി
കമാക്കിയതിൽ നിന്ന്) ശ്രീമതി
ഗാന്ധി ചേരിചേരാ പ്രസ്ഥാനത്തി
ന്റെ പ്രസിഡന്റാണ്. ചേരിചേ
രാപ്രസ്ഥാനം നേരിടുന്ന വെല്ലുവിളിക
ളെ ചേരിചേരാ രാഷ്ട്രങ്ങൾ ഒന്നി
ച്ച്, ഒത്തുചേർന്ന് നേരിടേണ്ടതാണ്.
ന്യൂക്ലിയർ ആയുധങ്ങൾ ഒഴിവാക്കു
ക, ചേരിചേരാ രാജ്യങ്ങളിൽ വൻ
ശക്തി ഇടപെടൽ അവസാനിപ്പിക്കു
ക എന്നിവ പ്രസ്ഥാനം ഉയർത്തി
പ്പിടിക്കുന്ന ഇപ്പോഴത്തെ വലിയ പ്ര
ശ്നങ്ങളാണ്.

ആയുധങ്ങൾ വിററഴിച്ച് രാജ്യത്തെ
പുഷ്ടിപ്പെടുത്താമെന്ന് വിചാരിക്കു
ന്ന രാജ്യങ്ങൾക്കു മെതിരെ മൂന്നാം
ലോകരാഷ്ട്രങ്ങൾ അതു വാങ്ങാതെ
യും ഇതിനെല്ലാം എതിരായി ശബ്ദ
മുയർത്തിയെങ്കിലേ വികസ്വരരാഷ്ട
ങ്ങൾക്ക് ഇനി രക്ഷയുള്ളൂ. ഇതിനെ
തിരെ ഇന്ന് എല്ലാ രാജ്യത്തെയും ബു
ദ്ധിജീവികൾ ശബ്ദമുയർത്തുകയാ
ണ്. വിദ്യാർത്ഥികളും ഇതിനെതി
രെ ശബ്ദമുയർത്തേണ്ട കാലം അതി
ക്രമിച്ചിരിക്കുകയാണ്. ഇതൊന്നും
കാണാതെയും കേൾക്കാതെയും ഭരണം
കൈയ്യാളുന്നവർ ഏതോ അധോലോ
കത്തിലെന്നപോലെ വിഹരിക്കുന്നു.
'ആയുധങ്ങൾ' അത് ഉണ്ടാക്കുന്നതും,
വിൽക്കുന്നതും അത് പ്രയോഗിക്കുന്ന
തും ആപത്താണെന്നറിഞ്ഞിട്ടും അത്
ഉണ്ടാക്കുന്നവർ ഇതൊന്നും ശ്രദ്ധിക്കു
ന്നില്ല. ഇതിനെതിരെയാണ് ഇനി
നമ്മൾ ഉണർന്നു പ്രവർത്തിക്കേണ്ടതു്.

ഇത് നേരിടുന്ന രാജ്യങ്ങളുടെ ഒരു
ഐക്യം മാത്രമാണ് ചേരിചേരാ പ്ര
സ്ഥാനം.

★



# വിടവാങ്ങൽ

SAJIMON A.

Ist P. D. C. A4

വിദ്യതൻ നികേതമേ അപ്പ്ണം ചെയ്യട്ടെ ഞാൻ
താവകപ്പദാന്ത്യത്തിൽ സാഷ്ടാംഗം സമസ്കാരം
വത്സല സ്നേഹപ്രഭ തൂകുമെൻ തായെ നിൻെറ
മുററത്തിങ്ങാറാടി ഞാൻ വത്സരം നിമിഷമായ്.

നിന്തിരുവടിയുടെ ഓർമ്മയെന്നോരോരോ രക്ത
ബിന്ദുവിൽക്കൂടിത്തങ്ങി നിന്നിടും മരിപ്പോളം
വന്ദ്യമാം വിദ്യാലയ ഗേഹമേ! യാത്രചൊല്ലി-
യർപ്പിക്കുന്നിതായമ്മക്കെൻെറ കൂപ്പുകൈകൾ.

ജ്ഞാനത്തിൻ കേദാരമെൻ ഗുരുനാഥന്മാരെ
ആനന്ദശീർഷം ഞാനിന്നോക്കുന്നോൻ നമസ്കാരം
നിങ്ങൾ തൻ സന്നിധാന സമ്പക്ക സുരഭില
സുന്ദരമാമീഗേഹം വിടുന്നു ഞാൻ പോയിടുന്നു.

ബുദ്ധിമാന്മാരാം നിങ്ങൾ തെളിച്ചു കാട്ടിത്തന്ന
സധർമ്മമാർഗ്ഗത്തൂടെ നടക്കാൻ ശ്രമിക്കാം ഞാൻ
സോദരസ്നേഹം തിങ്ങുമെൻ പ്രിയ തോഴന്മാരെ
സാദരം നിങ്ങളോട്ട് യാത്ര ഞാൻ ചോദിക്കുന്നു.

ജീവിത ഡയറിയിൽ സുവർണ്ണ ലിപികളാൽ
ലേഖനം ചെയ്തിടേണ്ട സുന്ദരസുദിനങ്ങൾ
നിങ്ങളോടൊന്നിച്ച് ഞാനാനന്ദിച്ചനുഭവി
ച്ചിന്നതും കഴിഞ്ഞിനി പോകുന്നിതെങ്ങോട്ടേയ്ക്കോ.

വന്ദനം! എന്നാൽ നിങ്ങൾക്കെൻഭാവിയേതായാലും
മിന്നതിൻപദംവെയ്ക്കാൻ സന്നദ്ധനായിടട്ടേ!

# മഹദ്വചനങ്ങൾ

''വെള്ളിയുടെയോ സ്വർണ്ണത്തിൻെറയോ
തുണ്ടുകളല്ല, ആരോഗ്യമാണ് യഥാർത്ഥ
സമ്പത്ത്''–

ഗാന്ധിജി

''ഇരുണ്ടമേഘങ്ങളിൽ വെളിച്ചമേല്ക്കുമ്പോൾ
അവ ആകാശത്തിലെ പുഷ്പങ്ങളായി മാറുന്നു''

ടാഗോർ

'' സ്വയം കീഴടങ്ങുകയാണ് ഏററവും മഹത്താ
യ വിജയം''–

പ്ലേറേറാ

''എന്നെ സംബന്ധിച്ചിടത്തോളം മുഴുവനായി
എനിക്കറിയാവുന്നത് എനിക്ക് കാര്യമായി
ഒന്നും അറിഞ്ഞ്കൂടാ എന്നതാണ്''

സോക്രട്ടീസ്

''സ്വയം സമ്പാദിക്കാതെ ഒരു വസ്തുവും നമ്മു
ടേതാകില്ല. സിംഹത്തിൻെറ തോലണി
ഞ്ഞെന്നുവച്ച് കഴുത സിംഹമാകുമോ''

വിവേകാനന്ദൻ

''നാവ് മുനയുള്ള ഒരായുധമത്രെ. ഉപ
യോഗിക്കുംതോറും മൂർച്ചകൂടും''

വാഷിംഗ്ടൺ

''ഒരു മനുഷ്യൻെറ ഏററവും വലിയ സ്വത്ത്
സൽ സ്വഭാവിയായ ഭാര്യയാണ്''

നബി

''യുവതലമുറ വിശ്വത്തിൻെറ സൗന്ദര്യവും
ഭാവിയുടെ വാഗ്ദാനവുമാണ്''

എമേഴ്സൺ

# വഴികൾ യാത്രക്കാർ

**എ. കെ. മുംതാസ്**
ഫസ്റ്റ്. ബി. എസ്സ്. സി. (കെമിസ്ട്രി)

വിശാലമായ ആകാശത്തിനൊപ്പം നീണ്ടുകിടക്കുന്ന നടപ്പാത. നടക്കുന്തോറും ദൈർഘ്യം വർദ്ധിയ്ക്കുന്നുവോ. ബീനയ്ക്ക് സംശയം തോന്നി. അല്ലെങ്കിലും ശരീരത്തിന്റെ ചുറുചുറുക്ക് മനസ്സിന്റെ ഉന്മേഷത്തെ ആശ്രയിച്ചാണല്ലോ. ഇന്നലെ വീട്ടിൽ നടന്ന സംഭവം തന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. തന്റെ അച്ഛൻ എന്തിനാണിങ്ങനെ കുടിയ്ക്കുന്നത്. ഇന്നലെ കുടിച്ച് സമനിലതെറ്റി ആടിയാടി മുറ്റത്ത് നിൽക്കുന്ന അച്ഛനെക്കണ്ടു താൻ പൊട്ടിക്കരഞ്ഞു കൊണ്ടല്ലേ അകത്തേയ്ക്കോടിയത്. പെട്ടെന്നുള്ള ആ ശബ്ദം കേട്ടാണ് താൻ തിരിഞ്ഞു നോക്കിയത് തന്റെ അച്ഛൻ രക്തത്തിൽക്കുളിച്ച് ആ പാറമേൽ കിടക്കുന്നതാണ് താൻ കണ്ടത്. ഒരു നിമിഷം എന്ത് ചെയ്യണമെന്നറിയാതെ നിന്നുപോയി. പിന്നെ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു. നെറ്റിപൊട്ടി ചോരയൊലിയ്ക്കുന്നുണ്ടായിരുന്നു. തന്റെ കയ്യിലെ വെള്ളത്തൂവാല ആ ചോര ആർത്തിയോടെ നക്കിക്കുടിയ്ക്കുന്നത് കണ്ടുനിൽക്കാൻ തനിയ്ക്കങ്ങനെ കഴിഞ്ഞു. താനെന്നും പറയാറില്ലേ കുടിയ്ക്കരുതേ അച്ഛാ എന്ന്. പാവം അച്ഛൻ, അമ്മയില്ലാത്ത ദുഃഖമായിരിയ്ക്കുമോ അച്ഛനെ ഇതിന് പ്രേരിപ്പിയ്ക്കുന്നത്.

അമ്മ അതൊരോർമ്മ മാത്രമാണ്. തന്റെ വിരൽത്തുമ്പിൽ പിടിച്ച് കൊണ്ടു തന്നെ നഴ്സറിയിൽ കൊണ്ടു പോയിരുന്ന തന്റെ അമ്മ. അങ്ങനെയൊരു ദിവസം അതു് സംഭവിച്ചു. ഒരു ഫാസ്റ്റ്പാസഞ്ചർ റോഡരിക് ചേർന്ന് നടന്നിരുന്ന തന്റെ അമ്മയെ മുട്ടി കടന്നുപോയി. താൻ തെറിച്ചു അടുത്തുള്ള കടയുടെ മുന്നിൽ വീണു ആരൊക്കെയോ അമ്മയെ താങ്ങിയെടുത്ത് കൊണ്ടു പോകുന്നതു് കണ്ടു. രക്ഷകിട്ടുന്ന ലക്ഷണമില്ല എന്ന് ആരൊക്കെയോ പറയുന്നതും കേട്ടു. ആശുപത്രിയിൽ എത്തും മുമ്പ് തന്നെ അമ്മ ഈ ലോകത്തോട് യാത്ര പറഞ്ഞിരുന്നു.

എപ്പോഴും തന്റെ പഠിത്തത്തെക്കുറിച്ച് സ്നേഹത്തോടെ അന്വേഷിയ്ക്കുന്ന തന്റെ അച്ഛൻ ''നിന്നെ പഠിപ്പിച്ച് ഏതെങ്കിലും ഒരു നല്ല നിലയിൽ എത്തിച്ചിട്ട് വേണം എനിയ്ക്കാത്മശാന്തി നേടുവാൻ! അച്ഛന്റെ ഈ വാക്കുകൾ ഓർക്കുമ്പോഴെല്ലാം തന്റെ കണ്ണുകൾ എന്തേ സജലങ്ങളാകുന്നത്.

'കോളേജ് ബ്യൂട്ടി ഇന്നത്ര ഫ്രഷ് അല്ലെന്നു'' തോന്നുന്നു ആരുടെയോ കമന്റ്

പെട്ടെന്നോർമ്മയിൽ നിന്നുണർന്നു 'രാജൻ' തന്റെ കോളേജിൽ ഏറ്റവും നല്ലത്പോലെ പാടുന്ന കുട്ടി. ബീന നെടുവീർപ്പിട്ടു.

എത്ര നാളായി തന്റെ പുറകേ നടക്കുന്നു. താൻ ഒരിയ്ക്കലും അയാളെ അനുകൂലിയ്ക്കില്ല. അതെന്റെ അച്ഛനെ കൂടുതൽ വേദനിപ്പിയ്ക്കും.

ണിം...ണിം...ണിം

ആ ശബ്ദത്തിന്റെ പ്രതിധ്വനി എങ്ങോമറഞ്ഞ വർഷകാലത്തിന്റെ ഇടിമുഴക്കം പോലെ തോന്നിച്ചു. ലാസ്റ്റ് അവർ ഫ്രീ യാണെന്നറിഞ്ഞപ്പോൾ സത്യത്തിൽ സന്തോഷമാണ് തോന്നിയത്. വീട്ടിൽ ചെന്നയുടനെ അല്പം ഉറങ്ങണം തന്റെ മനസ്സിലെ സംഘർഷം അങ്ങനെയൊന്ന് കുറയട്ടെ. തന്നെ കാത്തിരിയ്ക്കാൻ തന്റെ വീട്ടിൽ ആരുമില്ല. ആരും. എത്ര കഠിനമായ അനുഭവങ്ങൾ. ഇങ്ങനെയൊന്നും ആർക്കും ലഭിയ്ക്കാതിരിയ്ക്കട്ടെ. വിടുക്കാറായപ്പോൾ ആശ്വാസം തോന്നി പെട്ടെന്ന് നിന്നുപോയി എന്തേ, തന്റെ അച്ഛൻ ഇന്ന് നേരത്തേ ഓഫീസിൽ നിന്നെത്തിയത്. ഏ! തന്റെ അച്ഛൻ ഇന്ന് കുടിച്ചിട്ടില്ല. സന്തോഷം കൊണ്ടവൾ ഓടി അച്ഛന്റെയടുത്തെത്തി.

അച്ഛാഃ, എന്നാൽ ഒരു ഗർജ്ജനമായിരുന്നു അതിന്റെ മറുപടി.

''ഉം ഇതെന്താണെന്ന് നോക്ക്! ഇതിനാണോ നിന്നെ ഞാൻ കോളേജിൽ അയയ്ക്കുന്നത്!!

ഏ! ഒരു ലെറ്റർ!

''രാജൻ'' തന്നോട് ഇത്ര കൊടും ചതിയോ; എരിതീയിൽ എണ്ണയൊഴിച്ചത് പോലെ. തലകറങ്ങി വീഴാതിരിയ്ക്കാൻ ജനൽപ്പടിയിൽ ഇറുകെപ്പിടിച്ചു നിന്നു.

രാജൻ ആരാണ്?

അച്ഛന്റെ ക്രൗര്യം നിറഞ്ഞ ചോദ്യം കേട്ട് അവൾ ഭയന്നു. ഇതു് വരേയ്ക്കും കണ്ടിട്ടില്ലാത്ത അച്ഛന്റെ പുതിയ മുഖം കണ്ട് അവൾ അത്ഭുതപ്പെട്ടു. അത്...അത്....ആ കോളേജിൽ പഠിയ്ക്കുന്ന കുട്ടി ഞാൻ അയാളോട് മിണ്ടിയിട്ട് പോലുമില്ല. അച്ഛൻ എന്നെ വിശ്വസിയ്ക്കണേ, അവൾ അപേക്ഷിച്ചു. ഇത് വരെ നീ എന്തേ എന്നോട് പറഞ്ഞില്ല? ആ ചോദ്യത്തിന് അവൾക്ക് മറുപടിയില്ലായിരുന്നു. താൻ ഇത്രനാൾ അതത്ര കാര്യമായിട്ടെടുത്തില്ല. കഷ്ടം വിധി. അതിത്ര ക്രൂരമോ.

പിറ്റേന്നവൾ കോളേജിൽ പോയില്ല. കരഞ്ഞ് വീർത്ത കണ്ണുകളുമായി ആ നാൽക്കെട്ടിനുള്ളിൽ കഴിയേണ്ടി വന്നു. സൗന്ദര്യം ഒരു ശാപമാണെന്നവൾക്കാദ്യമായിത്തോന്നി. അത് തന്റെ നേർക്ക് തോക്ക് ചൂണ്ടുന്നു:

ബീനേ,

അച്ഛന്റെ ശബ്ദം കേട്ടാണെന്ന് തോന്നുന്നു അവൾ കണ്ണുകളെ കണ്ണുനീരിന്റെ മറയിൽ നിന്നും പുറത്താക്കിയത്.

''നീ ഇനി പഠിക്കാൻ പോകേണ്ട, നിന്റെ കല്യാണം കഴിച്ചു വിടാൻ പോന്നു. ഞങ്ങളുടെ ഓഫീസിലെ രാഘവപ്പണിക്കരുടെ മകൻ രാജൻ. അടുത്ത വ്യാഴാഴ്ച ആ രാജൻ തന്നെ നിന്നെ താലികെട്ടും.

ഏ! ബീനയ്ക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. വിവാഹം അതൊരു സ്വപ്നം മാത്രമായിരുന്നു. എന്നാൽ അതിത്ര പെട്ടെന്ന് യാഥാർത്ഥ്യമാകുവാൻ പോകുന്നെന്നോ. അവൾക്കതിശയം തോന്നി.

# വേഷങ്ങൾ

**അനിലാൽ. വി.**

ഫസ്റ്റ്. ബി. എസ്സ്‌സി.

കെമിസ്ട്രി

**പു**റത്ത് വാദ്യമേളങ്ങൾ. ഉറഞ്ഞുതുള്ളുന്ന വേഷങ്ങൾ. ആർത്തട്ടഹസിക്കുന്ന തെരുവിൻെറ സന്തതികൾ.......

ക്ലാസിൽ നിന്ന് മനസ്സ് ഊർന്നിറങ്ങി. ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. തുള്ളുന്ന വേഷങ്ങളിലൂടെ. അട്ടഹസിക്കുന്നവരുടെ മുന്നിലൂടെ, പൊള്ളുന്ന റോഡിലൂടെ മനസ്സ് സഞ്ചരിച്ചു.

പരീക്ഷയെപ്പററി ചർച്ചചെയ്തുകൊണ്ടിരുന്നപ്പോഴാണ് മേളം അരങ്ങേറിയതു്. ചൂടുപിടിച്ച ചർച്ചയ്ക്കിടയിൽ നിന്നും മനസ്സ് ഓടിയകന്നു.

''പരീക്ഷയ്ക്ക് ഒരാഴ്ച മുമ്പു തന്നെ പാഠഭാഗങ്ങൾ തീർത്തിരിക്കും.' ലക്ചററുടെ ഘനഗാംഭീര്യമുള്ള ശബ്ദം മുഴങ്ങിക്കേട്ടു. പുസ്തകപ്പുഴുക്കളായ വിദ്യർത്ഥികൾ ആ 'തിരുവചനത്തിൽ' ആശ്വാസം കൊണ്ടു

വീണ്ടും വേഷങ്ങളെ ശ്രദ്ധിച്ചു, അവിടവിടെ തളർന്നിരിക്കുന്ന വേഷങ്ങൾ. മേളവും അവശതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്നു.

"പ്രാക്ടിക്കൽസ" എന്നു തീരും സാർ" ? പിന്നിൽ നിന്നും ഒരു പു... മുരണ്ടു. "തീയറി തിരുന്നതോ... പ്രാക്ടിക്കൽസും മിക്കവാറും ത... ന്നേക്കും." ഉള്ളിൽ ചിരിപൊട്ടി... പ്രാക്ടിക്കൽസ് തുടങ്ങിയിട്ടേ ഇ... പിന്നീടെവിടിട്ടാ തീർക്കുന്നേ...?... തീർന്നാലും ഇല്ലെങ്കിലും പരീക്ഷ... എഴുതണമല്ലോ...? വേഷങ്ങളെ കു... ച്ചുള്ള ചിന്തകൾ മനസ്സിന്റെ... റെറുകയിൽ നിന്ന് അലമുറയി... പുറം ലോകത്തെയ്ക്ക് നോക്കി... രുന്നു. പെട്ടെന്ന് ഒരു ചോദ്യം—

വേഷങ്ങൾക്കു മുമ്പിൽ ഉത്തര... നുവേണ്ടി പതറവേ ലക്ച... അലറി.

വസന്തേ..........

കണ്ണിൽ ഇരുട്ടുകയറി. വേഷങ്ങ... കാണാനില്ലായിരുന്നു. അകലങ്ങ... ലെവിടെയോ മേളങ്ങളുടെ അവ്യക്തമായ തേങ്ങലുകൾ...

ആ അഭിശപ്ത നിമിഷത്തി... നിന്നു രക്ഷപ്പെടാൻ പഴുതുക... ല്ലെന്നു കണ്ടപ്പോൾ ദുഃഖം തോന്ന... അവസാനം എവിടെയോ നഷ്ടപ്പെട്ടുപോയ തൻെറ അസ്തിത്വ... ഓർത്തുനിന്നു.

# വഴികൾ യാത്രക്കാർ

അധികം അകലെയല്ലാത്ത ആ വ്യാഴാഴ്ച വന്നെത്തിയപ്പോഴാം രാജൻ തൻെറ പ്രാണേശ്വരിയുടെ കണ്ഠത്തിൽ വരണമാല്യം ചാർത്തിയത് സന്തോഷത്തോടെയായിരുന്നു.

അവളുടെ തുടുത്ത കപോലങ്ങളം ലജ്ജയുടെ കുങ്കുമപ്പൂവണിയുന്നതു് അവൻ ശ്രദ്ധിച്ചു.

''രണ്ടു് പേരും ഈ വീട്ടിൽ തന്നെ കഴിയണം. ഇതു് നിങ്ങളുടെ വീടാണ്. പരസ്പരം സ്നേഹിച്ച് വിശ്വസിച്ച് ജീവിക്കു മക്കളേ പരസ്പര സ്നേഹവും വിശ്വാസവുമാണ് ദാമ്പത്യത്തിൻെറ മുഖമുദ്ര"

ഒരച്ഛൻെറ ഹൃദ്യമായ ഉപദേശം

ആ അച്ഛൻ തൻെറ ജീവിതത്തിൻെറ ഏററവും വലിയ ലക്ഷ്യം പൂർത്തീകരിച്ച സന്തോഷം അണിഞ്ഞിരിയ്ക്കുകയല്ലേ. അവർക്കു് സംശയം തോന്നി.

അടുത്ത പ്രഭാതം ആ ഭീകരസംഭവത്തിൻെറ ദൃക്സാക്ഷിയായിരുന്നു. ബീനയുടെ അച്ഛൻെറ മരണം. തൻെറ മകളെ കരുത്തുററ കൈകളിൽ ഏൽപ്പിച്ചിട്ട് അവസാനിപ്പിച്ച ആ ജീവിതം.

അർത്ഥമില്ലാത്തതായിരുന്നു വെ... ലും പകുതി മുഴപ്പിച്ച ആ ജീവിതത്തി... ന് സ്വന്തം ചിതയിൽ നിന്നും ... ഹിർഗമിക്കുന്ന വെളുത്ത പുകച്ചു... കരം വഴികാട്ടിയാകുന്നത് പോ... ജീവിതത്തിൻെറ നീണ്ട വഴിയി... വീർപ്പുമുട്ടി വിട പറഞ്ഞ യാത്രക്കാ... ഇത് പോലെ എത്രയെത്രയാണ്. ... കലെ ആ ചിത കെട്ടടങ്ങിയപ്പോ... ബീനയെ ആശ്വസിപ്പിയ്ക്കാൻ രാ... ൻെറ കരങ്ങളും പാടു് പെടുന്നുണ്ടായി... രുന്നു.

*

Scanned with OKEN Scanner

# നാടകം

**വിജയകുമാർ. ററി. വി**

സെക്കൻറ് ബി. കോം

ദീപാലങ്കാരത്തിൽ മുങ്ങികുളിച്ചു നിൽക്കുന്ന ഈ പാർക്കിൽ വന്നെത്തിയതെങ്ങനെയെന്ന് അറിഞ്ഞില്ല. കൈയിലിരുന്ന തുവാല വിയർപ്പിൽ മുങ്ങിയിരുന്നു. ബഞ്ചിൽ കിടന്ന് ആകാശത്തിൻെറ വിരിമാറിലേക്ക് നോക്കിയപ്പോൾ മനസ്സിലെ ദുഃഖത്തിന് അയവുവന്നതുപോലെ തോന്നി.

പാർക്കിൽ കുറച്ചുമുമ്പുവരെ എന്തു ബഹളമായിരുന്നു. പലതരത്തിലുള്ള പല വേഷങ്ങളിലുള്ള ആൾക്കാർ. എല്ലാവർക്കും അവരുടേതായ വഴികൾ. എങ്കിലും എന്നും ചുവന്ന സായഹ്ന സന്ധ്യയിൽ ധാരാളം ആൾക്കാർ ഈ പാർക്കിൽ വരുന്നു.

താനും എന്നും ഈ പാർക്കിൽ വരുന്നു. ഇന്നലെവരെ മേനോൻസാറിൻേറയും കുടുംബത്തിൻേറയും കൂടെ ആയിരുന്നു താൻ ഈ പാർക്കിൽ വന്നുകൊണ്ടിരുന്നത്. പാർക്ക് വിജനമാകുന്നതിന് മുമ്പുതന്നെ ഞങ്ങൾ ഇവിടെ നിന്ന് പോകുമായിരുന്നു എന്നാൽ ഇന്ന് താൻ മാത്രം. മേനോൻസാറില്ല കുടുംബമില്ല. താൻ ഒററയ്ക്ക് ഇന്ന് സൂര്യൻെറ തിരോധാനവും ചന്ദ്രൻെറ പ്രത്യക്ഷപ്പെടലും കണ്ടു. ഇന്നലെവരെ അതിനും മേനോൻസാറും കുടുംബവും സാക്ഷിയായിരുന്നു.

ഇന്ന് താൻ മാത്രം. ഏകാന്തതയും തന്നെ വേട്ടയാടാൻ തുടങ്ങിയിരിക്കുന്നു. ഇന്നുമുതൽ ഈ പാർക്കിനോട് ഏററവും അവസാനം വിടപറയുന്നത് താനായിരിക്കും. താൻപോകുംവരെ പുഷ്പങ്ങളുടെ ഭംഗിയും, വണ്ടിൻെറ മുരളലും, നക്ഷത്രങ്ങളുടെ ചിരിയും കണ്ട് ഇരിക്കും. കാരണം ഇന്നു മുതൽ തനിക്ക് കൃത്യസമയത്തിന് എങ്ങും ചെല്ലേണ്ട കാര്യമില്ല. ഇന്നലെവരെ സ്വന്തം വീട് അല്ലെങ്കിലും വീട് എന്നു പറഞ്ഞ് ചെല്ലുവാൻ ഒരിടമുണ്ടായിരുന്നു. തന്നെ പ്രതീക്ഷിച്ചിരിക്കാൻ ആളുണ്ടായിരുന്നു. എന്നാൽ ഇന്ന് എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. ഇന്ന് മുതൽ തന്നെ പ്രതീക്ഷിച്ച് കാത്തിരിക്കാൻ ഇവിടെ ആരുമില്ല.

എന്നാൽ തനിക്ക് വീടുണ്ട് തന്നെ പ്രതീക്ഷിച്ചിരിക്കുന്ന നാലു ജന്മങ്ങളും. പക്ഷെ അതിവിടെയല്ല. അങ്ങകലെ കിലോമീററുകൾക്ക് അപ്പുറം. തൻെറ ജനിച്ച നാട്ടിൽ ഇടിഞ്ഞുപൊളിഞ്ഞു നിലം പതിക്കാറായിരിക്കുന്ന നാലുകെട്ടിനും പടിപ്പുരയ്ക്കും അകത്ത് രണ്ടു മനസ്സുകൾ തൻെറ വരവുംകാത്ത് പ്രതീക്ഷിച്ചിരിക്കുകയാവും. എണ്ണി എണ്ണി ദിവസങ്ങൾ തള്ളിനീക്കുകയായിരിക്കും ഇപ്പോൾ അച്ഛൻ. ചിലപ്പോൾ അച്ഛനിപ്പോൾ കയറുവരിഞ്ഞ കട്ടിലിൽ കിടന്ന് ദ്രവിച്ച പഴകിയ തട്ടിൻ പുറം നോക്കി തനിക്കും തൻെറ പെങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുകയാകും. തൻെറ കുഞ്ഞുപെങ്ങൾ മണ്ണെണ്ണ വിളക്കിൻെറ അരണ്ട പ്രകാശത്തിൽ പുസ്തകം വായിക്കുകയാവും.

താൻ വീട്ടിലുള്ളപ്പോൾ കൃത്യം രാത്രി എട്ടുമണിക്കു മുമ്പുതന്നെ വീട്ടിൽ എത്തണമായിരുന്നു. പക്ഷേ ഇന്ന് തനിക്ക് ആ വിലക്കില്ല. അന്നൊക്കെ അമ്പലത്തിൻെറ മുന്നിലെ ആൽത്തറയും. അതിനപ്പുറത്തായി ഒഴുകുന്ന കൊച്ചരുവിയുടെ അരികിലുള്ള കൊച്ചു പാറയും അവിടുത്തെ കൊച്ചു ലൈബ്രറിയുമായിരുന്നു തൻെറ എട്ടു മണിവരെയുള്ള അഭയസ്ഥാനം.

ആൽത്തറയിലിരിക്കുമ്പോൾ എന്നും പാദസരങ്ങളണിഞ്ഞ ആ കുട്ടി തൻെറ അരുകിൽ വരുമായിരുന്നു. അമ്പലത്തിലെ ശാന്തിഅമ്മാവൻെറ മകൾ മണിക്കുട്ടി. അവളുടെ ചിരികൾ പ്രത്യേക രീതിയിലുള്ളതായിരുന്നു. ആരോടും എത്രയും പെട്ടെന്ന് ചങ്ങാത്തംകൂടുന്നതിൽ മണിക്കുട്ടിക്ക് പ്രത്യേകമായ കഴിവുതന്നെ ഉണ്ടായിരുന്നു. മാമാ........മാമാ........എന്നും വിളിച്ച് എന്നും വൈകുന്നേരം തൻെറ അടുത്ത് ഓടി എത്തുമായിരുന്നു. ശാന്തിഅമ്മാവൻ നട അടച്ച് പോകുവാൻ തുടങ്ങുമ്പോൾ മാത്രമായിരുന്നു മണിക്കുട്ടി തന്നെ പിരിഞ്ഞിരുന്നത്.

എന്നാൽ ഇന്ന് മണിക്കുട്ടി എവിടെ? മണിക്കുട്ടിയുടെ കുടുകുടായുള്ള ചിരി എവിടെ? തനിക്കിതെല്ലാം ഇന്ന് ഓർമ്മകൾ മാത്രം. ശാന്തിഅമ്മാവൻ നട അടച്ച് മണിക്കുട്ടിയേയും കൂട്ടി ഇപ്പോൾ വീട്ടിൽ പോയി കാണും.

"ജീവിതമാകുന്ന നാടകത്തിലെ കഥാപാത്രങ്ങൾ നിങ്ങളാണ് അഭിനയിക്കേണ്ടതും നിങ്ങൾ തന്നെ ആണ്. അതിനാൽ നിങ്ങളുടെ യുക്തംപോലെ അഭിനയിക്കാം. കാണികൾ കൂക്കിവിളിക്കാതെ അഭിനയിച്ചാൽ നിങ്ങൾക്ക് മാനസ്സിക സംതൃപ്തി. അല്ലെങ്കിൽ മാനസ്സിക പീഢനവും" തൻെറ സുഹൃത്തിൻെറ വാക്കുകൾ.

കഥാപാത്രങ്ങൾ താനും, അച്ഛനും, കൊച്ചുപെങ്ങളും. അച്ഛൻെറ ജീവിത നാടകത്തിലെ അഭിനയം കഴിഞ്ഞു. കൊച്ചുപെങ്ങൾ അഭിനയിക്കേണ്ട ഭാഗം കിടക്കുന്നതേയുള്ളൂ. ഇപ്പോൾ താനാണ് അഭിനയിക്കേണ്ടത്. മൺമറഞ്ഞുപോയ പ്രതാപവും, ഇടിഞ്ഞുപൊളിഞ്ഞ് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പടിപ്പുരയും നാലുകെട്ടും നിലംപതിക്കാതിരിക്കാൻ താൻ ജീവിത നാടകത്തിലെ ഒരു കഥാപാത്രമായി. കൂടാതെ തനിക്കും, അച്ഛനും, പെങ്ങൾക്കും ജീവിക്കുവാൻവേണ്ടി താൻ അഭിനയിച്ചു

താൻ അഭിനയിച്ചു. തൻെറ യുക്തംപോലെ തന്നെ അഭിനയിച്ചു. താൻ ആരുടേയും കൂക്കിവിളി കേട്ടില്ല. അങ്ങനെ താൻ ഈ മഹാനഗരത്തിൽ എത്തി.

തൻെറ മേലധികാരിയായ മേനോൻ സാർ. തനിക്ക് താമസിക്കാനുള്ള സൗകര്യം സാറിൻെറ വീട്ടിൽ തന്നു. മേനോൻ സാർ തന്നെ സ്വന്തം മകനെപ്പോലെ കരുതി. സാറിൻെറ മക്കൾ ബിന്ദുവും, നിമിയും മണിക്കുട്ടിയേപ്പോലെ തന്നെ ചിരിക്കുടുക്കകളായിരുന്നു. അവരുടെ കൂടെയുള്ള ജീവിതം പ്രത്യേക രീതിയിലുള്ളതായിരുന്നു. എന്നാൽ ഇന്ന് എല്ലാ സന്തോഷവും നശിച്ചിരിക്കുന്നു.

മേനോൻ സാറിൻെറ കുടുംബവുമായുള്ള ജീവിതം സന്തോഷ മുഖരിതമായിരുന്നു. ബിന്ദുവിൻേറയും നിമിയുടേയും പൊട്ടിച്ചിരിയുടെ അലകൾ അവിടെ സ്വർഗ്ഗത്തിൻെറ അനുഭൂതി ഉളവാക്കുമായിരുന്നു. എന്നാൽ വിധി എത്രയും പെട്ടെന്നാണ് ആ ബന്ധം പൊട്ടിച്ചെറിഞ്ഞത്.

മേനോൻ സാറിന് ട്രാൻസ്ഫർ ആണെന്നുള്ള വിവരം അറിഞ്ഞപ്പോൾ ജീവച്ഛവം പോലെ നിന്നുപോയി. താൻ നിന്ന ഭാഗം താണുപോകുന്നതായും താൻനിന്ന മുറി കറങ്ങുന്നതായും തോന്നി. കുട്ടികൾ ഈ വിവരം അറിഞ്ഞപ്പോൾ വാവിട്ടു നിലവിളിച്ചു. കാരണം താനും അവരുമായുള്ള ബന്ധം അത്രയ്ക്കും വലുതായിരുന്നു. അവരെ ആശ്വസിപ്പിക്കുമ്പോൾ താനും അറിയാതെ കരഞ്ഞുപോയി. കുട്ടികൾ കാണാതിരിക്കുവാൻ താൻ ഉടൻ

Scanned with OKEN Scanner

തന്നെ തുവാലയെടുത്ത് മുഖം തുടച്ചു. സാധനങ്ങളെല്ലാം പായ്ക്കുചെയ്യുവാൻ താനും സഹായിച്ചു. എല്ലാവരും നിശബ്ദതയോടുകൂടി എല്ലാം പായ്ക്കു ചെയ്യുന്നു. തനിക്ക് എന്തുപറയണമെന്ന് യാതൊരു നിശ്ചയവുമില്ലായിരുന്നു.

സാധനമെല്ലാം എടുത്ത് വണ്ടിയിൽ വച്ചതു് ഒരു യന്ത്രം പോലെ ആയിരുന്നു. ബിനുവും, നിമിയും അപ്പോഴും വിതുമ്പികരയുകയായിരുന്നു. മേനോൻസാർ തന്റെ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു ആരും തമ്മിൽ കൂടുതൽ അടുത്തുകൂടാ കുട്ടീ. കാരണം വിധി അവരെ പെട്ടെന്നു തന്നെ അകററും. ഇതു് ജീവിതമാണ്. ജീവിക്കുന്നതിന് എല്ലാം ത്യജിക്കണം. മേനോൻസാറും കുടുംബവും വണ്ടിയിൽ കയറി യാത്ര ആകുമ്പോൾ താൻ ഒരു യന്ത്രമനുഷ്യനെപ്പോലെ കൈയുയർത്തി. അവിടെ നിന്നും ഈ പാർക്കിൽ വന്നെത്തിയതെങ്ങനെയെന്ന് അറിഞ്ഞുകൂടായിരുന്നു. ഇനിമുതൽ തന്റെ അഭയസ്ഥാനം ഈ പാർക്കാണ്. ഇനി മുതൽ ഇവിടുത്തെ ചെടികളും മററും ആയിരിക്കും തന്റെ കൂട്ടുകാർ. തന്റെ സുഹൃത്തു് പറഞ്ഞതു് എത്രയോ ശരിയാണ് ഇതു് ജീവിതമാണ്. ജീവിതമോ ഒരു നാടകമാണ്. നാടകം എങ്ങനെയാണ് അവസാനിക്കുന്നതെന്ന് ആർക്കും അറിയില്ല. ശരിയാണ് സുഹൃത്തേ....ശരിയാണ് ജീവിതം പിടികിട്ടാത്ത ഒരു നാടകമാണ്.

✻

# ചിലമ്പൊലി

അനിൽകുമാർ

(ഫസ്റ്റ്. പി. ഡി. സി.)

സർ......ഇറങ്ങുന്നില്ലേ? സ്റ്റേഷനായി. തൊട്ടടുത്ത് എന്നോടൊപ്പം കഴിഞ്ഞ കാലസ്മരണകളയവിറക്കി കഥകൾ പറഞ്ഞിരുന്ന സുഹൃത്തിന്റെ ചോദ്യം കേട്ട് ഞെട്ടിയുണർന്നു.

ശരിയാണ് എനിക്കിറങ്ങേണ്ട സ്റ്റേഷനാകുന്നു. ബാഗുംതൂക്കി പ്ലാററ്ഫോമിലൂടെ വരാന്തയിലേക്കു കടന്നപ്പോൾ ഏതോ മണലാരണ്യത്തിലെ മരുപ്പച്ച കണ്ട സന്തോഷം എനിക്കുണ്ടായി.

ദിവസങ്ങളോളം നീണ്ടുനിന്ന ട്രെയിനിംഗ് കഴിഞ്ഞ് ശുദ്ധവായു ശ്വസിച്ചുകൊണ്ട് ഞാൻ സ്റ്റേഷനുവെളിയിലെ പുൽത്തകിടിയൽ ബസ്സ് കാത്തു നിന്നു.

അവിടെ.........

അന്തിവെയിലിന്റെ പൊൻ പ്രഭയിൽ മൊട്ടിട്ടു വിരിയുവാൻ തയ്യാറെടുക്കുന്ന നാലുമണിപ്പൂക്കൾ.

അതിന്റെ നടുവിൽ ഞാനും......

സാർ.......ടാക്സി.......

നോ.........

എന്റെ ചിന്തകൾ വീണ്ടും കാടുകയറി.

നീണ്ട ഒൻപതു് വർഷങ്ങൾ.

ഞാൻ എന്തൊക്കെയോ വ്യാമോഹിച്ചു. എന്റെ ജലരേഖകൾ.

ഞാൻ ജനിച്ചുവളർന്ന, ചാണകവും തുമ്പപ്പൂവും, കുടമുല്ലയും വിടർന്ന ഗന്ധം നിറയുന്ന എന്റെ നാട്. ഞാൻ തിരിച്ചെത്തി.

പക്ഷേ.......... വേണ്ടിയിരുന്നില്ല. അന്ന്.........

ആ ചിലങ്കയുടെ ചിലമ്പൊലി ശബ്ദം ഇപ്പോഴും എന്റെ കാതിലലയടിക്കുന്നു.

ഉണ്ണിക്കുട്ടാ......എടാ......... എണീക്കിന്നില്ലേ? ദേ........നേരം നന്നാവെളുത്തു ട്ടോ. എണീക്ക്........ എന്നും അതായിരുന്നു പതിവ്, അമ്മ വന്നു വിളിച്ചാലെ ഞാൻ എഴുന്നേൽക്കുകയുണ്ടായിരുന്നുള്ളു. ആദ്യം കണ്ണു തുറക്കുമ്പോൾ കാണുന്നതു് അമ്മയുടെ മുഖം ആയിരിക്കണം എന്ന് എനിക്കു് നിർബന്ധമുണ്ടായിരുന്നു.

'എന്റെയമ്മ...... പൊന്നമ്മ..... എന്നോടു ക്ഷമിക്കൂ. ഞാൻ പാപിയാണമ്മ.......മഹാപാപി' എന്റെ മനസ്സ് അറിയാതെതേങ്ങി.

അന്നും ഞാൻ പതിവുപോലെ കുളിക്കുവാൻ സോപ്പുപെട്ടിയും മടിയിൽ തിരുകി, തോർത്തു് തലയിൽ കെട്ടി, ഒരുകൈയ്യിൽ ഉമിക്കരിയും അടക്കിപ്പിടിച്ച് പല്ലുതേച്ചുകൊണ്ട് ഞാൻ കുളിക്കടവിൽ എത്തി.

അന്ന് പതിവിലും നേരത്തെ

നന്ദിനിക്കുട്ടി കുളിക്കുവാൻ വ
എന്റെ നന്ദിനി.........എ
ത്രം സ്വപ്നം കണ്ടിരുന്ന....
വം കുട്ടി..........

ചുണ്ടിൽ ഒരു ഗാനവും
ഞാൻ പടികളിറങ്ങിചെല്ലുമ്പോ
വളെന്നെ ഉററുനോക്കുകയായി

തെല്ലു സമയം ഞാനാകണ്ണു
കൾ സൂക്ഷിച്ചുനോക്കി നിന്നു.
ട്ടുവെള്ളത്തിലേക്കു നീട്ടി തു
ഞാൻ ചോദിച്ചു.

എന്തടീ പെണ്ണേ ....... നീ
കടിച്ചുതിന്നുന്നമാതിരി നോക്ക

നനക്കുവാൻ വേണ്ടി വെള്ള
മുക്കിയ തുണി കൈയ്യിൽപിടി
ണ്ട് അവളെന്നെ ഗൗരവത്തോ
ക്കിനിന്നു.

അല്ലേ, ഈ പെണ്ണിനെന്തു
ആശ്ചര്യത്തോടുകൂടി ഞാൻ ചോ

എന്റെ ചോദ്യം കേട്ട് പാ
വളുടെ മുഖം ഇരുണ്ടു, കണ്ണി
ള്ളം നിറഞ്ഞു. പിന്നീടതൊ
ട്ടിക്കരച്ചിലായി മാറി. നന
ണികൊണ്ട് മുഖം പൊത്തി
യേങ്ങി കരഞ്ഞുകൊണ്ടവൾ പ

"ഇന്നാരാണ്ടു എന്നെക്കാണാ
നുണ്ടുണ്ണിയേട്ടാ–'

'ഞാനറക്കെ ചിരിച്ചുപോയ
ഞാൻ ചോദിച്ചു.

അത്രേയുള്ളോ... ... നീ പേ
ണ്ണേ ഞാൻ വിരണ്ടുപോയി.
ആരെങ്കിലും വന്നുകാണട്ടെ.
നിന്റെ കഴുത്തിൽ താലികെട്ട
ഞാനായിരിക്കും.

അവൾ കരച്ചിൽ നിർത്തി
വം നടിച്ചിട്ട് എന്നോട് പറ

'നിന്റെ കഴുത്തിൽ താലി
വല്ല എന്നും പറഞ്ഞു് ഇരുന്നോ
ഴുൻ എന്നെ വല്ലവന്റെയും കൈ

പിടിച്ച് കൊടുക്കും. എങ്കിൽ എന്റെ ശവം ഈ കുളത്തിൽ പൊങ്ങും.

"അയ്യോ ചതിക്കരുതേ" ഞാൻ അറിയാതെ പറഞ്ഞുപോയി.

നിമിഷങ്ങൾ നീണ്ടുനിന്ന നിശബ്ദത........

അവൾ തന്നെ അതു ഭേദിച്ചു.

ഉണ്ണിയേട്ടൻ എന്നാണു പോവുക? ഉള്ളം കടിച്ചമർത്തികൊണ്ടുള്ള ചോദ്യം ഞാൻ വ്യക്തമായി മനസ്സിലാക്കി.

'മറന്നാലും വെളപ്പിനെ'

ഞാനോ........ മറന്നാലോ.......എന്റെ ഉണ്ണിയേട്ടാ.......ഞാൻ പിന്നെങ്ങിനെ.......ഒററക്കിവിടെ കഴിയും, ഒരു തേങ്ങിക്കരച്ചിലാണ് അന്ത്യം കുറിച്ചത് നന്ദിനിക്കുട്ടി.........ഞാൻ പോവാണ്ടിരുന്നാൽ. കഷ്ടപ്പെട്ടുകിട്ടിയ ജോലിവെറുതെപോവും. നമുക്കൊരു കുടുംബമായി കഴിയണമെങ്കിൽ എനിക്ക് ജോലിയില്ലാതെ പററുമോ?

വേണ്ട ഉണ്ണിയേട്ടാ...............പറഞ്ഞാൽ കോപിക്കുമോ?

"ഇല്ല"............"

ഉണ്ണിയേട്ടൻ പോവരുത്. ഉള്ളതുകൊണ്ട് നമുക്കിവിടെ ഒന്നിച്ചു കഴിയാം.

പെണ്ണേ നീയെന്താ കൊച്ചുപിള്ളാരുപോന്നെപോലെ പറയുന്നത്.

'വേണ്ട ഉണ്ണിയേട്ടൻ ഒന്നും എന്നോ പറയണ്ടാ. എനിക്ക്.......എനിക്ക് ഉണ്ണിയേട്ടനെ കാണാതെ ഒരു നിമിഷംപോലും ഇരിക്കാൻ വയ്യ, എന്നെ മാറാക്കിവിട്ടിട്ട് പോവല്ലേ.

ഞാനെന്തെങ്കിലും പറയുന്നതിനുമുമ്പ് അവൾ തുണിയെല്ലാം എടുത്തുകൊണ്ട് പടികൾ ഓടികയറിപ്പോയി.

ഞാൻ എന്തു പറഞ്ഞ് ആ പെണ്ണിനെ ആശ്വസിപ്പിക്കും. ദൈവമേ.............യാത്രചോദിക്കാൻ ചെന്നാൽ ആ പെണ്ണു പോകാൻ സമ്മതിക്കില്ല പോകാതിരുന്നാൽ ജോലിയും പോകും.

ചെകുത്താനും കടലിനും നടുക്ക് എന്നു പറഞ്ഞുകേട്ടിട്ടേയുള്ളു ..............

ഒടുവിൽ.......... ഒടുവിൽ ഞാനതു ചെയ്തു. ഒരെഴുത്തെഴുതി അമ്മയുടെ കൈയ്യിൽ കൊടുത്തിട്ട് ഞാൻ യാത്ര തിരിച്ചു.

ഞാൻ പോയതിന്റെ പിറേറ ദിവസം അമ്മ ആ കത്തു നന്ദിനിയെ ഏല്പിച്ചു.

പാവം അമ്മ ഒരു സ്നേഹിതയായും, അമ്മയായും, അച്ഛനായും, എല്ലാം.........എല്ലാം എന്റെ അമ്മയായിരുന്നു.

നീണ്ട ദിവസങ്ങൾ അമ്മയുടെ എഴുത്തിൽനിന്നാണ് പിന്നീട് വിവരങ്ങൾ ഞാനറിഞ്ഞത്.

അമ്മയുടെ മുന്നിൽവച്ച് അവൾ ആ എഴുത്ത് പൊട്ടിച്ചുവായിച്ചു.

എന്റെ നന്ദിനിക്കുട്ടി,

നേരിട്ടു യാത്രചോദിക്കാനുള്ള മനശ്ശക്തി ഇല്ലാത്തതിനാലാണ് നിന്നോടുപറയാതെ ഞാൻ യാത്രയാകുന്നത്. ഞാൻ അടുത്തവർഷം വരുമ്പോൾ നമ്മുടെ കല്യാണം നടക്കും. ഞാൻ എത്രയും വേഗം മടങ്ങിവരും. ഒരു വർഷം പെട്ടെന്ന് കടന്നു പോവില്ലെ കുട്ടി. അമ്മാവൻ മറെറാരു വിവാഹത്തിനു നിർബന്ധിച്ചാൽ നീ സമ്മതിക്കരുത്. നിവർത്തിയില്ലാതെ വന്നാൽ നീ അമ്മയുടെ അടുത്ത് എല്ലാം പറഞ്ഞാൽമതി.

നിന്റെ ഉണ്ണിയേട്ടൻ.

"കാത്തിരിക്കു..."

അവൾ ആ എഴുത്ത് വായിച്ചിട്ട് ഒരക്ഷരം മിണ്ടാതെ അവിടെ നിന്നു പോയി.

ഞാൻ പോന്നതിന്റെ പിറേറ ഞായറാഴ്ചയായിരുന്നു മുല്ലപ്പറമ്പു കാവിലെ ഉൽസവം നടന്നത്. കൊട്ടും, കുരവയും, നെററിപ്പട്ടം കെട്ടിയ ഗജവീരന്മാരുടെയും അകമ്പടിയോടുള്ള എഴുന്നള്ളത്ത്, അതു കഴിഞ്ഞാൽ രാത്രി എന്തെങ്കിലും ഒരു പരിപാടി ഇങ്ങനെയാണ് പതിവ്.

അന്ന് നന്ദിനിക്കുട്ടിയുടെ ഒരു നൃത്തം കമ്മററി അംഗങ്ങൾ അമ്മാവനെക്കൊണ്ട് നിർബന്ധിച്ചു വയ്പ്പിച്ചു.

നൃത്തം പൊടിപൊടിച്ചു. കാണികളുടെ മുക്തകണ്ഠമായ പ്രശംസ.

ആയിടക്ക് അവധിക്കുവന്ന ക്ഷേത്രമാനേജരുടെ മകൻ രാജൻ മേനോൻ എന്ന രാജനും ആ നൃത്തം കണ്ടു .... പിറേറദിവസം അമ്മാവന്റെ വീടിനു മുൻവശം നിർത്തിയ കാറിൽ നിന്നും രാജൻമേനോനും ക്ഷേത്രമാനേജരും പരിവാരങ്ങളും ഇറങ്ങി.

അതായിരുന്നു തുടക്കം...........

എന്റെ പരാജയത്തിന്റെയും.....

മൂന്നു ദിവസത്തിനകം കല്യാണം. തിരുവായ്ക്കെതിർവായില്ലല്ലോ. അമ്മാവൻ നിശ്ചയിച്ചുറപ്പിച്ച കല്യാണം.

ആ വരണമാല്യത്തിനു നേരെ അവൾ നിശബ്ദം കഴുത്തുനീട്ടി.

കല്യാണം നിശ്ചയിച്ച അന്നു തന്നെ അവളെനിക്കു എഴുതിയിരുന്നു പോലും.......

പക്ഷേ എനിക്കു ആ എഴുത്തു കിട്ടിയില്ല. കാരണം എന്തോ...........

കല്യാണം കഴിഞ്ഞ് അമ്മയുടെ എഴുത്ത് എനിക്കു കിട്ടി. നിശബ്ദം ഞാൻ ആ എഴുത്തു വായിച്ചു. ഭൂമി കീഴ്മേൽ മറിയുന്നതായോ തലചുററുന്നതായോ എനിക്കു തോന്നി. പക്ഷെ ഞാൻ പിടിച്ചു നിന്നു. എന്റെ സമനില കൈവിടാതെ........

[illegible]...

നാട്ടിലേക്ക് പോകാനൊരുങ്ങു എന്റെ എല്ലാ വ്യഗ്രതയും അവസാനിച്ചു. പിന്നെ ദിവസം ഓഫീസിലേക്ക് പോകാൻ ഞാൻ [illegible] കൊണ്ടുവന്നു.

[illegible] എഴുതിയിരുന്നു.

ഞാൻ അതുവാങ്ങി [illegible] എഴുതിയിരിക്കുന്ന കൈപ്പട കണ്ടപ്പോൾ അതു അമ്മാവന്റെ എഴുത്താണ് എന്ന് ഞാൻ മനസ്സിലാക്കി. മനസ്സിൽ ഇരമ്പി വന്നദേഷ്യം കണ്ണുനീർ തുള്ളിയായി മാറി. പിന്നീട് ഞാൻ ആ എഴുത്ത് കഷണം കീറികളഞ്ഞു. ആ രോഷത്തോടെയുള്ള ദേഷ്യം. പിന്നീട് നാട്ടിൽ നിന്നും വന്ന ഒരെഴുത്തും ഞാൻ കൈപ്പററിയില്ല.

ആർക്കുവേണ്ടി.......എന്റെ ചിന്ത ആ വഴിക്കായിരുന്നു.

ഒരു നവംബർ മാസത്തിലെ സുപ്രഭാതത്തിൽ ഞങ്ങളുടെ ഓഫീസിൽ പുതിയ മാനേജർ ചാർജ്ജ് എടുത്തു.

ഏതോ ഒരു രാജൻ മേനോൻ. കുടുംബമായി കോർട്ടേഴ്സിൽ താമസിക്കാനാണ് പ്ലാൻ എന്ന് ഞാൻ അറിഞ്ഞു. എന്റെ കോർട്ടേഴ്സിന്റെ നേർ എതിർ വശത്തെ കോർട്ടേഴ്സ് തന്നെ. എന്തോ ഞാനതൊന്നും ശ്രദ്ധിച്ചിരുന്നില്ല. ഒരു ഞായറാഴ്ച വൈകുന്നേരം സവാരിക്കിറങ്ങി. ടൗണിലെ ബുക്ക്സ്റ്റാളിൽ നിന്നും പുതിയ രണ്ടുനോവലും വാങ്ങി തിരിച്ചു.

വരാന്തയോടു ചേർന്നുള്ള ഡ്രോയിംഗ് റൂമിന്റെ ജനൽപാളി തുറന്നിട്ടു കൊണ്ടു ഞാൻ നോവൽ വായന ആരംഭിച്ചു.

സമയം കുറെ കഴിഞ്ഞു. നേരം സന്ധ്യയോടടുക്കുന്നു. ഞാൻ ജനാലയിലൂടെ പുറത്തേക്ക് നോക്കി. മാനേജരുടെ വീട്ടിൽ രണ്ടു സ്ത്രീകൾ നനച്ച തുണികൾ അയയിൽ വിരിക്കുന്നു. ഒന്നു വേലക്കാരിയാണ് എന്ന് മററെ നോട്ടത്തിൽ മനസ്സിലായി. മററെ സ്ത്രീ അദ്ദേഹത്തിന്റെ ഭാര്യയായിരിക്കും. എന്തോ ഞാനവരെത്തന്നെ കുറേനേരം നോക്കിയിരുന്നു.

പിറേറ പ്രഭാതം.........

ഞാൻ ഓഫീസിലേക്കു പോകുവാൻ മുറിപൂട്ടി പുറത്തിറങ്ങി. പെട്ടെന്ന് പുറകിൽ വന്നു ബ്രേക്ക് ചെയ്ത കാറിന്റെ ശബ്ദം കേട്ടുഞാൻ തിരിഞ്ഞുനോക്കി....ഓ....മാനേജരു സാർ ......ഡോറിനുവെളിയിലൂടെ തല ഇട്ട് അദ്ദേഹം എന്നെ വിളിച്ചു.

ഹലോ......മിസ്റ്റർ ഉണ്ണികൃഷ്ണൻ—

"വരു ഞാനും ഓഫീസിലേക്കാണ്. "

കേറിക്കോളൂ. കാറിന്റെ ബാക്ക് ഡോർ തുറന്നുകൊണ്ട് അദ്ദേഹം

## ചിലമ്പൊലി

പറഞ്ഞു. ഞാൻ കാറിലേക്ക നോക്കി ഫ്രണ്ട് സീററിൽ അദ്ദേഹത്തിന്റെ ഭാര്യ ഇരിക്കുന്നു. ഞാൻ കാറിൽ കയറി ഡോർ അടച്ചു. പെട്ടെന്ന് മുൻസീററിലിരുന്ന സ്ത്രീ തിരിഞ്ഞു നോക്കി.

ഞാൻ ഞെട്ടിപ്പോയി. 'കാർ നിർത്തു' .ഞാൻ അലറി.

ഉണ്ണിയേട്ട, എന്നെ മനസ്സിലായില്ലെ ....എന്നെ മനസ്സിലായില്ലെ. ഞാൻ നന്ദിനി...നന്ദിനിക്കുട്ടി.

ഞാൻ ഡോറു തുറന്നു വെളിയിൽ ചാടി അവളും വെളിയിൽ ഇറങ്ങി.

സംഗതി എന്തെന്നറിയാതെ കാറിനുള്ളിൽ മിഴിച്ചിരുന്ന രാജൻചേനോനെ അവരും നോക്കി പറഞ്ഞു.

രാജേട്ടാ...ഇതാണ് എന്റെ ഉണ്ണിയേട്ടൻ ഞാൻ പറയാറുള്ള ഉണ്ണിയേട്ടൻ

എന്റെ ഉണ്ണിയേട്ടാ....എന്നെ ഓർക്കുന്നുണ്ടോ?

എന്റെ തൊണ്ട വരണ്ടു കീറുന്നതായി എനിക്കു് തോന്നി. ഞാനവിടെ നിന്നും തിരിച്ചോടി.

എന്റെ കോർട്ടേഴ്സിലേക്കു്.

വാതിൽ തുറന്നു കട്ടിലിൽ വീണു് ഏങ്ങി ഏങ്ങി ഞാൻ കരഞ്ഞു. പെട്ടെന്നു് ഞാൻ പെട്ടിയിൽ എന്റെ ഡ്രസ്സെല്ലാം അടുക്കിവച്ചു.

പിന്നീടു് എല്ലാം പെട്ടന്നായിരുന്നു.

പെട്ടിയും തൂക്കി ഞാൻ റെയിൽവേ സ്റ്റേഷനിലേക്കോടി..........

"ജീവിതത്തിൽ നിന്നും ജീവിതത്തിലേക്കുള്ള ഒളിച്ചോട്ടം........"

★

# ഒന്നുകൂടി കാണാൻമാത്രം

ജോസ് കെ. സി.

ഫസ്റ്റ് ബി. കോം.

ഡ്രൈവറുടെ കാലു് ബസ്സിന്റെ ആക്സിലേററിൽ അമരുമ്പോൾ എങ്ങനെയെങ്കിലും നാട്ടിൽ എത്തണം എന്ന ചിന്ത എന്റെ മനസ്സിൽ ഉദിച്ചുയർന്നു. അപ്പോൾ എന്റെ മനസ്സിൽ ശവപ്പറമ്പിൽ നില്ക്കുന്ന ആ ശവക്കല്ലറ മാത്രം ആയിരുന്നു. സ്പീഡു വർദ്ധിച്ചു ബസ്സിനുള്ളിലേക്കു് കാററ് ഇരച്ചു കയറി തുടങ്ങി. ബസ്സിന്റെ മൈഡിൽ കീറിയ കുഷ്യനിട്ട സീററിൽ ഇരുന്ന എനിക്കു് ശ്വാസം കഴിക്കാൻ വളരെയധികം പാടുപെടേണ്ടി വന്നു.

---

മരങ്ങളേയും മനുഷ്യനേയും അതിവേഗം പിന്നിലേക്കു് വകഞ്ഞു മാററിക്കൊണ്ടു് ബസ്സ് മുൻപോട്ട് പോയ്ക്കൊണ്ടിരുന്നു. അധികം തിരക്കില്ലാത്ത ബസ്സിൽ നിന്നും കണ്ടക്ടറുടെ സ്വരം ഉയർന്നുകേട്ടു.

ഇനി ടിക്കറെറടുക്കാൻ-ബാക്കി പറഞ്ഞുതീരും മുൻമ്പേ പുറകിലെ സീററിൽ നിന്നും ഒരു പയ്യൻ എഴുന്നേററ് സർ- ഇതു് പടിഞ്ഞാറോട്ട് പോകുന്ന വണ്ടിയല്ലേ.

അടികൊണ്ട പൂച്ചയേപ്പോലെ കണ്ടക്ടർ തലയുയർത്തി ആ പയ്യനെ ഒന്നു് നോക്കി.

ഒര ഭയങ്കര മുഖം. ദേഷ്യം കൊണ്ടോ എന്തോ അയാളുടെ മുഖം ചുവന്നു് തുടുത്തിരുന്നു. ഞാൻ ഒന്നേ നോക്കിയുള്ളു.

ഏതു് പടിഞ്ഞാറു് ഹാസ്യവും ഒപ്പം ദേഷ്യവും കലർന്ന അയാളുടെ ചോദ്യം ആ പയ്യനെ കൂടുതൽ വിഷണ്ണനാക്കി.

എങ്കിലും ഒരുവിധം അവൻ പറഞ്ഞു കൊറച്ചു് പടിഞ്ഞാറാ......

ദേഷ്യത്തിൽ അയാൾ ബല്ല് വലിച്ചടിച്ചു. ഒരുലച്ചിലോടെ വണ്ടിനിന്നു. അങ്ങോട്ടു് എറങ്ങടോ കണ്ടക്ടർമൊഴിഞ്ഞു.

ഇറങ്ങുന്നതിടനിൽ അവൻ പോക്കററിൽ കിടന്ന ടിക്കററ് എടുത്തിട്ടു് സാർ പൈസാ.

**ഏതു് പൈസാ....ങാ അങ്ങു് ബസ്സ്സ്ററാൻറിൽ ചെന്നു് വാങ്ങിക്കോ.**

ഇരുപതാം നൂററാണ്ടിലും ഉണ്ടോ ഈ തരങ്ങൾ. അയാളോടു് വെറുപ്പു തോന്നിയെങ്കിലും ഇതു് കേട്ടപ്പോൾ എനിക്കും ചിരിക്കാതിരിക്കാൻ ക[illegible] ഞ്ഞില്ല. ബസ്സിലിരുന്നവർ ചി[illegible] യടക്കാൻ പാടുപെടുന്നുണ്ടായിരു[illegible] കുറച്ചു് ദൂരം ഓടിയശേഷം വ[illegible] എനിക്കിറങ്ങേണ്ട സ്റേറാപ്പിൽ [illegible] ത്തി. ബ്രീഫ് കെയ്സും തൂക്കി [illegible] ണ്ടിയിൽ നിന്നും ഇറങ്ങി ചുററ[illegible] നോക്കി.

വണ്ടി ദൂരേയ്ക്ക് അകന്നു് [illegible] യപ്പോഴാണു് താൻ അവിടെ എ[illegible] നിറങ്ങി എന്ന ചിന്ത മനസ്സി[illegible] ഉദിച്ചതു്. കാററിന്റെ കൈകളി[illegible] താളം തുള്ളിയ തലമുടി ഞാൻ [illegible] കൊണ്ടു് ഒതുക്കിവച്ചു

ഇപ്പോൾ ഈ സ്ഥലം എത്ര[illegible] വളർന്നിരിക്കുന്നു. എത്രയെത്ര മാ[illegible] ങ്ങൾ ഈ സ്ഥലത്തിനു് സംഭവി[illegible] കഴിഞ്ഞു എല്ലാം ഒരു കടംകഥ [illegible] ലെ ആകെ പതിനഞ്ചുവർഷത്തെ [illegible] വേള മാത്രം.

പൊള്ളുന്ന ചൂടേററു് ടാറിട്ട [illegible] ഡിലൂടെ നടന്നപ്പോൾ വിയർ[illegible] കണങ്ങൾ തുള്ളിച്ചാടി. അവ ക[illegible] ലൂടെ നെഞ്ചിലൂടെ ഒഴുകി.

വല്ലാത്ത ക്ഷീണം. അടുത്തു[illegible] ഒരു കടയിൽ കയറി അല്[illegible] വെള്ളം കുടിക്കാമെന്നു് വിചാ[illegible] ച്ചു.

മുതലാളി അല്പം വെള്ളം. [illegible] യ്യിലുണ്ടായിരുന്ന വീക്കിലികൊ[illegible] വീശി.

തെല്ലും കൂസലില്ലാതെ മുതലാ[illegible] മൊഴിഞ്ഞു പച്ചവെള്ളം ഇല്ലാ.

പിന്നെ എന്തു് വെള്ളമാണിവ[illegible] ടെയുള്ളതു്. കൂൾഡ്രിംഗ്സും, ന[illegible] രങ്ങാവെള്ളവും ഇവിടില്ലാ. ഇവി[illegible] ള്ളതു് മാങ്ങാവെള്ളം മാത്രം.

ചൂടിന്റെ ആധിക്യത്താലും ദാ[illegible]

# 'സ്നേഹം' മഹാന്മാരുടെ ദൃഷ്ടിയിൽ

ഹാരീഷു്. എസു്.

ഒന്നാംവർഷ ബി. കോം.

1 "ഒരു സ്നേഹബന്ധം ഒരിക്കലും നെടുനാൾ നിലനിൽക്കുകയില്ല." (ക്വാറൽസ്)

2 "സ്നേഹം കൊണ്ടു കീഴടക്കുവാൻ കഴിയാത്തതായി— മറ്റൊന്നുമില്ല" (ഷെല്ലി)

3 "സ്നേഹത്തിൻെറ വില കൊടുത്തു തന്നെ വേണം അതിൻെറ കടം വീടാൻ". (ബർണാർഡു് ഷാ)

4 "ഒരാളും നിങ്ങളെ സ്നേഹിക്കുന്നില്ലെങ്കിൽ ഉടനെ— തീർച്ചപ്പെടുത്തുക, അതു് നിങ്ങളുടെ കുറ്റമാണു്."

(രബീന്ദ്രനാഥ്ടാഗോർ)

5 "സ്നേഹത്തെപ്പോലെ പരിപാവനമായ മറ്റൊന്നുമില്ല" (പാസ്കൽ)–

6 "സ്നേഹമാണഖിലസാരമൂഴിയിൽ"

(മഹാകവി ഉള്ളൂർ)

7 "എണ്ണമററ സ്നേഹിതൻമാരേക്കാൾ നല്ലതു് സൽസ്വഭാവിയായ ഒരു സ്നേഹിതനാണു്". (മുഹമ്മദ നബി)

8 "ചന്ദ്രനെപ്പോലെയാണു സ്നേഹം. വലുതാകുവാൻ— കഴിയാത്തപ്പോൾ അതു ചെറുതാകുന്നു."

(സെഗ്ഗൂർ)

ത്തിൻെറ കൊടുമ്പിരിയാലും പോക്കററിലിരുന്ന നടുകീറിയ ഒററ നോട്ടു് പുറത്തേക്കു് തലനീട്ടി. അതു കണ്ടമുതലാളിയുടെ കണ്ണുകൾ വികസിച്ചു അതു് കണ്ടതു് നടിക്കാതെ ഞാൻ അവിടെ നിന്നും ഇറങ്ങി നടന്നു.

ഞാനാ റോഡിലൂടെ നടന്നു. ആ റോഡിൻെറ സൈഡിൽ ഒരുകൂട്ടം ജോലിക്കാർ ജോലി എടുക്കുന്നു. വിയർപ്പിൽ കുളിച്ച ജോലിക്കാർ അവരിൽ നിന്നും പുറത്തുവന്ന ശോകഗാനങ്ങൾ. അതു് അന്തരീക്ഷത്തിലെ പൊടിപടങ്ങളിലേക്കു് ചേർന്നുകൊണ്ടിരുന്നു.

ഒരു കൂട്ടം കിളയ്ക്കുന്നു–മററൊരു-കൂട്ടം മണ്ണ് ചുമക്കുന്നു. അവർക്കിടയിലെ കോൺട്രാക്ടർ ജോലിയുടെ അടുക്കും ചിട്ടയും പറഞ്ഞുകൊണ്ടേയിരുന്നു. മൺവെട്ടി മണ്ണിനോടു് ശൃംഗരിക്കുമ്പോൾ ഉയരുന്ന പൊടിപടലങ്ങൾ അവരുടെ ശരീരത്തിൽ പററിപിടിച്ചിരുന്നു.

കൂടുതൽ നേരം അവിടെ നില്ക്കാൻ എനിക്കു് മനസ്സു് വന്നില്ല. വൈകുന്നേരം വരെ പണിയെടുത്താലും വൈകിക്കഴിഞ്ഞാൽ അവർക്കു് സമാധാനത്തിനു് വകയുണ്ടല്ലോ എന്നു് ഞാൻ ഓർത്തു.

അല്പം ദൂരെ നടന്നില്ലാ. അവിടെ ഒരാൾകൂട്ടം. കൂട്ടത്തിൽ കുറേ പോലീസുകാരും. ഞാൻ അടുത്തു കണ്ട ഒരാളോടു് ചോദിച്ചു. അയാൾ പറഞ്ഞു കോളേജിലെ പിള്ളേർ തല്ലിത്തകർത്തതാണു് ആ കിടക്കുന്ന ബസ്സു്. ഞാൻ കോളേജങ്കണത്തിലേക്കു് നോക്കി. ഓഫീസിൻെറ മുൻമ്പിലും മററും അദ്ധ്യാപകർ എന്തൊക്കെയോ സംസാരിക്കുന്നു.

പഠിക്കാൻ വരുന്നവർക്കു് പഠിച്ചിട്ടു് പോയാൽ പോരെ. രാവിലെ ഉറക്കമിളച്ചു് ചോറും കറിയും വച്ചു് പിള്ളേരെ കോളേജിൽ അയയ്ക്കുമ്പോൾ ആ മാതാപിതാക്കളുടെ മനസ്സിൽ തൻെറ മകൻ പഠിക്കണമെന്ന ചിന്തമാത്രമേ കാണുകയുള്ളു.

എങ്ങോ നിന്നും ധാരധാരയായി ഒഴുകി വരുന്ന പള്ളിമണിയുടെ ഒച്ച. ഞാൻ നിശ്ചലനായി. എൻെറ കൈകാലുകൾ ചലനമററ് നിന്നു ഹൃദയം ശക്തിയായി ഇടിക്കുന്നുണ്ടായിരുന്നു. അതിനൊപ്പം മൈക്കിലൂടെ പ്രവഹിക്കുന്ന ഭക്തിഗാനത്തിൻെറ ഈരടികൾ എന്നെ പിടിച്ചു കുലുക്കി. ഞാനറിയാതെ എൻെറ കണ്ണുകൾ ആ ഭാഗത്തേക്കു് നോക്കി.

കുറച്ചകലെ തലയുയർത്തി നില്ക്കുന്ന പള്ളി. അതിൻെറ മുകളിൽ പ്രഭചൊരിയുന്ന കുരിശ്. അങ്ങോട്ടു് നോക്കാനാവാതെ എൻെറ കണ്ണുകൾ അടഞ്ഞു. മനസ്സു് എന്തൊക്കെയോ മന്ത്രിച്ചു.

എൻെറ മനസ്സിൽ ആ പഴയ കല്ലറ തെളിഞ്ഞുവന്നു. എൻെറ അമ്മ. അവർ ആ കല്ലറയിൽ വിശ്രമിക്കാൻ തുടങ്ങിയിട്ടു് ഇന്നു് വർഷങ്ങൾ അനേകം കൊഴിഞ്ഞു പോയിരിക്കുന്നു. അതിനു്ശേഷം ഇന്നാദ്യമായിട്ടാണു് ഞാനെൻെറ അമ്മയേ കാണാൻ വരുന്നതു്.

താമസമന്യേ എൻെറ കാലുകൾ ആ പള്ളിയേ ലക്ഷ്യമാക്കി നടന്നു. നടക്കും തോറും എൻെറ കാലിനു് സ്പീഡ് കൂടി കൂടിവന്നു. എന്നിലെ ക്ഷീണവും തളർച്ചയും വിട്ടുമാറി. മെല്ലെ പള്ളിമുററത്തു് കയറിയപ്പോൾ അവ ടെയുള്ള ഇരുട്ടിനെ എരിഞ്ഞുകൊണ്ടിരുന്ന നിയോൺ ബൾബുകൾ ഇല്ലാതെയാക്കി,

ഞാൻ വാച്ചിലേക്കു് നോക്കി. സമയം ഏഴ്മണി കഴിഞ്ഞിരിക്കുന്നു ശവപ്പറമ്പിലെ ചില കല്ലറകളുടെ മുൻപിൽ മെഴുകുതിരികൾ കത്തിജ്വലിക്കുന്നു. അവയിൽ നിന്നും ഉരുകിവീണ മെഴുക് അതിനു് ചുററും വീണു് കട്ടപിടിച്ചു കഴിഞ്ഞിരുന്നു.

ഞാൻ യാന്ത്രികമായി അമ്മയുടെ കല്ലറയ്ക്കു് മുൻപിൽ നിന്നു. കൈയ്യിലിരുന്ന മെഴുകുതിരി കത്തിച്ചു വച്ചു. ആ പഴകിയ കല്ലറയ്ക്കു് മുമ്പിൽ നിന്നു ഞാൻ കരഞ്ഞു. എൻെറ ഹൃദയം വിങ്ങിപ്പൊട്ടി ഞാനറിയാതെ എൻെറ നാവു് ഉച്ചരിച്ചു. അമ്മേ. ഇതാ നിങ്ങളുടെ മകൻ വീണ്ടും വന്നിരിക്കുണ്ടു.

വന്നതു് പോലെ ഞാൻ ഇനിയും പോകുന്നു. അതുപോലെ ഞാൻ വീണ്ടുംവരും.

മൗനമായി യാത്രയും പറുഞ്ഞ ഞാൻ ഇറങ്ങി. ബസ്സിൽ എത്രയുംപെട്ടെന്നു് റയിൽവേ സ്റേറഷനിൽ എത്തുക. വളരെ താമസിയാതെ ട്രയിൻ വന്നു. മിനിററുകൾ കഴിഞ്ഞപ്പോൾ നീണ്ട ഒരു സയറൺ മുഴക്കിക്കൊണ്ടു് ട്രയിൻ നീങ്ങി. അതിനൊപ്പം എൻെറ ചിന്തകളും.

*

# ശാരികക്കു്

നെടുമ്പന ലാൽ
11C2

(1)

ശാരികേ,

നീവരു പുലരിയിലൊരു
കുളിർ തെന്നലായാത്മാവി
ലേതോ വേദന തൻ
തീച്ചൂളയുയരുന്നു, നീവരിക-
യതിൽ വീണ വെന്തു-
മരിക്കട്ടെ നാമും പണ്ടെ സർവ്വവും,
ഉയരട്ടെ യോരോ ആത്മാവിലും
അഗ്നിനാളങ്ങളുയരട്ടെ
ഉയരട്ടെ നമുക്കുചുററും.

(2)

ശാരികേ,

ഉച്ചയായി എരിയും
വെയിലത്തലയുന്ന തുമ്പികൾ
നിനക്കിഷ്ടമാണവയെന്നു
കരുതട്ടെ യവയേതോ-
പുനർജന്മം തേടും
വെള്ളാരം കല്ലിൻ മക്കൾ
പോകട്ടെയവ കല്ലണയട്ടെ
നൊളെ നമുക്കങ്ങോട്ടു പോകാം
വള്ളാരം കല്ലിലൊന്നായി മാറും

(3)

പെണ്ണേ,

നീകണ്ടുവോ തെളിമയുള്ള
നീലാകാശം, നിന്നിലൂടെ
ഞാൻ സ്നേഹിച്ച നീലാകാശം
അങ്ങോട്ടുപോകാം നമുക്കു-
യരത്തിൽ പറന്നീടാമമ്പിളി
മേടയിൽ വാവിനുപോകാം
പെണ്ണേ, നീവരികയാത്മാവിൻ-
ഗീതമായൊരു തുമ്പിയായ് വരിക

*

Scanned with OKEN Scanner

# അണുശക്തി ഒരവലോകനം

നൗഷാദ് എച്ച്.
III B. Sc (മാത്തമാററിക്സ്)

മാരകായുധ നിർമ്മാണ രംഗത്തു് ഒന്നാംസ്ഥാനത്തെത്താനുള്ള വൻശക്തികളുടെ അവസാനം കാണാത്ത മത്സരപ്രയത്നം മാനവരാശിയെ ഒരു മഹാപ്രളയത്തിൻെറ വക്കിൽ എത്തിച്ചിരിക്കുന്നു.

മനുഷ്യനിർമ്മിതമായ അളവില്ലാത്ത ക്രൂരതകൾക്കും ദുഃഖങ്ങൾക്കും സാക്ഷ്യംവഹിച്ചിട്ടുള്ള ലോകചരിത്രത്തിൽപോലും 1945 ആഗസ്റ്റ് 6 ഉം 9 ഉം അഭൂതപൂർവമാം വണ്ണം കറുത്തിരുണ്ട ദിവസങ്ങളാണ്. ഇതിലാദ്യത്തെ ദിവസമാണ് ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിലിൻെറ അംഗീകാരത്തോടെ അമേരിക്കൻ ഐക്യനാട് പ്രസിഡൻറ് ഹാരിട്രൂമാൻെറ ഉത്തരവനുസരിച്ച് ജപ്പാനിലെ തുറമുഖ പട്ടണമായ നാഗസാക്കിയിൽ ഒരു അണുബോംബ് വീണ് നിമിഷങ്ങൾക്കകം നഗരമാകെ തകർന്ന് ഭസ്മമായതു്. 140000 മനുഷ്യാത്മക്കൾ വെന്തുനീറി മരിച്ചതും മൂന്നാംനാൾശേഷം തൊട്ടടുത്ത ഹിരോഷിമയിൽ എറിഞ്ഞ അണുബോംബിനു് കണക്കുകൂട്ടിലെ പാകപ്പിഴകൾകൊണ്ടു് 70,000 പേരെ മാത്രമെ ചുട്ടുകൊല്ലാൻ കഴിഞ്ഞുള്ളൂ. അവശേഷിച്ച ജീവിതകാലം മുഴുവൻ ഈ പാകപ്പിഴയെ ഓർത്തു് ഹാരിട്രൂമാൻ വിഷാദിച്ചിരിക്കണം.

മരിച്ചവരുടേതിനേക്കാൾ കഷ്ടമാണ് ഈ ആക്രമണത്തെ അതിജീവിച്ചവരുടെ ദയനീയ കഥ. മരിച്ചവരുടെ ഭാഗ്യാതിരേകത്തെ ഓർത്തു് അസൂയപ്പെടുന്നവരാണ് അതിജീവിച്ച ഭാഗ്യഹീനർ. ശരീരമാകെപൊള്ളി ഒരിഞ്ചു തൊലിപോലും അവശേഷിക്കാതെ ആജീവനാന്തം കഴിഞ്ഞുകൂടേണ്ടിവന്ന പതിനായിരങ്ങൾ ഒരു വക. റേഡിയോപ്രസരം ജീനുകളെപ്പോലും ബാധിക്കുകമൂലം വികലാംഗരായ സന്തതികൾക്ക് ജന്മം നൽകേണ്ടിവന്ന മാതാപിതാക്കൾ മറെറാരുവക. പഞ്ചേന്ദ്രിയങ്ങളിൽ പലതും നഷ്ടപ്പെട്ട് ചത്തതിനൊത്തു് ജീവിക്കേണ്ടിവന്നവർ മൂന്നാമതൊരു വക. ഇത്തരം മഹാദുരന്തങ്ങളുടെ വ്യാപ്തി സാധാരണ മനസ്സുകൾക്ക് ഉൾക്കൊള്ളാനാവില്ല. നാഗസാക്കിയുടേയും ഹിരോഷിമയുടേയും കഥ ഇതാണെങ്കിൽ ഇനിവരാൻ പോകുന്നതോ? നാഗസാക്കിയിലും ഹിരോഷിമയിലും വിക്ഷേപിച്ച രണ്ടു ബോംബുകളിൽ ഓരോന്നിൻെറയും വിസ്ഫോടക ശക്തി 20 കിലോടൺ ടി. എൻ. ടി. ആയിരുന്നു. ഇപ്പോഴത്തെ ഹൈഡ്രജൻ ബോംബുകളുമായിതട്ടിച്ചുനോക്കുമ്പോൾ അവവെറും ഏറുപടക്കങ്ങൾ മാത്രം. അന്ന് അണുബോംബു വിക്ഷേപണം ബോംബർ വിമാനങ്ങളിലൂടെയായിരുന്നു. എന്നാൽ ഇന്ന് J, C. B. M A R P J R. B. P മുതലായ ചുരുക്ക പേരുകളിൽ അറിയപ്പെടുന്ന ഗ്രൗണ്ടുവാഹിനി കളുണ്ടു്. യൂറോപ്പിലും അമേരിക്കയിലും ഉള്ള യുദ്ധതന്ത്രാലയങ്ങളിൽ സുരക്ഷിതരായി ഇരുന്നുകൊണ്ടു് സ്വിച്ച് അമർത്തിയാൽ ഭൂഗോളത്തിൻെറ ഏതു മൂലയിലും മുക്കിലും മരണം വിതറാൻ ഈ മിസൈലുകൾക്കു കഴിയും. അക്ഷരവിദ്യകണ്ടു പിടിച്ചതിനു ശേഷം ഉള്ള 5500 വർഷത്തെ ഭൂഗോളചരിത്രത്തിൽ പല തവണകളിലായി 292 വർഷക്കാലം മാത്രമേ ഈ ഭൂഗോളം സമാധാനം എന്തെന്ന് അറിഞ്ഞിട്ടുള്ളൂ എന്ന് പ്രശസ്തനായ ബെബൽ എന്ന പണ്ഡിതൻ തിട്ടപ്പെടുത്തുന്നു. അവശേഷിച്ച 5,208 വർഷക്കാലത്തു് ചെറുതും വലുതുമായി ആകെ 15000 യുദ്ധങ്ങൾ നടന്നിട്ടുണ്ടു്. ഇവയിൽ പകുതിയിലധികം യൂറോപ്പിലാണ് സംഭവിച്ചതു്. 17-ാം നൂററാണ്ടിൽ മാത്രം നടന്ന യുദ്ധങ്ങളിൽ മൊത്തം 30 ലക്ഷംപേർ മൃതിയടഞ്ഞു. 18-ാം നൂററാണ്ടിൽ 50 ലക്ഷവും 19-ാം നൂററാണ്ടിൽ 60 ലക്ഷവും യുദ്ധത്തിൽ മരിച്ചു. എന്നാൽ ഒന്നാം ലോകമഹായുദ്ധത്തിൽ (1914-18) മാത്രം 100 ലക്ഷം ആയി മരണ സംഖ്യ ഉയർന്നു. രണ്ടാംലോക മഹായുദ്ധത്തിലാകട്ടെ മരണസംഖ്യ നാഗസാക്കിയിലും ഹിരോഷിമയിലും ഉൾപ്പടെ 550 ലക്ഷം ആയി. ഇതിനുമുമ്പും പിമ്പും നടന്ന പ്രാദേശിക യുദ്ധങ്ങളിലും മരിച്ചവരുടെ എണ്ണം ദശലക്ഷക്കണക്കിനേ തിട്ടപ്പെടുത്താനാകൂ! ഇനി മൂന്നാം ലോകമഹായുദ്ധത്തിലേക്കുള്ള നീക്കം തടയാത്ത പക്ഷം ഈ നൂററാണ്ടിൽ അവശേഷിക്കുന്ന 16 വർഷക്കാലത്തു് എന്തൊക്കെയാണ് നടക്കാൻ പോകുന്നതെന്ന് അചിന്ത്യമെങ്കിലും! കണ്ണടയ്ക്കാൻ ധാർമ്മിക ബോധത്തിൻെറ തരിയെങ്കിലും ഉള്ളവർക്ക് കഴിയില്ല.

അണുബോംബ് വിസ്ഫോടനത്തിൻെറ ഈ ദുരന്തപരിണാമത്തിൽ ചിതറിപ്പോയതു് ജപ്പാനിലെ നിരപരാധികളായ രണ്ടുലക്ഷത്തിൽ പരം പൗരജനങ്ങൾ മാത്രമല്ല. നമ്മുടെ നൂററാണ്ടിൻെറ വൈജ്ഞാനിക വിപ്ലവ പ്രശസ്തിക്ക് അടിത്തറയിട്ട ആൽബർട്ട്ഐൻസ്റ്റൻ തൊട്ടുള്ള ഋഷിതുല്യരായ മനുഷ്യസ്നേഹികളുടെ മനസ്സാക്ഷി ഇതോടെ ചിതറിപ്പോയി. 60 ലക്ഷം യഹൂദന്മാരുൾപ്പെടെ അനവധി അനവധി കമ്മ്യൂണിസ്റ്റുകാരേയും, ട്രേഡ് യൂണിയൻ പ്രവർത്തകരേയും പുരോഗമന വാദികളെയും, ശാസ്ത്രസാഹിത്യ പ്രതിഭാശാലികളേയും സാധാരണ ജനങ്ങളേയും മർദ്ദിച്ചും പട്ടിണിക്കിട്ടും വിഷവാതകശാലകളിൽ അടച്ചുപൂട്ടിയും കൊന്നതിന് പുറമെ 550 ലക്ഷംപേരുടെ ജീവഹാനിയ്ക്കിടയാക്കിയ രണ്ടാം ലോകമഹായുദ്ധം തുടങ്ങുകയുംചെയ്തു. നാസി ഫാസിസ്റ്റ് ശക്തികളെ ഉൻമൂലനം ചെയ്യാൻ ഉള്ള അവസാനകൈ, അണുവിസ്ഫോടന ആയുധങ്ങൾ നിർമ്മിക്കാൻ ഐൻസ്റ്റൻപ്രസിഡൻറ് റൂസ്‌വെൽട്ടിനെ പ്രേരിപ്പിച്ചതു്. ഐൻസ്റ്റൻ, റൂതർഫോർഡ്, നെയിൽസ്ബോർ, ലിയോസിലാർഡ്, ജയിംസ് ചാഡ്‌വിക്ക് എൻറിക്കോഫെർമി. റോബർട്ട് ഹെമർ തുടങ്ങി ലോക ചരിത്രം കണ്ടിട്ടുള്ളതിൽവെച്ച് മഹാമതികളായ മനുഷ്യസ്നേഹികളുടെ ആമാനുഷിക പ്രതിഭയും കഠിനാദ്ധ്വാനവുമാണ് അണുബോംബിൻെറയും തുടർന്ന് ഹൈഡ്രജൻബോംബിൻെറയും നിർമ്മാണത്തിന് വഴിവെച്ചതു്. വാസ്തവത്തിൽ ഗുരുതരമായ ഒരു തെററിദ്ധാരണയാണ് ഈ കടുംകൈചെയ്യാൻ അവരെ പ്രേരിപ്പിച്ചതു്. അണുവിസ്ഫോടന വിദ്യകൈവശമുള്ള ജർമ്മൻശാസ്ത്രജ്ഞൻമാർ അണുബോംബ് നിർമ്മിക്കാൻ പോകുന്നു എന്ന വാർത്ത യുദ്ധം ആരംഭിച്ച് രണ്ടുവർഷത്തിനകം അമേരിക്കയിൽ പരന്നു. എന്തും ചെയ്യാൻ മടിയില്ലാത്ത ഹിററ്ലർക്കൂട്ടാളികളുടെ കൈയ്യിൽ ഇത്ര നാരകീയമായ ഒരായുധം വന്നുചേർന്നാൽ ലോകത്തിൻെറ അന്ത്യം പിന്നെ ദൂരത്താവില്ലെന്ന് ഹിററ്ലറുടെ കൊലയറകളിൽ നിന്നും രക്ഷപ്പെട്ട് അമേരിക്കയിൽ അഭയം തേടിയ ഐൻസ്റ്റീനും അതുപോലുള്ള മനുഷ്യസ്നേഹികൾക്കും തോന്നിയതിൽ പിശകില്ല. അവർ ഐൻസ്റ്റീൻെറ നേതൃത്വത്തിൽ പ്രസിഡൻറ് റൂസ്‌വെൽട്ടിനെ ധരിപ്പിക്കുകയും അണുബോംബ് നിർമ്മിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു ആദ്യം സംശയാലുവായ അദ്ദേഹം ഒടുവിൽ നാസിസത്തിൻെറ ക്രൂരത നേരിട്ടനുഭവിച്ച ഈ പ്രതിഭാശാലികളുടെ പ്രേരണക്കു വഴങ്ങി, അവർ അണുബോംബ് നിർമ്മാണം വിജയകരമായി നിർവ്വഹിച്ചു. എന്നാൽജർമ്മൻ കാർക്ക് അണു ബോംബ് നിർമ്മാണ വിദ്യ കരഗതമായിരുന്നില്ലെന്ന് വ്യക്തമായപ്പോഴേക്കും സർവ്വനാശത്തിൻെറ നരകകവാടങ്ങൾ തുറന്നു കഴിഞ്ഞിരുന്നു

# വൃക്ഷസംരക്ഷണത്തിന്റെ ആവശ്യകത


ബിനോദ്ചന്ദ്രൻ സി.

ഒന്നാം വർഷ സസ്യശാസ്ത്ര വിദ്യാർത്ഥി


വൃക്ഷങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒരു വലിയ പങ്ക് വഹിക്കുന്നുണ്ടു്. പക്ഷെ നാം പലപ്പോഴും ഇതെപ്പറ്റി ചിന്തിക്കാറില്ല. വൃക്ഷത്തെപ്പറ്റി പറയുമ്പോൾ നമ്മുക്കു് ആദ്യം ഓർമ്മവരുന്നതു് അതു് നല്കുന്ന തണലാണു്. വൃക്ഷതണലിൽ വിശ്രമിക്കുക എന്ന ഏറെരസകരമാണെന്നു് അനുഭവത്തിൽ നിന്നും മനസ്സിലാക്കാം.

വൃക്ഷങ്ങളിൽ നിന്നും നമുക്കു് ഭക്ഷണയോഗ്യമായ ധാരാളം കായ് കനികൾ ലഭിക്കുന്നു. വൃക്ഷങ്ങൾ തീയെരിക്കാനുള്ള വിറക് നല്കുന്നു. വീട് പണിയുന്നതിനും, വീട്ടുസാമാനങ്ങൾ ഉണ്ടാക്കുന്നതിനും വൃക്ഷങ്ങൾ നമ്മ വളരെയേറെ സഹായിക്കുന്നുണ്ട്. വൃക്ഷങ്ങളാണു് അന്തരീക്ഷത്തിലെ ഓക്സിജന്റെ അളവ് ക്രമപ്പെടുത്തി നിർത്തുന്നതു്. ഈ പ്രക്രിയ ഒന്നുകൊണ്ടു മാത്രം വൃക്ഷങ്ങൾ എല്ലാ ജീവജാലങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു.

മഴപെയ്യുന്നതിൽ വൃക്ഷങ്ങൾ അതിപ്രധാനമായ ഒരു പങ്ക് വഹിക്കുന്നു. അതിനാൽ വൃക്ഷങ്ങളാണു് നമുക്കു് കുടിനീർനല്കുന്നതെന്നു് പറയാവുന്നതാണു്, മണ്ണൊലിപ്പ് തടയുന്നതിലും വൃക്ഷങ്ങൾഒരു പ്രധാന പങ്ക് വഹിക്കുന്നു. ചില വൃക്ഷങ്ങളിൽ നിന്നും വിലയേറിയ മരുന്നുകൾ ഉല്പാദിപ്പിക്കപ്പെടുന്നു. ഇങ്ങനെ വൃക്ഷങ്ങൾ മനുഷ്യജീവിതത്തിന്റെ എല്ലാമേഖലകളുമായും ബന്ധപ്പെട്ടു കിടക്കുന്നു.

വൃക്ഷങ്ങൾ മനുഷ്യനുമാത്രമല്ല പക്ഷികൾക്കും, മൃഗങ്ങൾക്കും വളരെയേറെ പ്രയോജനങ്ങൾ ചെയ്യുന്നു വൃക്ഷശിഖരങ്ങളിൽ പക്ഷികൾ കൂട് കെട്ടി പാർക്കുന്നു. വനങ്ങൾ വന്യമൃഗങ്ങൾക്കു് പാർപ്പിട സൗകര്യം നല്കുന്നു. ഇങ്ങനെ വൃക്ഷങ്ങൾ മനുഷ്യനും, പക്ഷികൾക്കും മൃഗങ്ങൾക്കും ഒഴിച്ചുകൂടാനാവാത്ത ഒരുവസ്തുവായി തീർന്നിരിക്കുന്നു.

വൃക്ഷങ്ങൾ നശിപ്പിക്കുന്നതുകൊണ്ട് മനുഷ്യൻ അവന്റെ ജീവിതം തന്നെയാണു് നശിപ്പിക്കുന്നതു് കാരണം മനുഷ്യനു് വേണ്ട മൂന്നു് പ്രധാന വസ്തുക്കൾ നല്കുന്നതു വൃക്ഷങ്ങളാണു്. ഈ ത്രിമൂർത്തികൾ ആഹാരം, വായു, ജലം എന്നിവയാണു്. ഇവ മൂന്നുമില്ലാതെ മനുഷ്യനു് ജീവിക്കുവാൻ സാദ്ധ്യമല്ല അതിനാൽ വൃക്ഷങ്ങൾ സംരക്ഷിക്കുക എന്നതു് ഈ രാജ്യത്തെ ഒരോ പൗരന്റെയും കടമയാണു്, കർത്തവ്യമാണു്.

---

ഇതാണവസ്ഥയെന്ന് സ്വപ്നേപി പോലും ധരിച്ചിരുന്നെങ്കിൽ ഒരിക്കലും ഞാൻ ഈ മഹാപാവത്തിനു തുനിയുകയില്ലായിരുന്നു എന്ന് ഐൻസ്റ്റൈൻ പിൽക്കാലത്തു് ഹൃദയം പൊട്ടി വിലപിച്ചിട്ടുണ്ട്. അന്നു ബോംബ് നിർമ്മാണം ഉപേക്ഷിക്കണമെന്നും ഉണ്ടാക്കിയതു തന്നെ നശിപ്പിക്കണമെന്നും മനുഷ്യസ്നേഹികളായ ശാസ്ത്രജ്ഞന്മാരും മററുള്ളവരും ആവശ്യപ്പെട്ടു തുടങ്ങിയപ്പോൾ ട്രൂമാന്റെ ചിന്ത, ഹൈഡ്രജൻ ബോംബിന്റെ നിർമ്മാണത്തിലേക്കാണ് തിരിഞ്ഞതു്.

യുദ്ധം അവസാനിച്ചിട്ടും അണ്വായുധങ്ങളും അതേ തുടർന്ന് അതിനേക്കാൾ ഭീകരമായ ഹൈഡ്രജൻ ആയുധങ്ങളും നിർമ്മിക്കാനുള്ള അമേരിക്കൻ തന്ത്രം ലോകസമാധാനത്തെ ലാക്കാക്കിയുള്ള പ്രവർത്തനമല്ലെന്ന് വ്യക്തമായപ്പോൾ ഈ രംഗത്തെ അവരുടെ കുത്തക പൊളിക്കാൻ സോവിയററ്യൂണിയൻ മുന്നോട്ടുവന്നു. 1949-ൽ സോവിയററ്യൂണിയൻ അതിന്റെ ആദ്യത്തെ അണുബോംബ് വിജയകരമായി പരീക്ഷിച്ചതോടെ പടിഞ്ഞാറന്മാർ അങ്കലാപ്പിലായി. 1949 ൽ അണു ബോംബ് കുത്തകതകർത്ത സോവിയററ്യൂണിയന്റെ ഹുങ്കു് അമർത്താൻ 1952-ൽ എഡ്വേർഡ് ടെല്ലർ ഹൈഡ്രജൻ ബോംബും നിർമ്മിച്ചു. തുടർന്ന് 1953-ൽ സോവിയററ് യൂണിയന്റെ ഹൈഡ്രജൻബോംബ് സൈബീരിയൻ മരുഭൂമികളിൽ വിജയകരമായി പരീക്ഷിക്കപ്പെട്ടതോടെ അമേരിക്കയുടെ കുത്തക വീണ്ടുംതകർന്നു. അവസാനം കാണാത്ത ഈ മത്സരപ്പന്തയമാണ് മാനവരാശിയെ ഇന്ന് മഹാവിപ്ളവത്തിന്റെ വക്കിൽകൊണ്ടെത്തിച്ചിരിക്കുന്നതു്.

എന്നാൽ ജീവിതത്തെ സുഖകരമാക്കി മാററുന്ന നൂററുനൂററു മേഖലകളിൽ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ അണുശക്തിക്കു കഴിയും. കാർഷിക രംഗത്തു് തന്നെ അതു കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ അനവധിയാണ്. അണു വിഘടനം നടക്കുമ്പോൾ ബഹിർഗമിക്കുന്ന ഗാമാകിരണങ്ങൾ ഉപയോഗിച്ച് വിത്തുകളിൽ ഉൽപരിവർത്തനം വരുത്താം അത്യുൽപാദനശേഷി; രോഗപ്രതിരോധ ശക്തി തുടങ്ങിയ മെച്ചപ്പെട്ട ഗുണങ്ങൾ ഉള്ള പുതിയ ഇനം വിത്തുകൾ ഉൽപാദിപ്പിക്കപ്പെടുന്നു. ഭക്ഷ്യധാന്യങ്ങളും പച്ചക്കറികളും മററും കൂടുതൽ നാൾ കേടു കൂടാതെ സൂക്ഷിക്കുവാനും ഗാമാരശ്മികൾ സഹായിക്കുന്നു. വ്യാവസായിക രംഗത്തും അഭിമുഖീകരിക്കുന്ന ഒരു ഭീകര പ്രശ്നമാണ് ഇന്ധന ക്ഷാമം. പെട്രോളിന്റെയും കൽക്കരിയുടേയും ഉറവകൾ വററിക്കൊണ്ടിരിക്കുകയാണ്. അണുശക്തി ഉപയോഗിച്ച് വൻതോതിൽ വിദ്യുച്ഛക്തി നിർമ്മിക്കുവാൻ കഴിയും. ഫാക്ടറികളിലും വാഹനങ്ങളിലും മററും പെട്രോളിന്റെയും കൽക്കരിയുടെയും സ്ഥാനം അണുശക്തി കരസ്ഥമാക്കാൻ ഇനി അധികം താമസമില്ല. യന്ത്രങ്ങളുടെ കേടുപാടുകൾ, ട്യൂബുകളിലെ സൂക്ഷ്മസുഷിരങ്ങൾ എന്നിവ കണ്ടുപിടിക്കാൻ ഗാമാരശ്മികൾ ഉപയോഗിക്കുന്നു. ചികിത്സാരംഗത്തു് അണുശക്തി വഹിക്കുന്ന പങ്കു് സ്തുത്യർഹമാണ്. അർബുദരോഗം ചികിത്സിക്കുക, വ്രണങ്ങൾ വലുതാകാതെ സൂക്ഷിക്കുക. അസ്ഥികളിൽ ഉണ്ടാകുന്ന ഒടിവ് ചതവ് എന്നിവ കാണുക തുടങ്ങിയ ആവശ്യങ്ങൾക്ക് ഗാമാരശ്മികൾ ഉപയോഗിക്കുന്നു. ഗവേഷണ രംഗത്തു്, പാറയുടെ പഴക്കം, ഘടന, എന്നിവ നിർണ്ണയിക്കൽ ആഴക്കടൽ മത്സ്യത്തെപ്പററിയുള്ള പഠനം മുതലായവക്കുപയോഗിക്കുന്നു. നൊടിയിടകൊണ്ട് ലോകത്തെ ചോരയും നീരും വററിവരണ്ട ഒരു മരുഭൂമിയാക്കാൻ പോന്ന ശക്തിയാണ് ഒരണുവിൽ അന്തർലീനമായിരിക്കുന്നതു്. ഈ ശക്തിയെ മെരുക്കിയാൽ നാം തെളിക്കുന്ന പാതയിലൂടെ സഞ്ചരിച്ച് ഭൂമിയെ വസന്തഹരിതാഭനിറഞ്ഞ സ്വർഗ്ഗമാക്കിമാററാൻ കഴിയും. അണുശക്തികൊണ്ടുള്ള എത്രയോ പ്രയോജനങ്ങൾ ഇനിയും കണ്ടു പിടിക്കപ്പെടേണ്ടിയിരിക്കുന്നു. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ- സ്വാർത്ഥതല്പരരായ ഭരണാധികാരികൾ അണുശക്തിയുടെ നശീകരണപരമായ കഴിവുകൾക്കാണ് മുൻഗണന നൽകികൊണ്ടിരിക്കുന്നതു്. ഇതു് സങ്കടകരമായ ഒരു വസ്തുതയാണ്. ★

Scanned with OKEN Scanner

# വിടവാങ്ങൽ

കുരീപ്പുഴ നദീറ
II A2

"നിശീഥിനിയുടെ താഴ്‌വാരങ്ങളിൽ
നിശാശലഭങ്ങൾ നാദമുതിർക്കുമ്പോൾ
നീലാകാശത്തിൽ നയനമുടക്കി, ഞാൻ നിന്നു.

മുഗ്ദ പ്രതീക്ഷതൻ മോഹന സ്വപ്നങ്ങൾ
മൂകമായ് നെയ്തൊരെൻ മാനസവീണയിൽ
സ്വരരാഗ ശ്രുതിതൻ തപ്തസ്വരവുമായ് ഒരു
ശാന്ത വീചിയായ് നീ വന്നു.

മധുര സ്മരണകൾ മനസ്സിൽ കുറിച്ചിട്ട്
മായാതെ നിൽക്കുമീ കലാലയ ജീവിതം
ആയിരം മോഹന സ്വപ്നങ്ങൾ
മൊട്ടിട്ട വിടരുമീ കലാലയ വീഥിയിൽ
വിജ്ഞാന ദാഹിയായ് ഞാൻ വന്നു,

ഭാവിതൻ സ്വപ്നങ്ങൾ സാക്ഷാത്കരിക്കു-
വാൻ
അജ്ഞത മാററി വിജ്ഞാനം പകരുവാൻ
പുസ്തകക്കെട്ടുമായ് ഞാൻ വന്നു.

വിജ്ഞാന പ്രഭചൊരിയും കലാലയമേ!
വിദ്യപകർന്നൊരെൻ ഗുരുക്കൻമാരേ!
സ്നേഹത്തിൻ കിരണങ്ങളാൽ
ഹൃദയത്തെ തഴകിയൊരെൻ സതീർത്ഥ്യരെ?

അറിവിൽ പൂക്കൾ വിടരുമീ പൂന്തോപ്പിൽ
അറിവാകും തേൻ നുകരാൻ
അണയും ശലഭങ്ങൾ നാം.

പിരിഞ്ഞു പറക്കുമീ അന്ത്യവേളകളിൽ
നിറഞ്ഞ കണ്ണുകളോടെ വിടവാങ്ങാം."

*

# 'ഭൂമിയുടെ കണ്ണീർപ്പാട്ടുകൾ'

എസ്. എൻ. ഖാൻ

രണ്ടാംവർഷ രസതന്ത്രം ഐച്ഛികം

നമ്മുടെ വയലേലകൾക്കിപ്പോൾ വിനാശകാലമാണ്. ഞാറും ഞാറ്റുപാട്ടും കവിത പകർന്നുതന്ന വയലേലകൾ നികത്തു തൊഴിലാളികളുടെ ആരവമാണിപ്പോൾ. കളിമണ്ണിന് വേണ്ടി കളം കോരിയ വിളനിലങ്ങളാകട്ടെ കണ്ണെത്താപ്പാടകലെ വരെ കണ്ടം കുഴിയും വെള്ളക്കെട്ടുമായി തരിശു കിടക്കുന്നു. ഭക്ഷ്യക്കമ്മി നികത്താൻ അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചു കൊണ്ടിരിക്കുന്ന നാം നെല്ലുല്പാദനം ത്വരിതപ്പെടുത്തുന്നതിന്റെ മാർഗ്ഗങ്ങൾ ആരായാൻ ബാദ്ധ്യസ്ഥരാണെന്നിരിക്കെ കൃഷിയിടങ്ങളുടെ വൻതോതിലുള്ള വിനാശത്തിൽ വിദ്യാർത്ഥികളായ നാം ഉൽകണ്ഠാകുലരാവുക തന്നെ വേണം. നാടിന്റെ സാംസ്കാരിക ജൈവമേഖലകളുമായി കെട്ടുപിണഞ്ഞു കിടക്കുന്ന ഈ പാടശേഖരങ്ങളുടെ ഭാവപ്പകർച്ചയുടെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ചിന്തിക്കേണ്ടിയിരിക്കുന്നു. പൊൻകതിരുകൾ വിളയുന്ന പാടശേഖരങ്ങൾ നികത്തി നാളികേരത്തിന്റെ നിറകുംഭം വിളയിക്കാനുള്ള പ്രവണതയ്ക്കു കാരണം എന്താണ്? താരതമ്യേന കൂടുതൽ സൂക്ഷ്മതയും ശ്രദ്ധയും ആവശ്യമായ നെൽകൃഷി നഷ്ടമാകുകയും നാണ്യ വിളകൾ പ്രതിഫലത്തിന്റെ പ്രലോഭനം പരിചരണത്തിന്റെ പരിമിതിയുമായി നിന്ന് മോഹിപ്പിക്കുകയും ചെയ്യുമ്പോൾ ഭൂവുടമ വിളവു മാററിയിറക്കാൻ പ്രേരിതരാകുന്നു. വരുമാനത്തിന്റേയും ഉല്പാദനച്ചെലവിന്റേയും കണക്കുകൾക്ക് മാററംവരാത്തിടത്തോളം നെൽകൃഷിയോടുള്ള കർഷകരുടെ ഉപേക്ഷാ മനോഭാവത്തിന് അറുതി വരാൻ പോകുന്നില്ല.

നിരയൊപ്പിച്ച് ചെറിയ മൺകൂനകളിൽ ഇലത്തൈകൾ നാട്ടി ക്രമത്തി
വയലപ്പാടെ നികത്തി പുരയിടമാ
മാററുകയാണ് പതിവ്. റോഡരി
ളിലെ പാടങ്ങൾ മുഴുകെ ഈ വി
ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു.
ർപ്പിടങ്ങൾക്ക വേണ്ടിയുള്ള മനുഷ്യ
അലച്ചിലിന് ഒരു എളുപ്പപരിഹാ
മായി കണ്ടെത്തിയിരിക്കുന്നു.
മാറ്റം അപകടകരമാണെന്ന് ആരാ
കാൻ? കുറേയേറെ കച്ചവടക്കണ്ണുള്ളവ
കട്ടെ കുറഞ്ഞവിലയ്ക്കു വയലുകളെടു
നികത്തി വൻതുകയ്ക്കു കൈമാററം ചെ
യ്യുക എന്നതു് ഒരു വൻവ്യാപാരമാ
വികസിപ്പിച്ചിട്ടുണ്ട്. നഗരങ്ങളുടെ
ളർച്ച. കച്ചവട കേന്ദ്രങ്ങളുടെ സാമീ
മററു പല ഘടകങ്ങളും ഈ ഭാവപ്പ
ച്ചയെ ത്വരിതപ്പെടുത്തുന്നു.
നാട്ടിൻ പുറങ്ങളിൽ വേനൽക്കാല
ളിൽ സജീവങ്ങളാകുന്ന ഇഷ്ടികക്ക
ങ്ങൾ ഒരു തൊഴിൽത്തുറ എന്ന നി
യിൽ പ്രധാനം തന്നെ. എന്നാൽ ഇ
മൂലം ഉണ്ടാകുന്ന ഭവിഷ്യത്തുകളോ? ഭൂ
യുടെ വളക്കൂറുള്ള മേൽ മണ്ണിന്റെ
ളികൾ തുരന്നെടുത്ത് കോൺക്രീററ്
നങ്ങൾക്ക വേണ്ട ചുടുകട്ടകൾ എരി
ടുക്കുമ്പോൾ കരിയുന്നത് ഭൂമിയു
വസന്തമാണ്. മനുഷ്യന്റെ സ്വപ
ങ്ങളാണ്. 10 മീ: മീ: മേൽമണ്ണ് ഉ
യിവരണമെങ്കിൽ 100 മുതൽ 400-വ
വർഷങ്ങൾ വേണ്ടി വരുമത്രേ! ഈ ക
ക്കുവച്ചു നോക്കുമ്പോൾ കളം കോരി
രിക്കുന്ന ഹെക്ടർ കണക്കിന് പ്രദേ
ങ്ങൾ എത്ര കോടി വർഷങ്ങളുടെ
മ്പാദ്യമാണ് എന്നന്നേക്കുമായി നഷ്
പ്പെട്ടിരിക്കുന്നത്. ഭൂമിയുടെ ഈ
മ്പാദ്യം ഇനി ഒരിക്കലും നികത്താ
വില്ല, എന്നതാണ് ഏകസത്യം

# കവിത

എം. ബഷീർഖാ

രണ്ടാംവർഷ പ്രീഡിഗ്

പുഞ്ചിരി വിടരും പിഞ്ചധരത്തിൻ
ചെങ്കതിർ ചൊരിയും കതിരേ നിൻ
സപ്തമനോഹര വർണ്ണം ചാർത്തും
ചിത്രപതംഗ ചിറകുകളിൽ

നയന മനോഹരമായ് വിടരും നറു-
മലരിൻ മൃദുല ദലങ്ങളിലും
അനുപമ ചാരുതചാർത്തിലസിക്കും
വനഭൂവിൻ താഴ്‌വരകളും

ഹിമഗിരി ശൃംഗമൊഴുകിയ വെള്ളി-
കുളിർ ചോലകൾ തന്നഴകുകളിൽ
മാന്മിഴിമാരുടെ വടിവിൽ നടയിൽ
കോമള നിർമ്മല വദനത്തിൽ

സായം സന്ധ്യയൊരുക്കിയ രാഗ
വിമോഹന നഭസിനപാരതയിൽ
മൂക നിശീഥങ്ങളിലൊളി ചിന്നും
താരക ജാല കതിരുകളിൽ

കാണുന്നു ഞാൻ കവിതേ നിന്നുടെ
മാദക മോഹന മുകുളങ്ങൾ.

★

# കോളേജ് യൂണിയൻ 1983–84 ഗ്യാലപ്പ്പോൾ റിസൽട്ട്

1. ഇന്നത്തെ രാഷ്ട്രീയ വ്യവസ്ഥിതിയോട്—

(a) യോജിക്കാത്തവർ 1107

(b) ,, യോജിക്കുന്നവർ 336

(c) ,, അഭിപ്രായമില്ലാത്തവർ 49

2. ഇന്നത്തെ വിദ്യാഭ്യാസ വ്യവസ്ഥിതിയോട്–

(a) യോജിക്കാത്തവർ 920

(b) ,, യോജിക്കുന്നവർ 489

(c) ,, അഭിപ്രായമില്ലാത്തവർ 89

3. വിദ്യാഭ്യാസത്തിന് ശേഷം നിങ്ങൾ എന്ത് ചെയ്യാൻ ആഗ്രഹിക്കുന്നു.

(a) ഏതെങ്കിലും ഒരു തൊഴിൽ – 583

(b) കുടുംബമായി ജീവിക്കാൻ – 76

(c) ബിസ്സിനസ്സ് – 40

(d) ജനസേവനം or രാഷ്ട്രീയം – 64

(e) ഡോക്ടർ – 28

(f) സർക്കാർ ജോലിമാത്രം – 12

(g) അദ്ധ്യാപകർ – 8

(h) ഇന്ത്യൻ പ്രസിഡന്റ് – 2

മറ്റുള്ളവർ – 185

A. നിങ്ങൾ ഇഷ്ടപ്പെടുന്ന രാഷ്ട്രീയ നേതാവ്–

(1) ഇന്ദിരാഗാന്ധി – 296

(2) ഇ. എം. എസ്സ് – 166

(3) കെ. കരുണാകരൻ – 109

(4) E. K. നയനാർ – 76

(5) A. K. ആന്റണി – 26

(6) മറ്റുള്ളവർ – 270

(7) അഭിപ്രായമില്ലാത്തവർ – 373

B. നിങ്ങൾ ഇഷ്ടപ്പെടുന്ന സ്പോർട്സ്മാൻ

(1) കപിൽ ദേവ് – 311

(2) ഗവാസ്കർ – 260

(3) പെലെ – 144

(4) P. T. ഉഷ – 126

(5) അലി – 19

(6) M. D. വൽസമ്മ – 14

(7) മറ്റുള്ളവർ – 108

(8) അഭിപ്രായമില്ലാത്തവർ – 338

C. സാഹിത്യകാരൻ

(1) എസ്സ്. കെ. പൊറ്റക്കാട് – 223

(2) വൈക്കം മുഹമ്മദ് ബഷീർ – 162

(3) തകഴി – 41

(4) മുണ്ടശ്ശേരി – 24

(5) കടമ്മനിട്ട – 14

(6) കാനം – 21

(7) വിലാസിനി – 12

(8) മറ്റുള്ളവർ – 336

(9) അഭിപ്രായമില്ലാത്തവർ – 328

D. സിനിമ — 1983

(1) കൂടെവിടെ – 288

(2) മാമാട്ടിക്കുട്ടിയമ്മ – 261

(3) കാറ്റത്തെ കിളിക്കൂട് – 242

(4) എങ്ങനെ നീ മറക്കും – 35

(5) ആട്ടക്കലാശം – 26

(6) മറ്റുള്ളവർ – 176

E. സിനിമാനടൻ

(1) മമ്മൂട്ടി – 419

(2) ഗോപി – 259

(3) പ്രേംനസീർ – 202

(4) ശങ്കർ – 93

(5) കമലാഹാസൻ – 67

(6) മോഹൻലാൽ – 57

(7) മറ്റുള്ളവർ – 125

F. സിനിമാനടി

(1) പൂർണ്ണിമാജയറാം – 230

(2) ജലജ – 224

(3) സുഹാസിനി – 144

(4) മേനക – 169

(5) സീമ – 120

(6) സ്മിത – 46

(7) ശ്രീവിദ്യ – 38

(8) അംബിക – 39

(9) മാധവി – 33

(10) മറ്റുള്ളവർ – 202

5. നിങ്ങൾ ഇഷ്ടപ്പെടുന്നത് പ്രേമവിവാഹമാണോ അതോ വീട്ടുകാർ നടത്തുന്ന വിവാഹമാണോ?

(A) പ്രേമവിവാഹം – 247

(B) വീട്ടുകാർ നടത്തുന്ന വിവാഹം – 879

(C) അഭിപ്രായമില്ലാത്തവർ – 283

Scanned with OKEN Scanner

# നാഷണൽ സർവ്വീസ് സ്ക്കീമിന്റെ വാർഷിക റിപ്പോർട്ട്–82–83

വിദ്യാർത്ഥികളിൽ സേവനോൽസുകതയും, അദ്ധ്വാനശീലവും, ഉത്തരവാദിത്വബോധവും വളർത്തി രാഷ്ട്രപുനർനിർമ്മാണ പ്രവർത്തനങ്ങളിൽ അവരെ സജീവ പങ്കാളികളാക്കാൻ കഴിഞ്ഞ എൻ. എസ്. എസിന്റെ അഭിമാനോജ്ജ്വലമായ ഒരു വർഷത്തെ സംക്ഷിപ്ത റിപ്പോർട്ട് അനല്പമായ സന്തോഷത്തോടെ ഇവിടെ അവതരിപ്പിച്ചു കൊള്ളട്ടെ.

മൂന്നു യൂണിററുകളിലായി 350–ൽ പരം സന്നദ്ധ സേവകരായ വിദ്യാർത്ഥിനീ വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചു കൊണ്ട് 3 വാളണ്ടിയർ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സമാരംഭിച്ച ഈ വർഷത്തെ പ്രവർത്തനങ്ങൾക്കു്, പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ: K. K. അബ്ദുൾഖാദറും, ശ്രീമതി. ബീനാ ബീഗവും കർമ്മസാരഥ്യം നല്കി. ബഹു: പ്രിൻസിപ്പൽ കർമ്മ പരിപാടികൾ ഉൽഘാടനം ചെയ്തു. പരിസരശുചീകരണത്തിന്റെ ഭാഗമായി കോളേജു കാമ്പസിലെ അനാവശ്യ പുൽപ്പടർപ്പുകൾ വെട്ടി വൃത്തിയാക്കുകയും, കോളേജിൽ നിന്നും കരിക്കോടു ബസ്സ്റേറഷൻ വരെയുള്ള റോഡിന്റെ പാർശ്വഭാഗങ്ങൾ വെട്ടി വെടിപ്പാക്കുകയും, മഴവെള്ളം സുഗമമായി ഒഴുകുന്നതിലേയ്ക്കു് വേണ്ട ചാലുകൾ ഉണ്ടാക്കുകയും ചെയ്തു. വൃത്തിഹീനമായിക്കിടന്നിരുന്ന വെയിററിംഗു് ഷെഡ്, യാത്രക്കാരുടെ സൗകര്യാർത്ഥം കഴുകി വൃത്തിയാക്കുകയും സിനിമാ പോസ്ററുകൾ ഇളക്കിമാററി മതിലുകൾ വെള്ള പൂശി ഭംഗിയാക്കുകയും ചെയ്തതു് പരിസരവാസികളായ നാട്ടുകാരിൽ N. S. S. പ്രവർത്തകക്കു് മതിപ്പുളവാക്കാൻ കഴിഞ്ഞു.

## നേതൃത്വ പരിശീലന–ക്യാമ്പ്:

1983 നവംബർ 18 മുതൽ 20 വരെ കൊല്ലം ററി. കെ. എം. എഞ്ചിനിയറിങ്ങ് കോളേജിൽ വെച്ച് നടന്ന നേതൃത്വ പരിശീലന ക്യാമ്പിൽ നമ്മുടെ കോളേജിൽ നിന്നും 12 പ്രതിനിധികൾ പങ്കെടുത്തു. അവിടെ നടന്ന വിജ്ഞാന പ്രദങ്ങളായ പ്രഭാഷണങ്ങളിൽ നിന്നും, ചർച്ചകളിൽ നിന്നും ആർജ്ജിച്ച അനുഭവജ്ഞാനാദികൾ തുടർന്നുള്ള ഒരു വർഷത്തെ പ്രവർത്തനങ്ങൾക്കു് ആക്കവും ആവേശവും പകരാൻ കഴിഞ്ഞു പെരിങ്ങമ്മലഇക്ബാൽ കോളേജിൽ നടന്ന ദശദിന ട്രെയിനിങ് ക്യാമ്പിലും നമ്മുടെ ഒരു പ്രതിനിധി പങ്കെടുക്കുകയുണ്ടായി.

## എൻ. എസ്. എസ്. ദിനം

നവംബർ 28–ാനു രാവിലെ 8 മണി മുതൽ, ശ്രമദാനം, ഡിസ്ട്രിക്ട് T. B. ഓഫീസർ ജോൺ ജേക്കബ്ബു് സംഘവും നേതൃത്വം നല്കിയ മിനി മെഡിക്കൽ ക്യാമ്പ്, ക്വിസ്, പ്രസംഗമൽസരം, ഉപന്യാസമൽസരം ചിത്രരചനാ മൽസരം, ഗാനമേള, നാടകം, തുടങ്ങിയ കലാസാംസ്ക്കാരിക പരിപാടികൾ; തുടർന്നു സർവ്വശ്രീ കുട്ടനാട് ശിവരാമൻനായർ, വി. ഹരിദാസൻ തുടങ്ങിയവർ പങ്കെടുത്ത പൊതു സമ്മേളനം തുടങ്ങിയ സുദീർഘമായ പരിപാടികളോടെ എൻ. എസ് എസ് ദിനം ആഘോഷപൂർവ്വം കൊണ്ടാടാൻ കഴിഞ്ഞു എന്നതു് ഈ കോളേജിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ നാളി
വരെയുള്ള ചരിത്രത്തിലെ അനവ
സുന്ദരമായ ഒരദ്ധ്യായമാണു
ഈ പരിപാടികളുടെ വിജയത്തിന
പരിപൂർണ്ണ ഉത്തരവാദി ബഹ
പ്രിൻസിപ്പലാണെന്നു് അഭിമാ
പൂർവ്വം എടുത്തു പറയാൻ കഴിയ

## ദശദിന ക്യാമ്പു്

1983 ഡിസംബർ 19 മുതൽ
വരെ നടത്തിയ ദശദിന ക്യാമ്പിനെ
ഔപചാരികമായ ഉൽഘാടനം ശ്ര
കായിക്കര നിസാമുദ്ദീൻ (കേര
യൂണി: സിൻഡിക്കേററ് മെമ്പ
നിർവ്വഹിച്ചു. യോഗത്തിൽ ബഹ
പ്രിൻസിപ്പൽ അദ്ധ്യക്ഷ്യം വ
ച്ചു. പ്രോഗ്രാം ഓഫീസർ സ്വാഗ
മോതിയപ്പോൾ വാളിണ്ടിയർ സെക്ര
ട്ടി ശ്രീ. പി. കെ. രാമചന്ദ്രൻ ക
ജ്ഞതയരുളി– കർമ്മപരിപാടിക
ടെ ഭാഗമായ ശ്രമദാനയജ്ഞത്തിന
ഉൽഘാടനം ബഹു: പ്രിൻസിപ്പ
നിർവ്വഹിച്ചതോടെ, ഏറെറടു
ബ്രഹത്തായ കർമ്മപരിപാടികളു
പൂർത്തീകരണത്തിനായി ആവേ
മുൾക്കൊണ്ട് കൊണ്ട് പ്രവർത്തക
രംഗത്തിറങ്ങി. മേക്കോണിൽ ഏ
ദേശം 2 കിലോമിററർ റോഡ് 
വൽ ചെയ്തു ഇരുവശങ്ങളില
ഓടകൾ നിർമ്മിക്കുന്ന ശ്രമകരമാ
പരിപാടിയിൽ ഏർപ്പെട്ട വാളൻ
യർമാർ തങ്ങളുടെ കർമ്മശേഷി തി
ച്ചും പ്രകടമാക്കി– അവശരും നിരാ
ലംബരുമായ ഹരിജനങ്ങൾക്കു് 
എസ്. പി. ടൈപ്പ് ലാട്രീനുകൾനി
മ്മിക്കുന്നതിലേക്കു് വേണ്ട കുഴികെ
ടുത്തതിനുപരി അതിലേക്കു് വേണ
സ്ലാബുകൾ മുഖത്തല ബ്ളോക്കി
നിന്നും കൈവണ്ടിയിലേററി ഉരുക
ഒലിക്കുന്ന വെയിലിനെ തെല്ലു
കൂസാതെ 10 കിലോമീററർ ദൂരത്തു
സ്ഥിതിചെയ്യുന്ന നിശ്ചിത സ്ഥ
ലത്തെത്തിക്കാൻ വാളിണ്ടിയർമാ
കാണിച്ച ശ്രമകരമായ യത്നത്തെ
ഏതു വാക്കുകളിലൂടെ അഭിനന്ദി
ച്ചാലും മതിയാകുകയില്ല.

പരിസര പ്രദേശങ്ങളിലുള്ളകിണ
റുകൾ ക്ലോറിനൈസേഷനിലൂടെ
ശുചീകരിക്കുകയും, കൊല്ലം മണ്ണു
പരിശോധനാ വിഭാഗത്തിന്റെ സഹ
കരണത്തോടു കൂടി ഗ്രാമപ്രദേശങ്ങ
ളിലെ കൃഷിഭൂമികളിലെ മണ്ണു പരി
ശോധിക്കുകയും, പരിശോധനാ ഫല
ത്തിന്റെ അടിസ്ഥാനത്തിൽ മണ്ണിൽ
ചേർക്കേണ്ട വളങ്ങളെപ്പററിയും കൃ
ഷിചെയ്യേണ്ട വിത്തുകളെപ്പററിയും

Scanned with OKEN Scanner

ഗ്രാമീണ ജനങ്ങൾക്കു് അറിവുപകർന്നുകൊടുക്കുകയും ചെയ്തു എന്നതു് എടുത്തു പറയേണ്ട വസ്തുതയാണു്. കണ്ണൻ കോളനി എന്നറിയപ്പെടുന്ന ഹരിജൻ കോളനിയിൽ ഒരു കിലോമീററോളം വരുന്ന ഒരു റോഡ് പുതിയതായി നിർമ്മിച്ചു കൊടുക്കുകയും അതുവഴി അവരുടെ യാത്രാക്ലേശം പരിഹരിക്കുകയും ചെയ്തു.

അദ്ധ്യാന മനോഭാവത്തെ പ്രോൽസാഹിപ്പിക്കുന്ന ഏതാദൃശ പരിപാടികളോടനുബന്ധിച്ച് എല്ലാദിവസവും ഉച്ചയ്ക്കു് ശേഷം സംഘടിപ്പിച്ചതു വിജ്ഞാനപ്രദങ്ങളായ പ്രഭാഷണപരമ്പരയും, ചർച്ചാക്ലാസുകളും വാളണ്ടിയേഴ്സിന്റെ വൈജ്ഞാനിക മേഖലകളെ വികസ്വരങ്ങളാക്കുന്നവയായിരുന്നു- എല്ലാ ക്ലാസുകളും ശ്രോതാക്കളെക്കൊണ്ടു് നിറഞ്ഞു് തുളുമ്പിയിരുന്നു എന്നതു് മുമ്പെങ്ങും കണ്ടിട്ടില്ലാത്ത ഒരു പ്രത്യേകതയായിരുന്നു – ക്യാമ്പംഗങ്ങൾക്കായി സംഘടിപ്പിക്കപ്പെട്ട തൊഴിൽ പരിശീലന ക്ലാസുകളിൽ, കുട്ടനെയ്ത്തും ബുക്കു് ബൈയ്ന്റിംഗ്, പായനെയ്ത്തും എന്നിവയിൽ വിദഗ്ദ്ധ പരിശീലനം നല്കുകയുണ്ടായി.

കലാപരമായ കഴിവുകളെ ഉന്നിദ്രമാക്കാൻ പര്യാപ്തമായ വേദി തന്നെയായിരുന്നു ക്യാമ്പിലെ കൾച്ചറൽ പ്രോഗ്രാമുകൾ.

## സൗജന്യ വൈദ്യ പരിശോധനാ ക്യാമ്പ്

ചികിൽസാ രംഗത്തു് വിദഗ്ദ്ധരും പ്രഗൽഭരുമായ ഡോക്ടർമാരെ അണിനിരത്തിക്കൊണ്ടു് സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് എല്ലാവരുടേയും അഭിനന്ദനം പിടിച്ചുപററി. Dr. P. T. ചെറിയാൻ M. D. (supt of Medical Specialist-Dist. Hospital- QLN) മെഡിക്കൽ ക്യാമ്പിന്റെ ഉൽഘാടനം നിർവ്വഹിച്ചു. 800-ൽ പരം രോഗികൾ സൗജന്യ വൈദ്യ പരിശോധനയ്ക്കു് വിധേയരായി–വോളന്റിയേഴ്സ് ശേഖരിച്ച മരുന്നുകൾ രോഗികൾക്കു് സൗജന്യമായി വിതരണം ചെയ്തു. ഏതു അത്യാവശ്യ ഘട്ടത്തിലും രക്തദാനം നടത്തുന്നതിനു് 150-ൽ പരം വാളണ്ടിയേഴ്സിന്റെ രക്തഗ്രൂപ്പ് നിർണ്ണയം നടത്തി ലിസ്ററ് തയ്യാറാക്കുകയും ആവശ്യമെന്നു കണ്ടാൽ ആശുപത്രിയിലെത്തി രക്തം നൽകാൻ വേണ്ടസംവിധാനമുണ്ടാക്കുകയും ചെയ്തു. ഹൃദയ ശസ്ത്രക്രിയയ്ക്കു് വിധേയയായ ഒരു രോഗിക്കു്, മരണത്തോട് മുഖാമുഖം കണ്ടിരുന്ന സന്ദർഭത്തിൽ നമ്മുടെ നാല് വാളണ്ടിയേഴ്സ് രക്തദാനം നല്കി ആ രോഗിയെ മരണത്തിൽ നിന്നും കരകയററിയ സംഗതി നമ്മുടെ കലാലയത്തിലെ NSS ന്റെ ചരിത്രത്തിലെ അഭിമാനാർഹമായ ഒരു സംഭവമാണു്. അക്കൂട്ടത്തിൽ ഹരിജന ബാലികയായ തുളസിയുടേയും.............. നാമധേയങ്ങൾ പ്രത്യേകം സ്മർത്തവ്യമാണു്.

## സമാപന സമ്മേളനം

പത്തു ദിവസം നീണ്ടുനിന്ന ക്യാമ്പിന്റെ സമാപന സമ്മേളനം ഉൽഘാടനം ചെയ്തതു് പോലീസ് സൂപ്രണ്ട് ശ്രീ. രാജീവൻ I P. S. ആയിരുന്നു. യോഗത്തിൽ ബഹു. പ്രിൻസിപ്പൽ അദ്ധ്യക്ഷ്യം വഹിച്ചു. എഞ്ചിനീയറിങ് കോളേജു പ്രിൻസിപ്പൽ ശ്രീ. പി. ഒ. ജെ. ലബ്ബ, പ്രോഗ്രാം–കോ ഓർഡിനേററർ ശ്രീ സാലിഹു എന്നിവർ പ്രസംഗിച്ചു യോഗാനന്തരം നടന്ന ക്യാമ്പിനെക്കുറിച്ചുളള വിലയിരുത്തൽ സജീവവും ഭാവിയിലേക്കു് വെളിച്ചം പകരുന്നതുമായിരുന്നു.

## റിപ്പബ്ളിക് ദിനാഘോഷം

റിപ്പബ്ളിക് ദിനത്തിൽ എൻ. എസ്. എസ്. പ്രവർത്തകരെ മൂന്നു ഗ്രൂപ്പുകളാക്കിത്തിരിച്ചാണു് കർമ്മരംഗത്തിറക്കിയതു്. ആദ്യഗ്രൂപ്പ് കോളേജും പരിസരവും വൃത്തിയാക്കുന്നതിൽ ഒരുങ്ങിനിന്നു. രണ്ടാമത്തെ ഗ്രൂപ്പ് കരിക്കോട് മീൻമാർക്കററും പരിസരവും ശുചിയാക്കുന്നതിൽ വ്യാപൃതരായപ്പോൾ മൂന്നാമത്തെ ഗ്രൂപ്പു കൊല്ലം ട്രാൻസ്പോർട്ട് ബസ്സ്സ്ററാൻഡും, ബസ്സുകളും കഴുകി വെടിപ്പാക്കുന്നതിൽ മുഴുകി. ബഹുജനങ്ങളുടെ അഭിനന്ദനവും ശ്രദ്ധയും പിടിച്ചുപററിയ ഒരു പരിപാടിയായിരുന്നു ഇതു്.

കർമ്മകുശലരും സേവനോൽസുകരുമായ എൻ. എസ്. എസ് വാളണ്ടിയേഴ്സിന്റെ സർഗ്ഗ ശക്തിയെ പരിപോഷിപ്പിക്കാനുതകത്തക്കവണ്ണം "സേവനം" എന്ന പേരിൽ ഒരു കൈ എഴുത്തു് മാഗസിൻ കൂടി പ്രകാശനം ചെയ്യാൻ കഴിഞ്ഞു എന്നതു് പ്രത്യേകം പ്രസ്താവ്യമാണു്–

ഞങ്ങളുടെ പ്രവർത്തനങ്ങൾക്കു് വേണ്ട നിർദ്ദേശങ്ങളും ഒണാശംസകളും നൽകി അനുഗ്രഹിച്ച ബഹു: പ്രിൻസിപ്പലിനും, നേർവഴിക്കു് നയിച്ച് ഞങ്ങളിൽആവേശവും ഉണർവും പകർന്നു തന്ന പ്രോഗ്രാം–ഓഫീസർമാർക്കും സർവ്വോപരി ഞങ്ങളോടൊത്തു സുഹൃത്തുക്കളെപ്പോലെ കഴിയുകയും, മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയും ചെയ്ത അദ്ധ്യാപകാനദ്ധ്യാപകർക്കും, ജനപ്രതിനിധികൾക്കും കൃതജ്ഞതാമുകുളിതമായ ഹൃദയം മാത്രം അർപ്പിച്ച് കൊണ്ട് ഈ റിപ്പോർട്ട് സന്തോഷപൂർവ്വം സമർപ്പിച്ചു കൊളളുന്നു.



**സെക്രട്ടറി**

**നാഷണൽ സർവ്വീസ് സ്കീം യൂണിററ്**

Scanned with OKEN Scanner

# കോമേഴ്സ് സ്റ്റുഡൻസ് ഫോറം യൂണിററിൻെറ പ്രഥമ വാർഷിക റിപ്പോർട്ട് 1983-84

പുരോഗതിയുടെ പന്ഥാവിൽ കോമേഴ്സിൻെറ സ്ഥാനം അത്യുന്നതമാണല്ലോ. വിദ്യാത്ഥികളിലൂടെ പൊതുജനങ്ങളിൽ വിജ്ഞാനം പകരുകയും കോമേഴ്സ് ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ വിപുലപ്പെടുത്തുകയുമാണ്. കോമേഴ്സ് സ്റ്റുഡൻസ്ഫോറം കൊണ്ട് ഉദ്ദേശിക്കുന്നത്.

ടി. കെ. എം. കോളേജ് ഓഫ് ആർട്ട്സ് ആൻറ് സയൻസിലെ കോമേഴ്സ് സ്റ്റുഡൻസ് ഫോറത്തിൻെറ പ്രവർത്തനം സവിനയം പ്രതിപാദിക്കുകയാണ് ഞാനിവിടെ.

13-12-1983-ൽ ഈ സ്ഥാപനത്തിലെ കോമേഴ്സ് സ്റ്റുഡൻസ് സമ്മേളിച്ച് പ്രസിഡൻറായി ഹരിപ്രസാദ് III B. Com സെക്രട്ടറിയായി അഷറഫ്കുട്ടി II. B.Com ട്രഷററായി രാജേന്ദ്രൻ I· B.Com വിദ്യാർത്ഥിനി പ്രതിനിധിയായി ഉഷാദേവി II.B.Com-നെയും തെരെഞ്ഞെടുത്തു. സർവ്വശ്രീ നിസാർ II. M.Com കേരളായൂണിവേഴ്സിററി കോമേഴ്സ് സ്റ്റുഡൻസ് ഫോറം പ്രസിഡൻറായി തെരെഞ്ഞെടുക്കപ്പെട്ടത് ഈ കോളേജിൻെറ യൂണിററിന് ഒരഭിമാനമാണ്. കേരളാ യൂണിവേഴ്സിററിയുടെ കീഴിലുള്ള എല്ലാ കോളേജുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 1984 ജനുവരി 21-ാം തീയതി ഒരു സെമിനാറും കൺവൻഷനും എസ്. എൻ. കോളേജിൽ വച്ച് നടത്തുകയുണ്ടായി. ടി. കെ. എം. കോളേജിലെ കോമേഴ്സ് സ്റ്റുഡൻസ് ഫോറം യൂണിററ് അംഗങ്ങളിൽ നല്ലൊരു ഭാഗം അതിൽ സജീവമായി പങ്കെടുക്കുകയും കോമേഴ്സ്കാരുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. തുടർന്ന് 1984 മാർച്ച്മാസം 27-ാം തീയതി പ്രിൻസിപ്പലിൻെറയും പ്രൊഫസറുടെയും സഹകരണത്തോടെ കോമേഴ്സഡേയും സെമിനാറും സംഘടിപ്പിച്ചു. അതിനോടനുബന്ധിച്ച നടന്ന വെള്ളവസ്ത്രധരിച്ച ശാന്ത സുന്ദരമായ റാലി അഭിമാനിക്കത്തക്കതായിരുന്നു. പ്രസ്തുത സെമിനാറിൽ കേരളായൂണിവേഴ്സിററി കോമേഴ്സ് സ്റ്റുഡൻസ് ഫോറം പ്രസിഡൻറ് നിസാർ (II· M. Com) സ്വാഗതം പറയുകയും ബഹു; പ്രൊഫസർ മേജർ ബഷീർകണ്ണ് (ഡിപ്പാർട്ട്മെൻറ് ഹെഡ്) അദ്ധ്യക്ഷം വഹിക്കുകയും ബഹു; പ്രിൻസിപ്പൽ എസ്. എം. സൈനുല്ലാബ്ദീൻ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. കോഴഞ്ചേരി കോളേജ് പ്രൊഫസർ ബഹു: മാത്യൂസിവർഗ്ഗീസ് കോമേഴ്സ് സ്റ്റുഡൻസ് ഫോറത്തിൻെറ നേട്ടത്തെയും, കോമേഴ്സ് വിദ്യാർത്ഥികളുടെ ആവശ്യകതകളെയും കുറിച്ച് വിജ്ഞാനപ്രദമായ പ്രസംഗം നടത്തി. സർവ്വശ്രീ പത്മകുമാർ (മനേജർസ്റ്റേററ് ബാങ്ക്ഓഫ് ഇന്ത്യ) സർവ്വശ്രീ വിജയരാഘവൻ (പ്രൊഡക്ഷൻ മാനേജർ ലക്ഷ്മീസ്റ്റാർച്ച് ഫാക്ടറി) എന്നിവരും പ്രസംഗങ്ങളിലൂടെ അറിവ് പകർന്നു തന്നു. കോമേഴ്സ് വിദ്യാത്ഥി പ്രതിനിധികളായ സർവശ്രീ ഷറഫുദ്ദീൻ I M. Co!n ഹരിപ്രസാദ് III B. Com എന്നിവരും സെമിനാറിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചു; പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും യൂണിററ് സെക്രട്ടറി സവ്വശ്രീ അഷറഫ്കുട്ടി II B. Com കൃതജ്ഞത രേഖപ്പെടുത്തി.

വിജ്ഞാനദായകമായ ഇത്തരം പരിപാടികൾ വരും വർഷങ്ങളിൽ പൂർവ്വാധികം ഭംഗിയായി നടത്തുവാൻ ആശംസകൾ നേർന്നുകൊണ്ട് ചുരുക്കട്ടെ!

എന്നു

കോമേഴ്സ് സ്റ്റുഡൻസ് ഫോറം യൂണിററി

സെക്രട്ടറി

**എം. അഷറഫ്കുട്ടി**

II. B. Com

## National Service Scheme



Dr. P. T. ചെറിയാൻ M. D.

മെഡിക്കൽ ക്യാമ്പ്

ഉൽഘാടനം

Free Medical Camp





Scanned with OKEN Scanner



എൻ. എസ്. എസ്.

സമാപന സമ്മേളനം

സ്വാഗതം പ്രൊഫസർ

കെ. കെ. അബ്ദുൽഖാദർ

പ്രോഗ്രാം ഓഫീസർ



അദ്ധ്യക്ഷ പ്രസംഗം

പ്രിൻസിപ്പാൾ



വി. എൻ. രാജീവൻ. I. P. S.

Scanned with OKEN Scanner



ഉൽഘാടനം

കായിക്കര നിസാമുദീൻ



Free Medical Camp



Scanned with OKEN Scanner

വാളണ്ടിയർ സെക്രട്ടറിമാർ



രാമചന്ദ്രൻ



ജാഫറുദ്ദീൻ



ബിസാർ



ബസ്സ്റ്റാൻറ ശുചീകരണം





റോഡ് നിർമ്മാണം ഉദ്ഘാ

പ്രിൻസിപ്പാൾ

## വിദ്യാർത്ഥികൾ

## സേവന പഥത്തിൽ



ശുചീകരണ പ്രവർത്തനം



ബുക്കുബയന്റിംഗ് പരിശീലനം



പായ നെയ്ത്തു പരിശീലനം



റോഡ് നിർമ്മാണം



Inaguraton of the Adult

Education Ccentre

Principal



ബഹുജന വിദ്യഭ്യാസ കേന്ദ്രങ്ങളു

ടെ ഉൽഘാടന സമ്മേളനത്തിൽ പ്രശ

സ്ത പിന്നണി ഗായകൻ മാർക്കോസ്



സാലിഹു

പ്രോഗ്രാം കോ ഓർഡിനേററർ

Scanned with OKEN Scanner

# A Glimpses On The Sikh Power

SUJA S. MENON,
II P.D.C. D2 Alwaye

The founder of the sikh religion was Guru Nanak (1469-1938). The Sikh movement originally began as part of the general religious revival which took place in India in the 15th and 16th centuries. Guru Nanak who founded the religion, interested only in the purgation of Hindu religion and reformation of Hindu society and not in any political agitation that we have seen today. Like the other great leaders of the Bhakti Cult; he preached the worship of the one God, condemned idol worship and ritualism, and opposed the caste system. He called his followers 'Sikhs' or 'Disciples' and his faith came to be called 'Sikhism'. He laid stress on a life of moral purity. He forbade the use of wine and tobacco by his followers and also condemned 'Sati'. His successors were possessed great organising ability and were stout and able leaders. Nanak nominated Augad, one of his disciples as his successor.

Guru Augad who adapted from Sanskrit the "Gurumukhi Script" which is used by the Sikhs. The third Guru Amardas composed several hymns. The fourth Guru Ramdas founded Amritsar which grew into the central place of pilgrimage for the Sikhs. Guru Arjun, the fifth guru. strengthened the foundations of the Sikh religion by organising its finances and compiling the 'Granth Sahib', which is the sacred book of the sikh religion. Thus under the successor of Gurunanak the Sikh movement began to take definite shape and the Sikhs under their Guru became a strong factor in the social and political life of Punjab. Guru Arjun was accused by Jahangir of complicity in Khusru's rebellion; and subsequently executed on the order of the emperor. This incident had a great role in roundling the later history of the Panjab. Before the execution of Guru Arjun the Sikhs were a peaceful sect of peasants, but the Mughal policy of the religious persecution compelled them to take up arms in self-defence. Har Govind the sixth Guru, made relevant alterations in the character of the Guruship. He encouraged the spirit of adventure and fostered and developed the war like qualities of the Sikhs. His followers were then after used of arms, horses and other warlike equipments.

The mode of living of the Guru also under went a great change. The Guru was no longer a mere religious leader but he was to be the political leader of the community as well. He came to be called the 'Sachcha padsha' and his assembly 'Durbar'. Har Govid also organised a little army of his own as a measure of self defence He called upon his followers to take up arms and defend their religion against the attacks of their enemies. He was, infact, the first Guru who entered upon a military career and at the time of his death the peaceful Sikhs sect was already becoming a military order. After Jahangir the Sikh power suffered persecution at the hands of Aurangazeb. Aurangazeb who executed Thghbahadur, the ninth Guru of the Sikh religion was an epoch making event in the history of the Sikhs. From this time onwards the Sikhs became the most uncompromising enemies of the Mughal empire and of the Muslim religion, and there began overtguile between the forces of Islam and Sikhism.

On Teghbahadur's demise his famous son Guru Govind Singh became the Guru. He was determined ro avenge the wrongs done to his father and his community into a strong military power in order to perish Mughal rule. He also introduced certain social reforms in order to develop a sense of common brotherhood among the Sikhs. All Sikhs were to add the title 'Sngh' to their names. The brotherhood thus organised was called the 'Khalsa'. He asked his followers to look upon the 'Granth Sahib' as their Guru after his demise, and he refused to appoint any successor to himself. The Sikhs under Guru Govind Singh fought against their enemies with a crusading spirit. Guru Govind, the tenth and the last of the Gurus, was murdered, but at that time the Sikhs had already become a great military power. After him Banda Bahadur continued to lead the struggle of the Sikhs against the Mughals. But he was defeated in 1716 and killed by the Sayyid brothers. The rising spirit of the Khalsa could not however be crushed. At the time

Scanned with OKEN Scanner

# Romantic Poet Wordsworth

R. UNNIKRISHNAN UNNITHAN

III B. Sc Chemistry

---

of the invasion of Nadirshah, the Sikhs took full advantage of the political situation in Punjab and consolidated their power. The Sikh occupied Lahore in 1764 and controlled all the territory between the Jhelum and the Chenab. About a dozen of the pivot Sikhs chieftains desected the Central Punjab among themselves. All of them were defeated by Ranjit Singh before the close of the first quarter of the ninenth century, a single and compact Sikh State was founded in Punjab. This Kingdom was later on annexed to their Indian empire by the British after the Anglo–Sikh wars.

Although that were the history of Sikh power in Punjab what happened recently is of vital importance is a community once safe guarded our nation, now under the influence of certain wretched neighbouring countries became a mere toy for their axe to grind is too deplorable and unfortunate. Their holy sanctum sanctrum of the Golden Temple was heaped with lethal weapons to fought against their own mother country, could not be pardoned After the independence, India was bifurcated into India and Pakistan demarked the prestige of India. Such type of conspirators again trying to devide from India a Khalistan. This is nothing but only the conspiracy of certain neighbouring countries like Pakistan.

---

It is an interesting fact that the life of the greatest romantic poet of the nineteenth century was most prosaic, quiet, and uneventful. William Wordsworth, the second son of John Wordsworth attorney-at-law, and law agent to Sir James Loether, afterwards Earl of Lonsdale, was bone on April 7th, 1770, at Cockermouth, in Cumberland, the heart of the Lake District, proverbial for its beauty. He spent his youth in the midst of hills and lakes : the Derwent, "fairest of all rivers", on which Cockermouth stands, blended its murmurs with his nurse's lullabies giving him.

"A foretaste, a dim earnest,
of the calm
That Nature breathes
among the hills and groves".

His mother died in 1778. She had been most anxious about William's future life, because he was "of a stiff, moody and violent temper". The poet mentions two instances to indicate his temper. Once he went up into the attics of his grandfather's house at Penrith, because he thought he was unfairly treated; and there he wanted to destroy himself, but his heart failed. The second incident is thus narrated by himself: "Upon another occasion, while I was at my grandfather's house at Penrith, along with my eldest brother, Richard, we were wipping tops together in the large drawing-room, on which the carpet was only laid down upon particular occasions. The walls were hung round with family pictures, and I said to my brother, 'Dare you strike your whip through that old lady's petticoat?' He replied, 'No I won't', Then', said I, 'here goes' and I struck my lash through her hooped petticoat, for which, no doubt, though I have forgotten it, I was properly punished. But, possibly from some want of judgement in punishments inflicted, I had become perve and obstinate in defying cha isement, and rather proud of than otherwise". The widow father never recovered his u cheerfulness of mind after death of his wife and survi her only five years.

William's early educat was guided by his mother father. His father had a lik for poetry and asked his son memorise some selections fr some of the greatest of Engl poets–Spenser, Shakespea and Milton. At Penrith, his g ndfather's place, he was sent Mrs Birkett's school. It is in resting to note that his cou Mary Hutchinson, his future w fe, was one of his schoolfe ows. In 1778, after the death his mother, William was sent boarding school at Hawkeshe. As there was no accommoda on for residence in the scho house, the boys were board out with dames either in the c ttages at Hawkeshead or in t adjoining villages. Wordswo h's 'dame' treated him very ndly and allowed him 'to ran at will those pastures'. He w left free to read whatever boo he liked. Fielding's works, D Quixote, Gil Blas, Gulliver's avels and the Tale of a Tub w re some of his favourite book But the most important part his education came from h contact with Nature. His be lessons were learnt out doors: on moonlight nights o Esthwaite Lake, in hunting t raven's eggs an mountain crag in skating on statlit night Nature was his best teache 'The elements of feeling and o thought' were purified, and pai and fear were sanctified, till a last he came to recognise.

"A grandeur in the beatings of the heart".

It was thus that his keen sence of sight and sound was developed, and his poetic imagination was nursed undevolved

Scanned with OKEN Scanner

It was also at Hawkeshead that Wordsworth learnt to love the common, humble folk who live close to Nature. He was attracted by their natural, simple, and artless lives. But as yet "Man subordinate to Nature in his affections". Thus at Hawkeshead, his soul had "fair seed-time".

In October 1787, in his 18th year, he entered St. John's College as an undergraduate. But the conventional life of Cambridge, the formal instruction there, the discipline of the College, and the authority of the Professors stood in striking contrast to the freedom and rustic independence of his school days. And there came upon him.

"A feeling that I was not for that hour
Nor for that place".

He spent his time in idleness and "unprofitable talk", "And yet", he says, "this was a gladsome time", He felt that he was treading holy ground; his imagination was stirred. From his pillow he could behold the marble statue of Newton.

'with his prism and silent face,
The marble index of a mind for ever
Voyaging through strange seas of thought, alone'.

He 'laughed with Chaucer in the hawthorn shade, beside the pleasant Mill of Trompington', and 'heard him, while birds were warbling, tell his tales of amorous passion'. He called 'Sweet Spenser' 'Brother, Englishman, and Friend'. He saw in imagination Milton.

'with his rosy cheeks
Angelical, keen eye, courages look,
And conscious step of purity and pride',

and paid him the strange compliment of drinking to his memory

'till pride
And gratitude grew dizzy in a brain
Never excited by the fumes of wine
Before that hour, or since',

He spent his first summer vacation at Kawkeshead. His 'old dame' received him kindly and perused him 'with a parent's pride'. He visited the old familiar cottages and gardens and renewed his acquaintance with the neighbours. It was during this visit to Hawkeshead that he felt himself 'a dedicated spirit'. He did not make any vows, but vows were then made for him.

He returned to Cambridge in October, 1788. He read a great deal though without any regular plan Like Milton he entertained a holy ambition.

'That I might leave
Some monument behind me which pure hearts
Should reverence'.

He did not care every much for the study of the classics, but Geometry and meditated on the relation that the mathematical abstractions 'bear to Nature's laws'. He also had semi-melancholy moods 'that loved a pensive sky, and days, piping wonds'.

The second sumer vacation Worksworth spend in excursions in Derbyshire and Yorkshire. His sister Dorathy and his cousin Mary Hutchinson joined him. They visited Brougham Castle which Wordsworth afterwards celebrated in the Song at the Feast of Brougham Castle. He finished during this vacation the poem called An Evening walk

Then followed a period of restlessness and gloom. England declared war against France much to the shame and anger of Wordsworth He rejoiced he tells us, when Englishmen in their thousands were overthrown and put to shameful flight on the battle-fields. But France also proved unfaithful to its great mission. At first he glozed over the abusesof the newborn Republic as the inevitable concomitants of newborn freedom. But when the sporadic abuses settled down into a Reign of Terror, and when terrible crimes were committed on a large scale and systematically in the name of liberty, Wordsworth's moral nature received a great shock. He lost faith in God and Man. He spent some three years of restlessness wrestling with doubt. It was at this critical moment in his life that his sister Dorothy came to his help.

'She gave me eyes, she have me ears,
And humble cares, and delicate tears;
A heart, the fountain of sweet tears;
And love, and thought, and joy."

In 1793 Wordsworth published the powms which he had written during his cambridge years-An evening walk and Descriptive sketches.

A second edition of the Lyrical Ballads was published in two volumes. In the preface to this edition Wordsworth condemns the theory of 'poetic Diction' prevalent before his time and explains his own poetic principles. His Goslar poems were included in this edition. The second Earl of Lonsdale paid the sumborrowed by his father, together with interest. This amounted to lb. 25, 000 and Wordsworth got lb. 8, 500 as his share. On Monday, October 4, 1802, Wordsworth was married to Mary Hutchinson.

The nature of his love for Mary Hutchinson was quite characteristic of the man. It was no wild or romantic passion that he entertained, but a quiet affection that deepened with the yesrs. The gods approve, as he tells us in Loadamia, the depth and not the tumult of the soul. But his wooing was rather strange: in fact there was no wooing at all. We are told that Dorothy

had to write his love letters! Dorothy had to accompany the couple on their honeymoon.

The next thirty-eight years of his love were quite uneventful. He says: 'After our marriage we dwelt, together with our sister, at Town-end, where three of our children were born. In the spring of 1808, the increase of our family caused us to remove to a large house, then just built, Allan Bank, in the same vale; where our two younger children were born, and who died at the Rectory, the house we afterwards occupied for two years. They died in 1812, and in 1813 we came to Rydal Mount where we have since lived with no further sorrow till 1836, when my sister became a confirmed invalid, and our Sarah Hu'chinson died'.

In 1805 a great sorrow befell Wordsworth His brother John, a man of gentle and philosophic temper (he had earned the nickname 'the philosopher'), who was greatly loved by the poet, died. His death set the poet seriously to reflect on death and immortality. It also inspired Elegiac Varses. Many of the qualities of the 'Happy Warrior, Wordsworth tells us, he found in his brother John.

